
ശ്രീ ചട്ടമ്പിസ്വാമികളുടെ ലഘുകൃതികൾ



ശ്രീ ചട്ടമ്പിസ്വാമികളുടെ ലഘുകൃതികൾ

E-book Published By
http://hinduebooks.blogspot.com
January 2011

ഉള്ളടക്കം

പ്രപഞ്ചത്തിൽ സ്ത്രീപുരുഷന്മാർക്കുള്ള സ്ഥാനം

മൂലപ്രകൃതിയും ബ്രഹ്മചൈതന്യവുമത്രേ, സകല ചരാചരങ്ങളുടെയും മാതാപിതാക്കന്മാർ ആയിരിക്കുന്നത്. ബ്രഹ്മസാന്നിദ്ധ്യം കൊണ്ടു മൂലപ്രകൃതി ചേഷ്ടിച്ചു നിത്യ പരമാണുക്കൾ തമ്മിൽ സംയോഗ വിശ്ലേഷങ്ങളുണ്ടായി സൃഷ്ടി സ്ഥിതി സംഹാരങ്ങൾ സകലതും നിറവേറ്റിപ്പോകുന്നു. പ്രപഞ്ചനിർമാണം ബ്രഹ്മപ്രകൃതികളുടെ സംയോഗം നിമിത്തമാണു എന്നതു "അ"കാരരൂപണം കൊണ്ടു നമുക്കു മനസ്സിലാക്കാം. 'അ'കാരം ബ്രഹ്മമൂലപ്രകൃതി (ശിവശക്തി)കളുടെ സംയോഗം കൊണ്ടുണ്ടായ ശബ്ദമായിട്ടാണു കൽപ്പിച്ചിരിക്കുന്നതു. എന്തുകൊണ്ടെന്നാൽ, പിന്നീടു വ്യവഹാരോചിതമായുണ്ടാ യിട്ടുള്ള സകല ശബ്ദപ്രപഞ്ചവും, വാക്പ്രപഞ്ചവും, ഭാഷാ പ്രപഞ്ചവും ആ ആദ്യഅകാരത്തിൽ നിന്നുണ്ടായതാണ്. മിക്ക ഭാഷകളിലും ഈ അകാരം എഴുതുന്നതിൽ ഈ തത്ത്വം അടക്കിയിട്ടുണ്ട്. ഈ അക്ഷരം എഴുതുന്ന ചിഹ്നം ആകെ ഒന്നായിരുന്നാലും അതിൽ മേൽപങ്ക്, കീഴ്പങ്ക് എന്നു രണ്ട് ഭാഗങ്ങളുണ്ട്. മേൽ പങ്ക് ബ്രഹ്മത്തെ അതായത് പുല്ലിംഗത്തെ കുറിക്കുന്നതും, കീഴ്പങ്ക് മൂലപ്രകൃതി അതായത് സ്ത്രീലിംഗത്തെ കുറിക്കുന്നതുമാകുന്നു. ഈ രണ്ട് പങ്കും വെവ്വേറെ ഇരിക്കുന്ന അവസരത്തിൽ അവയ്ക്ക് ഈ ലിംഗവ്യത്യാസമോ വാക്യവാചകപ്രപഞ്ചം സൃഷ്ടിക്കാനുള്ള ശക്തിയോ ഇല്ല. അവയുടെ സംയോഗത്തിൽ മാത്രമേ ഓരോ പൂർണ്ണ ശബ്ദവും അക്ഷരവുമായ് ചേർന്ന് മറ്റ് ശബ്ദങ്ങളെ ജനിപ്പിച്ചും അവയോടു ചേറ്ന്നും ഭാഷാപ്രപഞ്ചം ഉണ്ടാകുന്നുള്ളു. കാലക്രമത്തിൽ ഈ ആദ്യഅകാരത്തിൽ അടങ്ങിയിരിക്കുന്ന ഇപ്പറഞ്ഞ തത്ത്വം മറച്ചു വച്ചു. അതിനുള്ള

കാരണമെന്തെന്നാൽ ഓരോ ഭാഷയും പ്രൗഢാവസ്ഥയിൽ എത്തിയതിന്റെ ശേഷം അതിന്റെ യഥാർത്ഥ മർമസ്ഥാനം ഗോപ്യമായിവയ്ക്കേണ്ടതായും, അതറിഞ്ഞിട്ടു കേവലം കാര്യങ്ങളിൽ പ്രയോജനമില്ലാത്തത് ആയും വന്നുചേർന്നു എന്നുള്ള സംഗതിയാണ്.

സകല ഭാഷാപ്രപഞ്ചങ്ങൾക്കും ശിവശക്തിസൂചകമായ ആദ്യ അകാരത്തിന്റെ മേൽപങ്കും കീഴ്പങ്കും ആണും പെണ്ണു മായിരിക്കുന്നതു പോലെ എല്ലാ ജീവജാലങ്ങളുടെയും സൃഷ്ടി സ്ഥിതിസംഹാര കർത്താക്കന്മാരായ മാതാപിതാക്കൾ ആണും പെണ്ണുമാണ്. ഇവരുടെ സംയോഗത്തിൽ ജീവ ജലങ്ങൾ വർദ്ധിക്കുകയും, ഐകമത്യത്തിൽ നില നിൽക്കുകയും വിശ്ലേഷത്തിൽ പ്രജാവർദ്ധന ഇല്ലാതിരിക്കുകയും ഭിന്നമതിയിൽ സമുദായനാശം നേരിടുകയും ചെയ്യുന്നു. ബ്രഹ്മസാന്നിദ്ധ്യം കൂടാതെ മൂലപ്രകൃതിക്കു ചേഷ്ടിക്കുവാൻ ശക്തിയില്ല എന്നതു നോക്കുമ്പോൾ സർവ്വ പ്രാധാന്യം ബ്രഹ്മത്തിനു തന്നെനൽകാം. എങ്കിലും ബ്രഹ്മസാന്നിദ്ധ്യ പ്രകടനത്തിനിടം അനുവദിച്ച്, സൃഷ്ടിസ്ഥിതി സംഹാരങ്ങൾ നടത്തുന്നതു മൂലപ്രകൃതിയുടെ ചേഷ്ടാവിലാസം കൊണ്ടാകയാൽ ലോകദൃഷ്ട്യാ പ്രകൃതിക്കു പ്രാഥമ്യം നൽകേണ്ടതായിരിക്കുന്നു. മൂലപ്രകൃതിയെ പ്രപഞ്ച സൃഷ്ടിക്കു പ്രേരിപ്പിക്കുന്നത് ബ്രഹ്മചൈതന്യമാണന്നു പറഞ്ഞു വല്ലോ. എന്നാൽ ആ പ്രകൃതിസൃഷ്ടങ്ങളായ വസ്തുക്കൾ ബ്രഹ്മത്തിനു ലേശമെങ്കിലും അനുഭൂതിക്കും അവകാശത്തിനും ഉതകുന്നതോ അവയിൽ ബ്രഹ്മത്തിനു ഒരു തൽപരതയും അഭിമാനവും ഉള്ളതോ അല്ലാത്തതും ആകുന്നു. സകലവും പ്രകൃതിക്കും അവളുടെ സന്താനങ്ങൾക്കും അനുഭവത്തിനുള്ള താണ്. അതുപോലെ പുരുഷന്റെ സ്ഥിതിയും, പ്രയത്നവും തൽഫലവും ഒന്നും തനിക്കുള്ളതല്ല, എല്ലാം സ്ത്രീയ്ക്കും

അവളുടെ സന്താനങ്ങൾക്കും ഉള്ളതാണ്. പരമാർത്ഥത്തിൽ പുരുഷനും സ്ത്രീയും അന്യോന്യം ആശ്രയിക്കാതെ കഴിവില്ലങ്കിലും പുരുഷന്റേതു സ്ത്രീയെ അപേക്ഷിച്ചുനോക്കുക യാണങ്കിൽ, ഒരു ഉദാസീനന്റെ നില മാത്രമാണ്. ബ്രഹ്മ സാന്നിദ്ധ്യം മാത്രം കൊണ്ട് സർവ്വപ്രപഞ്ച രചനയ്ക്കും ആ മൂലശക്തിയെ ശക്തമാക്കിത്തീർക്കുന്നതു പോലെ പുരുഷൻ സ്ത്രീയ്ക്കു വശംവദനായി നിന്ന് ഓരോ ശരീരപ്രപഞ്ചത്തെ സൃഷ്ടിച്ച് സംസാരചക്രം പ്രവർത്തിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്. അവൻ പ്രസവാദിയായ ക്ലേശങ്ങളും, ഗൃഹഭരണാദി കൃത്യഭാരങ്ങളും ഇല്ലാത്തവനും, അവന്റെ ശരീരനിർമാണം അവയ്ക്കു പറ്റാത്തതും ആണ്. കാര്യപ്രപഞ്ചത്തിൽ, പുരുഷനേക്കൾ അധികം ക്ലേശവും ബുദ്ധിമുട്ടും, ഉത്തര വാദിത്വവും സ്ത്രീയ്ക്കാകയാലും, സമുദായ വൃദ്ധിക്ഷയങ്ങൾക്ക് സ്ത്രീയുടെ കാര്യഭരണം വാസ്തവത്തിൽ ഹേതുവായിരിക്ക കൊണ്ടും അവൾക്കാണ് രണ്ടിലും പ്രാധാന്യമുള്ളത്. ഏതു പാഴ്വേല ചെയ്തും കാടുകയറിയും, നാടോടിയും, തെണ്ടിതിരിഞ്ഞും സ്വന്തം കടമ നിർവഹിച്ചു സ്വജനപരിരക്ഷ ചെയ്യേണ്ടതിനത്രേ പുരുഷന്മാരെ സൃഷ്ടിച്ചിരി ക്കുന്നത്. എന്നാൽ സ്വഗൃഹങ്ങളിൽ ഇരുന്നു ഇച്ഛാമാത്രശക്തി യാലും സാമർത്ഥ്യംകൊണ്ടും അവരവർക്കു വിഹിതമായിട്ടുള്ള കാര്യഭരണം ചെയ്ത് ധർമ്മനിഷ്ഠകൊണ്ടു സ്വഗൃഹപരിസരം മുതൽ ഭൂമിയൊട്ടുക്കു അജ്ഞാതശക്തിയിൽ പെടുത്തി ഭരിയ്ക്കത്തക്കവണ്ണം നിപുണതയും അധികാരവും അവകാശ വും സ്ത്രീയ്ക്കാണു കൊടുത്തിരിക്കുന്നത്. പുരുഷന്റെ സാക്ഷിത്വസഹായത്തിൽ സ്ത്രീ സർവ്വതന്ത്രസ്വതന്ത്രയായ ത്രൈലോക്യനായികയും ആണ്. അല്ലാതെ മൂഢമതികൾ

പറകയും ആചരിക്കുകയും ചെയ്യും വണ്ണം **"ന സ്ത്രീ സ്വാന്ത്ര്യമർഹതി"**[1] എന്നു കൽപ്പിച്ച് കൂട്ടിലിട്ട കിളിയെപ്പോലെ അവളെ അജ്ഞയും, അസ്വതന്ത്രയുമായ അടിമയായും, കേവലം പുത്രോൽപാദനത്തിനുള്ള ഒരു യന്ത്രമായും കരുതുകയും, പുരുഷൻ എന്തു തോന്ന്യാസവും കാണിക്കാമെന്നുള്ള ഗർവോടുകൂടി സകല കാര്യങ്ങളും ശരിയായി ഭരിക്കാൻ തനിക്കേ കെൽപ്പുള്ളു എന്നു ശഠിക്കയും ചെയ്യുന്നതു തെറ്റും, ന്യായത്തിനും ധർമത്തിനും കാര്യത്തിനും ഏറ്റവും വിരുദ്ധവും ആകുന്നു. ഇതിന്റെ അർത്ഥം ഇപ്പോൾ ഉദ്യോഗാദി രാജ്യഭരണകാര്യങ്ങൾ ചെയ്തുവരുന്ന പുരുഷന്മാർ സ്ത്രീകൾക്ക് ഇടം ഒഴിഞ്ഞു കൊടുത്ത് ഗൃഹത്തിൽ ചെന്ന് ശിശുക്കളെ പോറ്റിവളർത്തണമെന്നോ, ഗൃഹത്തിലിരുന്നു അന്യാദൃശമായ സ്വയംഭരണ ശക്തി ലോകമൊട്ടുക്കു വ്യാപിപ്പിക്കേണ്ട സ്ത്രീകൾഗൃഹം വിട്ടു കെട്ടിഞെളിഞ്ഞു രാജ്യകാര്യാദികൾ നടത്തുകയോ സഭ കൂടി പ്രസംഗങ്ങൾ തട്ടി മൂളിക്കുകയോ ചെയ്യണമെന്നല്ല. അവരുടെ ഗൃഹം ഒരു ചെറിയലോകമായും, അതിലെ അംഗങ്ങളെ ഭൂതലവാസികളായും ഉപമിക്കാം. ആ ഗൃഹത്തിൽ തന്റെ കൃത്യം അറിഞ്ഞു ധർമിഷ്ഠയായി കാര്യഭരണം നടത്തി അവിടെയുള്ള സകല പരിപുഷ്ടിക്കും ക്ഷേമത്തിനും കാരണമായിത്തീരുന്ന നായികയാണു ലോകൈകചക്രവർത്തിനി. അങ്ങിനെ എല്ലാകാര്യവും ഇരുന്നിടത്തിരുന്ന് നടത്തുവാൻ ശേഷിയും, അധികാരവും അവകാശവും സ്ത്രീയ്ക്കുണ്ടായിരിക്കയാലും അതിനുവേണ്ട ഉപകരണങ്ങൾ സജ്ജമാക്കുന്നതിലേയ്ക്കു പുരുഷൻ കടപ്പെട്ടവനായിരിക്കയാലും, സ്ത്രീയ്ക്ക് തന്റെ വിധിവിഹിതമായിരിക്കുന്നതു ഉത്തമധർമ്മം നടത്തുവാൻ വേഷമണിഞ്ഞു പുറപ്പെടു

[1] സ്ത്രീ സ്വാതന്ത്ര്യം അർഹിക്കുന്നില്ല (മനുസ്മൃതി 9.3)

കയോ അതിനായി തനിക്കു സ്വതേ സ്ത്രീയാകനിമിത്തം പ്രകൃതി കൽപ്പിച്ചിരിക്കുന്നതിലധികം കായക്ലേശവും മനക്ലേശവും അനുഭവിക്കുകയോ ചെയ്യേണ്ട ആവശ്യം ഒട്ടും തന്നെ ഇല്ല.

ഉത്തരവാദിത്വം ഏറുംതോറും അധികാരവും ഏറും എന്നത് പരമാർത്ഥമാണ്. മനുഷ്യലോകത്തു ഉത്തരവാദിത്വം പുരുഷനേക്കാൾ സ്ത്രീയ്ക്കാണുള്ളതെന്നതെക്കാലവും അഭേദ്യമായ ഒരു സിദ്ധാന്തപക്ഷം തന്നെ. കരുണാകണിയണുവും തീണ്ടാത്തവനും, സ്ത്രീകൾ, ഭാര്യ, ദൗഹൃദിനി, മാതാ എന്ന ഓരോതാവളങ്ങളിൽ സഹിച്ചുപോരുന്ന ബഹുവിധക്ലേശങ്ങളെപ്പറ്റി ശാന്തമായി അവലോകനം ചെയ്താൽ അവന്റെ ഉള്ളമുരുകി, ആ അത്ഭുതസൃഷ്ടിയുടെ പാദാരവിന്ദങ്ങളിൽ നമസ്കരിക്ക തന്നെ ചെയ്യും. സഹനശക്തിക്കും കരുതലിനും ലോകോത്തരമായ ഉദാഹരണങ്ങൾ ഈ പ്രപഞ്ചത്തിൽ ജീവലോകം ആകമാനം പരിശോധിച്ചാലും സ്ത്രീനിന്ദകന്മാരും തന്മൂലം നിർഘൃണന്മാരും കൃതഘ്നന്മാരുമായ പുരുഷപുരീഷങ്ങൾ പോലും സ്ത്രീകൾ തന്നെയെന്നേ പറയു. വിചാരണ ബുദ്ധിയും, കൃതജ്ഞതയുമുള്ള പുരുഷൻ അല്പനേരം അവന്റെ മനം ഒന്നു നിർത്തി ആലോചിക്കട്ടെ. നോക്കുക, അവരുടെ ദുരന്തമായ ദുഃഖങ്ങളും ഉത്തരവാദിത്വബഹുലങ്ങളും, ആഹോ! മായവിലാസം! ഈ വന്ദ്യഗാത്രികൾ ഇതെല്ലാം ആർക്കുവേണ്ടി എന്തിനായി അനുഭവിക്കുന്നു. പുരുഷന്റെ കൃതജ്ഞതയും ഒന്നും അവർ ആവശ്യപ്പെടുകയുമില്ല. അവ എത്ര നിസ്സാരങ്ങൾ! പത്തു മാസം വയറ്റിൽ കഷ്ടപ്പെട്ടു ഭേസി, ദുർവാര [2] വേദനയനുഭവിച്ചു പ്രസവിച്ചുണ്ടാകുന്ന പ്രജ എത്രതന്നെ വികൃതവും വിരൂപവുമായിരുന്നാലും അതിന്റെ അമ്മ അതിന്റെ മലമൂത്രാദി

[2] ദുർവ്വാരം – തടുക്കാനാവത്തത്

കളിൽ സ്വയം ആറാടിത്താലോലിച്ച് തീറ്റികൊടുത്ത് വളർത്തിപ്പോരുന്നു. താൻ അംഗവികലനും രോഗിയും സകലകാര്യത്തിനും പരാശ്രയം തന്നെ ശരണമായിട്ടുള്ളവനും ആയിരുന്നിട്ടു കൂടി എത്രയെന്നില്ലാതെ ബുദ്ധിമുട്ടിപ്പോറ്റുന്ന തള്ളയെപ്പറ്റി നന്ദിയോടെ സ്മരിക്കുന്നതിനു പകരം, തന്നാലാവുന്ന ദ്രോഹവും, ശല്യവും ചെയ്തുവരുന്ന പുത്രങ്കൽ കൂടി സദാസമയവും യാതൊരു പ്രത്യുപകാരമോ, ആകാംക്ഷ യോ കൂടാതെ അകളകങ്ക കരുണയോടെ അവർ നന്നായി വരണേ സൗഖ്യമായിരിക്കണേ എന്നുള്ള വിചാരത്തോടുകൂടി പ്രവർത്തിക്കുന്ന മാതാവിന്റെ മഹിമ മറ്റാർക്കുകിട്ടും? പിന്നെ, സ്വശരീരരക്ഷയക്കു യതൊന്നും കൊണ്ടുവരാതെയും അവനവന്റെ ബാല്യദശയിൽ സ്വേച്ഛയായി കൈകാലുകൾ കൂടി അനക്കുവാൻ വയ്യാതെയും നിലവിളിക്കുവാൻ അല്ലാതെ മറ്റു യാതൊന്നിനും ത്രാണിയില്ലാതിരിക്കുന്ന അവസരം മുതൽ പ്രാണാന്തത്തോളം പുത്രക്ഷേമം അന്വേഷിച്ചു വർത്തിക്കുന്ന മാതൃസ്നേഹശക്തിക്കു തുല്യമായ ശക്തി ലോകത്തിൽ മറ്റുയാതൊന്നിനുമില്ല. മക്കളുണ്ടായാൽ പ്രായം വരുന്നതു വരേയ്ക്കു മാത്രമേ മാതൃശുശ്രൂഷ ആവശ്യമുള്ളുവെന്നും അതുവരേയ്ക്ക് മാത്രമേ അതു നില നിൽക്കുന്നുള്ളുവെന്നും അത്രത്തോലം ശുശ്രൂഷിക്കേണ്ടത് അവരുടെ കടമയാണന്നല്ലാതെ തങ്ങൾക്ക് യാതൊരു ബാദ്ധ്യതയുമില്ലന്നും ശഠിയ്ക്കുന്ന പരിഷ്ക്കാരികളുണ്ട്.

ഈ കൃതഘ്നന്മാരോട് അവരെ ഈ ലോകത്തിലേയ്ക്ക് ആർ വിളിച്ചിട്ടാണു വന്നത് എന്നും ഇത്ര പരമദുഷ്ടന്മാരെയല്ല ക്ഷണിച്ചിരുന്നതെന്നും പറയുകയല്ലാതെ ഗത്യന്തരമില്ല. ബാല്യത്തിലുള്ള മാതൃശുശ്രൂഷ കഴിഞ്ഞിട്ടും പിന്നെയും മരണം വരെ മാതാവു തന്നെയാണു സകലശ്രേയസ്സിനും ഹേതുവേന്നുള്ളതും

വാസ്തവമാണ്. കാലം കൊണ്ടും പ്രായപൂർത്തികൊണ്ടും അവയവപൂർത്തികൊണ്ടും വികാരഭേദങ്ങൾ കൊണ്ടും ബാല്യാൽപരം മാതാവിനു കുട്ടികളെ ശുശ്രൂഷിക്കാൻ തരമില്ലാതെ വരുമ്പോൾ മാതാവ് അവരെ വിവാഹദിക്രിയകൾ ചെയ്ത് ഒരു സ്ത്രീയെ ഭരമേൽപ്പിക്കുന്നു എന്നിരിക്കിലും അവൻ സദാ സമയവും എന്തു ചെയ്യുന്നോ അവനു സുഖം തന്നയോ എന്നും മറ്റുമുള്ള ചിന്താവ്യാപാരങ്ങൾ മാതാവിന്റെ മനസ്സിൽ നിന്നു വിട്ടു പിരിയുന്നില്ല. അവരുടെ അനുഗ്രഹസൂചകവും അൻപുചൊരിയുന്നതുമായ ആ വിചാരം തന്നെയാണു പിന്നീട് മക്കൾക്ക് ശ്രേയസ്സിനു കാരണമായി തീരുന്നതു. ''ഇച്ഛാമാത്രം പ്രഭോഃ സൃഷ്ടി'' ഇച്ഛാ മാത്രം കൊണ്ടു ഭഗവാൻ എല്ലാം സൃഷ്ടിക്കുന്നു എന്ന പോലെ അമ്മയുടെ അനുഗ്രഹം കൊണ്ടുതന്നെ മക്കളും പ്രപഞ്ചത്തിൽ പുലരുന്നു. ഇങ്ങനെ നോക്കുമ്പോൾ പുരുഷനെ ഒരു കാലത്തു ജനിപ്പിച്ച സാക്ഷാൽ അമ്മയും, പിന്നൊരു കാലത്തു തൽക്കാലം ഭാര്യയായിരുന്ന്, താൻ പുത്രീരൂപേണ ജനിക്കുവാൻ ഇടയാക്കുന്നതും ജീവാവസാനം താനൊരുമിച്ചിരിക്കുന്നതുമായ അമ്മയും ആണ്, സകല കാര്യവും അന്വേഷിച്ച് നടത്തു ന്നതെന്നു തെളിയും. ഇങ്ങിനെ ലോകദൃഷ്ട്യാ നോക്കുമ്പോൾ, പുരുഷനേക്കാൾ ഉത്തരവാദിത്വവും തന്മൂല അധികാരവും സ്ത്രീയ്ക്കാണെന്നതിൽ രണ്ടു പക്ഷമില്ല എന്നു തന്നെപറയാം. അതുകൊണ്ടു നമ്മുടെ മാതാപിതാക്കളത്രേ സർവ്വവും ഭരിക്കുന്നത് എന്നതിന് സംശയമില്ല എന്നു പറയുമ്പോൾ സാമുദായികമായി സർവ്വപ്രാധാന്യവും സ്ത്രീക്കാണ് എന്നു വരുന്നു. ശരിയായിട്ടുള്ളതും ഇതു തന്നെ.

കാര്യം ഇങ്ങനെയാണങ്കിലും പുരുഷന്റെ അധികാര വലിപ്പവും ഗർവും കൊണ്ട് അയാളെ '''ഭർത്താവ്''' എന്നും

സ്ത്രീയെ "അബല" എന്നുവച്ച് ഭാര്യ ഭരിക്കപ്പെടുവാൻ യോഗ്യ എന്നും വിളിക്കുന്നുവല്ലോ. ഇതിൽ അനല്പമായ അനൗചിത്യം സ്ഫുരിക്കുന്നു എന്നു പറഞ്ഞേ തീരൂ. സ്ത്രീ തനിക്കുള്ള യഥാർഥമായ അധികാരബലത്തെപ്പറ്റി സ്വതസിദ്ധമായ വിനയ പ്രഭാവം കൊണ്ടും പുരുഷനെപ്പോലെ ഒച്ച പൊങ്ങിക്കുവാൻ ഭാവിച്ചില്ല എന്നതാണു പുരുഷന്റെ ഈ അർത്ഥമില്ലാത്ത മുഷ്കിനും ഈ നാമധേയത്തിനും ഇടയാക്കിയത്. പൗരാണിക ന്മാരും മറ്റഭിജ്ഞന്മാരും പ്രഥമസ്ഥാനം സ്ത്രീയ്ക്കാണു കൊടു ത്തിട്ടുള്ളത്. യഥാർത്ഥ ത്തിൽ സ്ത്രീയെ ഭർത്തി രക്ഷതി ഭരിക്കുന്നവൾ എന്നാണു പറയേണ്ടത്. മൂല പ്രകൃതിയുടെ സൃഷ്ടിസ്ഥിതിസംഹാരി ചേഷ്ടകൾക്ക് സാക്ഷിമാത്രമായും ആയതുകളുടെ അനുഭവ ത്തിൽ യാതൊരു പങ്കുമില്ലാ തെയും,നിർവ്വികാരമായും ഇരിക്കുന്ന ബ്രഹ്മത്തിന്റെ അവസ്ഥ പോലെയത്രേ പുരുഷന്റെ സ്ഥിതിയും. അപ്പോൾ സ്ത്രീയ്ക്കു അവളുടെ ഏതവസ്ഥയിലും ഭാര്യാ[3] എന്നു നാമം കല്പിച്ചിരിക്കു ന്നത് വെറും മൗഢ്യമൂലകമാണു എന്നു തെളിയും എന്തെന്നാൽ അവൾക്ക് ഭാര്യാപദം ഗർഭധാരണം വരെയേ ശോഭിക്കുന്നുള്ളു. പിന്നീട് അവൾ ഭർത്താവിനെ പുത്രനായി ജനിപ്പിക്കുന്ന ജനയിത്രി ജായ[4] തന്നെയായി. വാസ്തവത്തിൽ ഭർത്താവുതന്നെ പുത്രരൂപേണ ജനിക്കുക നിമിത്തം ഭാര്യക്കു ജായ, അമ്മ എന്നു പേർ അന്വർത്ഥമായിരിക്കുന്നു. നോക്കുക! ഇതു പുരുഷന്റെ വിക്രിയകൾക്കുള്ള ഒരുദാഹരണമായി കരുതാം. ഇപ്രകൃതം ഇവിടെ നിൽക്കട്ടെ.

ജനിപ്പിച്ച അമ്മയും പ്രകാരാന്തരേണയുള്ള അമ്മയും എന്നു രണ്ടു പേരുള്ളതിൽ സർവ്വോൽകൃഷ്ടസ്ഥാനം, ജനിപ്പിച്ച

[3] ഭരിക്കപ്പെടേണ്ടവൾ

[4] ജായ യാതൊരുവളിൽ ഭർത്താവ് പുത്രനായി ജനിക്കുന്നുവൊ അവൾ

അമ്മയ്ക്കു തന്നെയെന്നതു വാദമറ്റ സംഗതിയാണ്. എന്തെന്നാൽ, ഒരുവനേയും അവന്റെ സഹോദരീസഹോദര ന്മാരെയും ഒരമ്മയ്ക്കേ ജനിപ്പിക്കാൻ സാധിക്കുകയുള്ളു. പ്രകാരാന്തരേണയുള്ള അമ്മ ഒന്നല്ലെങ്കിൽ മറ്റൊന്നാകാം (**"ദേശേ ദേശേ കളത്രാണീ"**[5] എന്നത് ഇവിടെ ശ്രദ്ധേയമാണ്). അക്കാരണത്താലും അതു തന്നെ തന്റെ സാക്ഷാൽ അമ്മയുടെ ഇച്ഛാവിശേഷത്താൽ വന്നു ഭവിക്കുന്ന ശരീരാന്തരമായി രിക്കിലും ബീജാവാപം മുതൽ ശരീരപാതം വരെ ജനിപ്പിച്ച അമ്മയുടെ അനുഗ്രഹൈകാവലംബം മക്കൾക്ക് ഇഹത്തിലെ സ്ഥിതിയ്ക്ക് ഹേതുവായിരിക്കയാലും, ആ അമ്മയെ സാക്ഷാൽ ജഗദീശ്വരിയായ പരാശക്തിയായും ആ അമ്മയ്ക്കു സാന്നിദ്ധ്യ സഹായം ചെയ്ത് സാക്ഷിയായിനിന്നു രക്ഷിക്കുന്ന പിതാവിനെ പരബ്രഹ്മമായും സങ്കൽപ്പിച്ചിരിക്കുന്നു.

ഇങ്ങിനെ നമ്മെ വയറ്റിനുള്ളിൽ ചുമന്നു പല സങ്കടങ്ങളും അനുഭവിച്ചു പെറ്റ് ഓമനിച്ചു വളർത്തി, നമ്മുടെ യോഗ ക്ഷേമങ്ങളിൽ[6] ജാഗരൂകരായി നമ്മെ നിത്യവും അനുഗ്രഹിച്ചു കൊണ്ടിരിക്കുന്ന നമ്മുടെ അമ്മയ്ക്കു പുത്രരായ നാം എന്തു പ്രത്യുപകാരമാണു ചെയ്യാൻ സാധിക്കുന്നത്? ഒന്നും സാധിക്കു കയില്ല. ഉള്ളലിവിനും ക്ഷമയ്ക്കും ഇരിപ്പടമായ ആ മൂർത്തിവിശേഷത്തിനായ്ക്കൊണ്ട് നിത്യവും നമസ്കാരങ്ങൾ ചെയ്യുകയേ നിർവ്വാഹമുള്ളൂ. ജനനിയുടെ ആകാംക്ഷകൊണ്ടും, കായക്ലേശങ്ങൾ കൊണ്ടും മനഃക്ലേശം കൊണ്ടും പിതാവിന്റെ സാന്നിദ്ധ്യം കൊണ്ടും ജനിച്ചുണ്ടായി വരുന്ന സ്ത്രീപുരുഷ ന്മാർക്ക് അവരവരുടെ നിലയ്ക്കും ശരീരനിർമാണത്തിനും

[5] നാടു തോറും ഭാര്യമാർ

[6] കൈവശമില്ലാത്തതു കിട്ടുന്നതു യോഗവും കിട്ടിയതു പരിരക്ഷിക്കുന്നത് ക്ഷേമവും.

അനുസരിച്ചു കടമയുണ്ട്. സകല ശരീരങ്ങൾക്കും പ്രഥമമായ കടപ്പാട് ആ അത്ഭുതമൂർത്തിയായ അമ്മയുടെ നേർക്കാണെന്നു മാത്രം കരുതിക്കൊള്ളണം. **"ജനനീ ജന്മഭൂമിശ്ച സ്വർഗാദപി ഗരീയസി"** എന്ന പ്രമാണം ഇവിടെ സ്മരണീയം തന്നെ. ഈ കടമ തീർക്കുന്നതിനു സദാ പ്രയത്നിക്കുന്ന അത്യുത്തമ പുത്രനും കൂടി സാധിക്കുന്നതല്ല. സാന്നിദ്ധ്യം കൊണ്ടു നമ്മുടെ അമ്മയെ സഹായിക്കുന്ന അച്ഛന്റെ നേർക്കാണു രണ്ടാമത്തെ കടമ. തന്റെ അമ്മയുടെ അധിവാസത്തിനും രക്ഷയ്ക്കും തന്നെ പ്രസവിക്കുന്നതിനും ഇടം അനുവദിച്ചു തന്ന തന്റെ ഗൃഹമത്രെ മൂന്നാമതായി പ്രാധാന്യം അർഹിക്കുന്നത്. അമ്മ ജഗദംബയും, അച്ഛൻ ജഗൽ പിതാവും എന്നു സങ്കൽപ്പിച്ചപ്പോൾ നമ്മുടെ ഗൃഹം പവിത്രമായ ഒരു ക്ഷേത്രമായിത്തീരുന്നു.

ഈ കടമകളെ അല്പം കൂടി വികസിപ്പിച്ചു പറയേണ്ടിയിരിക്കുന്നു. സ്ത്രീയ്ക്കു താൻ സ്ത്രീയാകമൂലവും തന്നിമിത്തം സകല കാര്യഭരണാന്വേഷണങ്ങൾക്കും അധികാരമുണ്ടാകയാലും തനിക്കും തന്റെ മാതാവിനെപ്പോലെ കായികവും മാനസികവുമായ നിരവധി കഷ്ടപ്പാടുകൾ അനുഭവിക്കാൻ ഉണ്ടാകയാലും സ്ത്രീധർമ്മം അനുസരിച്ചു പ്രജാവർദ്ധനയും, ഗൃഹസമ്പൽ ഭരണവും, സാമുദായികചക്രപ്രവർത്തനവും ചെയ്യുന്നതു തന്നെ അവളുടെ കടമ. ഇതു നിവർത്തിക്കാതിരുന്നാലത്തെ ദോഷം സാമാന്യമല്ല. പ്രകൃതി പ്രവർത്തിക്കാതിരുന്നാൽ പ്രപഞ്ചമില്ല, പ്രപഞ്ചസൃഷ്ടി ചെയ്ത ഉടനെ പ്രകൃതി വിരമിച്ചാൽ പ്രപഞ്ചനാശവും സൃഷ്ടിയുടെ ഉദ്ദേശവിഫലതയും സംഭവിക്കും. അതുപോലെ സ്ത്രീകൾ സ്വധർമ്മങ്ങൾ അനുഷ്ടിക്കാതിരിക്കുകയോ വിരുദ്ധധർമ്മങ്ങൾ ആചരിക്കുകയോ ചെയ്താൽ കാര്യവൈഷമ്യവും കലഹങ്ങളും സമുദായക്ഷയവും ഘോരാനുഭവങ്ങളും സംഭവിക്കും. "പെണ്ണിറങ്ങിയാൽ ബ്രഹ്മനും

തടുക്കില്ല" എന്ന പഴമൊഴി കൊണ്ടുതന്നെ അവരുടെ പ്രതാപം ദ്യോതിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ അബലനായ പുരുഷന് അവൻ എത്ര മാത്രം നല്ലവനായിരുന്നാലും ലൗകികമായ സഹായങ്ങൾ ചെയ്യുവാൻ കഴിവുള്ളവനായി രുന്നാലും അവന്റെ അമ്മയുടെ നേർക്കുള്ള കടമ, മാതാവ് അവനു വേണ്ടി അനുഭവിച്ചിട്ടുള്ള ക്ലേശങ്ങളോട് തട്ടിച്ചു നോക്കുമ്പോൾ, എത്രമാത്രം തുച്ഛമായിരിക്കുമെന്ന് പറയേണ്ട തില്ല. അതിനാൽ ആ ജഗദംബയ്ക്കു തുല്യമായ അമ്മയോട് കൃതജ്ഞത പ്രദർശിപ്പിക്കാത്തവരെ പരിരക്ഷിക്ക; അവരുടെ ആഗ്രഹങ്ങൾക്കു മനശ്ശരീരങ്ങളാൽ പ്രതികൂലി ക്കാതിരിക്ക; അവരെ ആരാധിക്ക; ആ ദേവീസ്വരൂപത്തിൽ കാണുന്ന അന്യസ്ത്രീകളെ വണങ്ങുക; മുതലായവ ചെയ്യണം. തന്റെ ശരീരരക്ഷയ്ക്ക് അന്യർ ഒരു ക്ഷേത്രവും[7] വിഭവസാമഗ്രികളും തയ്യാറാക്കിയതുപോലെ തക്കതായ കരുതലുകൾ തന്റെ ശേഷം ഉത്ഭവിക്കുന്നവർക്കും വേണ്ടി ചെയ്തുവയ്ക്ക എന്നതാണു ഗൃഹസംബന്ധമായ കടമ. അല്ലാതെ യഥാർത്ഥത്തിൽ തനിക്കു യതൊരവകാശവും ഇല്ലാത്തിടത്തും തന്നെ ക്ഷണിച്ചുവരു ത്താതെ സ്വയമേ വലിഞ്ഞുകേറിയും വന്നു തിന്നു മുടിച്ചു നാശം ചെയ്ക എന്നത് അധർമവും മഹാപാതകവുമാണ്. ഉത്തമനായ പുരുഷൻ തെണ്ടിയിട്ടെങ്കിലും തന്റെ കടമ തീർക്കും. എല്ലാറ്റിനും ശേഷം സംസാരപ്രവർത്തനത്തിനും, സമുദായ നിലനില്പിനും വേണ്ടി പ്രകൃതിചോദിതനായി മാതാവിന്റെ ഇഛ നിമിത്തം കളത്രവാനായി ഭവിക്കും. തന്റെ ശരീരമെടുത്ത് പുത്രന്മാർ ജനിക്കുമ്പോൾ, ആ ഓരോ ശരീരത്തിനും രക്ഷയ്കാവശ്യമുള്ള ആഹാര ക്ഷേത്രവസ്ത്രാദികളും വെവ്വേറെ സംഭരിച്ചു കൊടുക്കണം. ഇതിനു വിപരീതം പ്രവർത്തിക്കുന്ന

[7] ക്ഷേത്രം – വാസസ്ഥാനം

വൻ, ഈ ഒടുവിൽ പറഞ്ഞ കടമ തീർക്കുന്നതിനു പകരം മായാപ്രപഞ്ച ത്തിലുള്ള കഷ്ടാരിഷ്ടങ്ങൾക്ക് അധികം വളം ചേർക്കുകയാണു ചെയ്യുന്നത്. എന്നാൽ സകലകാര്യവും അതിന്റെ അവസ്ഥാനുസരണം ചെയ്തു തീർക്കണമെങ്കിൽ ഒന്നും തന്നെ തന്റെ അനുഭവത്തിനുള്ളതല്ലെന്നും തനിക്കു യതൊന്നിലും അവകാശവും അധികാരവും ഇല്ലന്നും ഉള്ള ബോധം നല്ലവണ്ണം ഉണ്ടായിരിക്കണം. അല്ലെങ്കിൽ സ്വേഛാപ്രഭുത്വവും സ്വാർത്ഥത യും സ്ഥലം പിടിച്ച് അവനും മറ്റുള്ളവർക്കുമുള്ളത് ആർക്കുമി ല്ലാതെ കുട്ടിച്ചോറാക്കി കളയുവാൻ ഇടവരികയും ചെയ്യും. തന്റെ കടമകൾ യഥാർഹം നിർവ്വഹിക്കുന്നവനത്രെ യഥാർത്ഥ പുരുഷൻ.

ലോകം രമ്യമായി പോകണമെങ്കിൽ ഐകമത്യം ഉണ്ടായിരിക്കണം; അതാണു സകലതിന്റെയും കാതൽ. ബ്രഹ്മപ്രകൃതികളുടെ ഐകമത്യംകൊണ്ട് സകലസൃഷ്ടിസ്ഥിതികളും നടക്കുന്നു. ഇതുപോലെ തന്നെയാണ് സ്ത്രീപുരുഷന്മാരുടെ ഐകമത്യം കൊണ്ടുണ്ടാകുന്ന പരിപുഷ്ടിയും; ഭിന്നത കൊണ്ടുവരുന്ന നാശവും. ഇതിനാലാണീ സമുദായപ്രപഞ്ച ത്തിൽ പുരുഷനെ ബ്രഹ്മമായും സ്ത്രീയെ പ്രകൃതിയായും കൽപ്പിച്ചത്. ഇരുവരും അവരവർക്കുള്ള കൃത്യങ്ങൾ ഐകമത്യത്തോടെ നടത്തുമ്പോൾ ശ്രേയസ്സ് ക്ഷണിക്കാതെ തന്നെ കുടിയേറിക്കൊള്ളും. എന്നാൽ ഇപ്പോൾ ആകട്ടെ ആളുകൾ പെരുത്ത് ഐകമത്യബുദ്ധി ക്ഷയിച്ചു. അവനവന്റെ കൃത്യങ്ങൾ ഇന്നതെന്നുള്ള യഥാർത്ഥ നിശ്ചയമില്ലാതെയായി. കൈമിടുക്കും, പരാക്രമവും മാത്രം പ്രബലപ്പെട്ടു. ഐകമത്യവും ധർമ്മനിഷ്ഠയും ഈ ലോകം വെടിഞ്ഞു. അതിനോടെ ദാരിദ്ര്യം കുശാലായിക്കയറി ലോക സാമ്രാജ്യം കലശലായി ഭരിക്കാനും തുടങ്ങി. ഉപജീവനഭാരം പരഹിംസകൊണ്ടും പരോപദ്രവം കൊണ്ടും ലഘുപ്പെടുത്തി.

ഇങ്ങനെ സകലവിധ പീഡനങ്ങൾക്കും വിപ്ലവങ്ങൾ, കലാപ ങ്ങൾ മുതലായവ യ്ക്കുംനിദാനം അനൈകമത്യം ആണ്.

ഇപ്രകാരം ലോകത്തു നാശഹേതുക്കളായ വിപ്ലവങ്ങളും, കഷ്ടാരിഷ്ടങ്ങളും ഉണ്ടാകുന്നത് ഐകമത്യമില്ലാത്തതിനാലും സ്ത്രീപുരുഷന്മാർ വിരുദ്ധധർമ്മങ്ങളനുഷ്ഠിക്കുന്നതുകൊണ്ടു മാണെന്നു തെളിഞ്ഞു. അപ്രധാനമല്ലാത്ത വേറൊരു കാരണം സർവ്വജ്ഞന്മാരെന്നും നിരീക്ഷണപടുക്കളെന്നും അഹങ്കരി ക്കുന്ന വിദ്വാന്മാരുടെ അസുന്ദരങ്ങളായ ചില അഭിപ്രായങ്ങളും അവയെ പ്രായോഗിഗമാക്കാൻ ചെയ്യുന്ന പരിശ്രമങ്ങളുമാണ്. ലോകത്തുള്ള ഭിന്നിപ്പിനേയും കലഹങ്ങളേയും നിവൃത്തിക്കുന്ന തിലേക്കു ഐകമത്യം വേണമെന്നു ഈ മനുഷ്യന്മാർ കണ്ടു എങ്കിലും, അതിലേയ്ക്കു അവർ ഉന്നയിക്കുന്ന ഉപദേശങ്ങൾ വിപുലങ്ങളെന്ന് വ്യവഹരിക്കാമെന്നുവരികിലും, പ്രായോഗക്ഷമ ങ്ങളല്ലായ്കയാൽ ക്ഷുദ്രബുദ്ധിജങ്ങളും18 ആയിരിക്കുന്നു. ഐകമത്യം ഉണ്ടാകേണ്ടതും ഉണ്ടാവുന്നതും, വേഷപ്പകർച്ച കളാലോ, ആഹാരവിഹാരാദികളാലോ, സമാജപ്രസംഗങ്ങ ളാലോ അല്ല എന്നതു നിശ്ചയം തന്നെ. മേൽ പറഞ്ഞ സംഗതികൾ ഐകമത്യത്തിനു കാരണങ്ങളാകയാൽ അവയുള്ളിടത്തൊക്കെ ഐകമത്യമല്ലാതെ മറ്റൊന്നും ഉണ്ടായി ക്കൂടാത്തതും, അവയില്ലാത്തിടത്ത് ഐകമത്യം വന്നുകൂടാത്തതു മാണ്. ഈ സംഗതികളിൽ നമ്മുടെ അനുഭവം നേരെ വിപരീതമായികാണുന്നു. അപ്പോൾ ഇവ ഐകമത്യ ത്തിനു വഴിയായിതീരുമെന്നൂ പറയുന്നത് ശുദ്ധമേ കമ്പം തന്നെ. അവനവനവന്റെ വീട്ടിൽ ഉണ്ടും സ്വജനങ്ങളിൽ വിവാഹം ചെയ്തും സകലത്തോടും കാരുണ്യത്തോടും കൂടി സമബുദ്ധി യിൽ പെരുമാറി സ്വധർമ്മം നടത്തിയും കൊണ്ടിരുന്നാൽ ഐകമത്യം ഉണ്ടാകുന്നതിനു യാതൊരു വിരോധവുമില്ല.

അവിടെ ഉണ്ടാകുകയും ചെയ്യും. മുൻപറഞ്ഞ ഒരോ കാരണങ്ങളെ പുരസ്കരിച്ച്, ഐകമത്യത്തിനും സമുദായ വൃദ്ധിക്കും പ്രവർത്തിക്കുന്നവരുടെ തന്നെ വാസ്തവാവസ്ഥ എന്തെന്നു നോക്കാം. സ്വന്തകുടുംബത്തിൽ അവനവന്റെ കുഞ്ഞുങ്ങളെത്തന്നെ ശാസിച്ച് ഭരിച്ച് അവിടെ ഐകമത്യം നിലനിർത്താൻ സാധിക്കാത്ത മദാമ്മമാരാണു, രാജ്യത്തുള്ള സകലവിധ സ്ത്രീകൾക്കും ഐകമത്യം പഠിപ്പിക്കാൻ പുറപ്പെടുന്നത്. ജനിച്ചപ്പോൾ അഹർവൃത്തിയ്ക്കു19 ചില്ലിക്കാശു പോലും കൊണ്ടുവരാതെ മാതാപിതാക്കളെ അലട്ടി, അവരുടെ പ്രയത്നത്താലും കാരണവന്മാർ സദ്ബുദ്ധി വിചാരിച്ചും വല്ലതും സമ്പാദിച്ചു വച്ചിട്ടുണ്ടങ്കിൽ അതു തിന്നു മുടിച്ച് തറവാട് വിറ്റോ പണയമെഴുതിയോ വിദ്യാഭ്യാസവും മറ്റും ചെയ്ത് താൻ ഏതെങ്കിലും നിലയിൽ എത്തിയാൽ ,തന്റെ കടമ വീട്ടുവാൻ പ്രാപ്തനാണന്നു വരികിൽകൂടി, ആയതിനു മനസ്സില്ലാതെ, പിന്നെ വല്ലതും കൂടി തനിക്കു അവിടെ നിന്നു കിട്ടുവാൻ മാർഗ്ഗമുണ്ടോ, തനിക്കുള്ള ഭാഗമെവിടെ എന്നും മറ്റും അന്വേഷിച്ചു സ്വക്ഷേത്രത്തിൽ തന്നെ ഛിദ്രം വരുത്തുവാൻ ആണിയായിത്തീരുന്ന പുരുഷനാണ്, പിന്നെ നാട്ടുകാരുടെ ഐകമത്യത്തിനും അഭ്യുന്നതിക്കും പ്രവർത്തിക്കുന്നവൻ. ഇങ്ങിനെയുള്ളവർ ഐകമത്യമുണ്ടാക്കാൻ പുറപ്പെട്ടാൽ, വിപരീതഫലമല്ലാതെ മറ്റെന്തു ഭവിക്കും?പോരെങ്കിൽ തങ്ങളുടെ കുഞ്ഞുങ്ങൾ ഐകമത്യത്തോടുകൂടി ഏകയോഗക്ഷേമമായി കഴിയാനും അവരിൽ നിന്നും ഉണ്ടാകുന്നസന്താനപരമ്പരയ്ക്കു അനുഭവിക്കുന്നതിനും ഉപകരിക്കണമെന്നുള്ള ഉദ്ദേശത്തോടു കൂടി മാതാപിതാക്കളോ കാരണവന്മാരോ അവരുടെ ശക്തിക്കുതക്കവണ്ണം അൽപ്പം വല്ലതും സമ്പാദിച്ചു വയ്ക്കുന്നു. ഇങ്ങിനെയിരിക്കെ ആ കൂട്ടുസ്വത്തിൽ നിന്നും, എനിയ്ക്ക്, എനിയ്ക്ക് എന്നുപറഞ്ഞ് പങ്കു വയ്ക്കുന്നതു തന്നെ

ഐകമത്യത്തിനു വിരുദ്ധമല്ലേ? അത്യന്തസംയോഗവും ഐകമത്യവും വേണ്ടിടത്തു തന്നെ ഇപ്രകാരം ഭിന്നമതി സംഭവിച്ചാൽ പിന്നെ ലോകത്തിൽ മറ്റൊരിടത്തും ഐകമത്യം നില നിൽക്കുന്നതല്ല. അതിലും വിശേഷിച്ചു ആദ്യമായി പറഞ്ഞതുപോലെ തന്റെ യഥാർത്ഥ ധർമ്മമാലോചിച്ചാൽ അങ്ങോട്ടുണ്ടാക്കി കൊടുക്കയല്ലാതെ ഇങ്ങോട്ടു ചില്ലിക്കാശു പോലും ഒരു കണ്ടം20 തുണിപോലും സ്വാനുഭവത്തിനെടുക്കുവാൻ അർഹതയും അധികാരവും ഇല്ലാതെ കേവലഭൃത്യനെപ്പോലെ വർത്തിയ്ക്കേണ്ട പുരുഷൻ സർവ്വസ്വാതന്ത്ര്യവും യജമാനത്വവും നടിച്ചു തന്നിഷ്ടം നിമിത്തം എല്ലാം തനിക്കു വേണം എന്നാത്യാർത്തിപിടിച്ച് സർവ്വസ്വവും വിഴുങ്ങാൻ തുടങ്ങിയാലത്തെ കഥ പറയണോ? അവനെ മാതൃദ്രോഹിയെന്നോ, പിതൃദ്രോഹിയെന്നോ, ഗുരുദ്രോഹിയെന്നോ പറഞ്ഞാൽ പോരാ, മാതാപിതാക്കൾ സാക്ഷാൽ ശിവശക്തികളായാലും, അവരുടെ ഐകമത്യത്താൽ ഉണ്ടായിട്ടുള്ളതും ഏകമതിയായുള്ള ഇച്ഛയിൽ എന്നും ഒന്നായിതന്നെ നിലനില്ക്കണമെന്നു അവർ കരുതിവച്ചിട്ടുള്ളതുമായ സ്വത്ത്, സ്വധർമ്മത്യാഗം കൊണ്ടു മാത്രമല്ല. അധർമ്മപ്രവർത്തി കൊണ്ടു കൂടി ധ്വംസിക്കുന്നവനാകകൊണ്ടും അവനെ യഥാർത്ഥത്തിൽ ബ്രഹ്മഘാതി (ആത്മരാക്ഷസനായി) യായിത്തന്നെ കരുതണം.

അതുകൊണ്ടു നാം വിഹിതങ്ങളായ പദ്ധതികൾ ആസ്പദമാക്കി ഐകമത്യം സമ്പാദിച്ചാൽ ഭിന്നിപ്പുകളെല്ലാം ദൂരെ നീങ്ങും. ഈ ദിവ്യൗഷധം ഇപ്പോഴത്തെ പരിഷ്ക്കാരം പ്രസവിച്ചുണ്ടാക്കിയ തൊന്നുമല്ലാ. ഈ തത്ത്വം അനാദിയായിട്ടുള്ളതു തന്നെ. എന്നാൽ നവപരിഷ്ക്കാരം മൂലം സ്വമഹിമഭ്രംശം വന്നു കണ്ണുമയങ്ങിയിരിക്കുന്നവർക്ക് ഈ തത്ത്വമുള്ള കഥ കാണ്മാൻ കഴിയുന്നില്ല. ഭിന്നമതി മൂലം

കലാപം മുഴുത്ത്, ഘോരസംഹാരം സൂചിപ്പിക്കുന്ന അവസരങ്ങളിലെല്ലാം ബുദ്ധിമാന്മാരും ദീന ദയാലുക്കളും ലോകമെന്നും ശ്രേയസ്സാണ്ടിരിക്കട്ടെ എന്നുള്ള വരുമായ മഹാനുഭാവന്മാർ കാലാനുരൂപമായ സദുപദേശങ്ങൾ ചെയ്ത് ധർമമഭ്രംശം വന്നിരിക്കുന്നവരെ നേരായ മാർഗ്ഗം കാണിച്ചു നടത്തുവാൻ പണിപ്പെട്ടിട്ടുണ്ട്. അങ്ങിനെയുള്ള ഓരോ അനുഭാവിശിഷ്ടന്മാരുടെ ഉപദേശങ്ങളാണിപ്പോൾ നാനാമതങ്ങളായും ഓരോന്നിൽത്തന്നെ ഉപമതങ്ങളായും തീർന്നിരിക്കുന്നത്. ഇപ്രകൃതാനുപ്രകൃതം ഇവിടെ നിർത്താം.

ഇപ്പോഴത്തെ മതിമന്നന്മാരുടെ അഭിപ്രായങ്ങളും പ്രവൃത്തികളും ഐകമത്യത്തിനു വിപരീതമായി കാത്തിരിക്കുന്നുവെന്ന് നാം പറഞ്ഞുവല്ലോ. അതുകൊണ്ട് ലോകരഞ്ജനയ്ക്കായി നാം ഇപ്രകാരം പ്രയത്നിക്കണം പ്രകൃത്യാ അവരവർക്കു വച്ചിട്ടുള്ള ധർമ്മമനുസരിച്ചു സ്വസ്വകാര്യങ്ങളിൽ യാതൊരു നീക്കുപോക്കും വരാതെ താനാണു സകലവും നടത്തേണ്ടതെന്നുള്ള ബുദ്ധിയോടുകൂടി സ്ത്രീയും തനിക്കിതിൽ യാതൊന്നുമില്ല സർവ്വവും സ്ത്രീക്കും അവളുടെ സന്താനങ്ങൾക്കുമാണു; തന്റെ ശ്രമം അവർ സുഖമായിരിക്കുന്നതിലേയ്ക്കു മാത്രമാകുന്നു; അവരുടെ ക്ഷേമംതന്നെ തന്റെയും ക്ഷേമം എന്നുള്ള മഹാമനസ്കതയോടുകൂടി പുരുഷനും, അന്യോന്യാശ്രയമായി ഏകമതിയോടെ പ്രവർത്തിച്ചും കൊണ്ടാൽ യാതൊരു പ്രയത്നനവും കൂടാതെ ഐകമത്യവും ശ്രേയസ്സും സ്വയമേ വന്നു ചേരും. അപ്രകാരം ഭവിച്ചാൽ ശരീരം എടുക്കുന്നതുകൊണ്ടുള്ള പ്രയോജനവും ക്ഷിപ്രസാദ്ധ്യമായി ത്തീരും.

സ്ത്രീകളുടെ കർത്തവ്യകർമങ്ങൾ ഇന്നിന്നവയെന്നു യഥാർത്ഥമായറിഞ്ഞ് അവയെ ജനങ്ങളുടെ ഇടയിൽ പരത്തി

ജനങ്ങൾ തന്നെയാണു സാക്ഷാൽ രക്ഷാധികാരികളെന്നു ലോകസമക്ഷം പ്രത്യക്ഷപ്പെടുത്തി, അവരുടെ സ്ഥാനം സർവ്വ സമ്മാന്യമായിത്തീർക്കുക21 എന്നുള്ളതാണു സ്ത്രീ സമാജങ്ങളുടെ മുഖ്യ ഉദ്ദേശമായിരിക്കേണ്ടതും. അല്ലാതെ സാധാരണ കണ്ടുവരാറുള്ളതുപോലെ നാടകമാടുന്നതിനോ അനർഹങ്ങളായ പ്രക്ഷോഭങ്ങളിൽ പങ്കുപറ്റുന്നതിനോ ആയിരിക്കരുത്. നാം ഒന്നിനു പുറപ്പെടുമ്പോൾ അതിന്റെ പ്രയോജനോദ്ദേശങ്ങൾ മുൻകൂട്ടി കരുതേണ്ടതു അത്യാവശ്യ മാണ്. ധർമ്മമാർഗ്ഗങ്ങൾ മൂലം ഹിതമായുള്ള ഫലം ഉണ്ടാകു മെന്നു സൂക്ഷ്മമുള്ളപ്പോൾ മാത്രം അതിനുദ്യമിക്കേണ്ടതും, അഹിതമോ അനർത്ഥമോ ആണു ഫലമെന്നു വരികിൽ ഉടനെ അതു പരിത്യജിക്കേണ്ടതുമാകുന്നു. അതാണു വിവേകികളുടെ ലക്ഷണം...ആരംഭശൂരകളാകാതെ ഉദ്ദിഷ്ടം സാധിക്കുന്നതുവരെ സർവ്വഥാ യഥാശക്തി എല്ലാവരും ഐകമത്യത്തോടുകൂടി പ്രയത്നിക്കണം. തുടക്കത്തിൽ അനിഷ്ടങ്ങളോ, നിരൂപിക്കാ ത്തതോ ആയ മുടക്കങ്ങൾ വന്നു കൊണ്ടിരുന്നാലും അതൊന്നും വകവയ്ക്കാതെ സ്വധർമ്മമെന്നു കരുതി തെല്ലും പിന്മാറാതെ യത്നിക്കണം. എഴുന്നേറ്റു നടക്കാൻ അംഗങ്ങൾക്കു ശേഷി വയ്ക്കും മുൻപ്, കുട്ടികൾ ചാടുപിടിച്ച് നടക്കാൻ പണിപ്പെടുന്നതിലെന്നപോലെ, ആദ്യശ്രമങ്ങൾ ലഘുവും സാവധാനവും ആയിരിക്കയേയുള്ളൂ. ആയതിനാൽ നിരാശപ്പെടാതെ പ്രയത്നിച്ചുകൊണ്ടിരുന്നാൽ കാലക്രമേണ സകല ഉദ്ദേശങ്ങളും പ്രബലമായി ഫലപ്പെടും. അനാവശ്യമെന്നോ നിരർത്ഥകമെന്നോ, അനർത്ഥകമെന്നോ തോന്നുന്ന യാതൊന്നിലും പരിശ്രമിക്കയുമരുത്. എല്ലാറ്റിലും മുഖ്യമായി വേണ്ടത് ജീവകാരുണ്യവും സകലരിലും ശുഭാവനയുമാണ്. ഇവയുണ്ടായാൽ ഇടപെടുവാൻ ഇടയാവുന്ന വർക്കു കൂടി നല്ലതുവരുവാൻ മാർഗ്ഗമായിതീരും. അതുകൊണ്ടു

ഓരൊരുത്തരും വെവ്വേറെ അല്ലെന്നും എല്ലാവരും കൂടി സമഷ്ടി മൂലപ്രകൃതി ശക്തിയാണെന്നും ഉള്ള ബോധത്തോടുകൂടി ധർമ്മങ്ങൾ അനുഷ്ഠിച്ചു സർവ്വോൽകൃഷ്ടസ്ഥാനം ലഭിക്കുന്നതിലേക്കു, ആ പരാശക്തിയുടെ ഓരോ വ്യഷ്ടിരൂപം മാത്രമായിരിക്കുന്ന സ്ത്രീകളെ എല്ലാം ആ ലോകമാതാവായ സമഷ്ടി പരാശക്തി തന്നെ അനുഗ്രഹിക്കുമാറാകട്ടെ.

ഭാഷാപദ്മപുരാണാഭിപ്രായം[8]

ശ്രുതിസ്മൃതി പുരാണങ്ങൾ ഇവ വേണ്ടുവോളം ജ്ഞാന വിജ്ഞാനങ്ങളെ ഉപദേശിക്കുന്നവയാണ്. അതിനാൽ ഇവയിൽ ഏതെങ്കിലും ഒന്നു പോരെയോ? ഈ മൂന്നും കൂടി എന്തിനാണ്? എന്നാണെങ്കിൽ മനുഷ്യരുടെ സ്വഭാവഗുണ താരതമ്യത്തെ അനുസരിച്ച് ഈ മൂന്നും അവശ്യം വേണ്ടവതന്നെയാണ്. അതുകൊണ്ടു് ആദ്യമായിട്ട് ഈ മൂന്നു പ്രമാണങ്ങളുടെ സ്വരൂപങ്ങളേയും അനന്തരം ഇവയുടെ സ്ഥാനമാനതാരതമ്യങ്ങളുടെയും പിന്നീട് ഇവ മനുഷ്യർക്ക് ഇന്ന നിലയിലാണ് ജ്ഞാനവിജ്ഞാനങ്ങളെ ഉപദേശിക്കുന്നതെന്നും ചുരുക്കത്തിൽ പറഞ്ഞുകൊള്ളട്ടെ.

സ്വരൂപലക്ഷണങ്ങൾ

ധർമ്മാധർമ്മങ്ങൾ ഇതിന്റെ സഹയത്താൽ കേൾക്കപ്പെടുക കൊണ്ടു് ഇതിനു ശ്രുതി,"ശ്രൂയത ഇതി ശ്രുതി", ശ്രവിക്കപ്പെടുകയാൽ ശ്രുതിയെന്ന്[9] നാമം

"വേദാർത്ഥസ്മരണപൂർവകം രചിതത്വാൽ സ്മൃതിഃ" മഹർഷിമാരാൽ വേദാർത്ഥസ്മരണപൂർവകം രചിക്കപ്പെട്ടു എന്നതിനാൽ സ്മൃതി. 3

[8] മഹാകവി വള്ളത്തോളിന്റെ പത്മപുരാണ തർജ്ജമയെക്കുറിച്ച് ചട്ടമ്പിസ്വാമികൾ എഴുതിയ അഭിപ്രായമാണ് ഈ ലേഖനം.

[9] ഋക്, യജുസ്, സാമം, അഥർവം എന്നീ നാലു വേദങ്ങൾ, അവയുടെ മന്ത്രങ്ങൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുക്കൾ എന്നീ നാലു ഭാഗങ്ങളോടും കൂടിയതാണ് ശ്രുതി.

"പുരാഭവം പുരാണം" പണ്ടുകഴിഞ്ഞ കഥയെപ്പറ്റിപ്പറയുന്നതു്, "പുരാ അതീതാനാഗതാവർത്ഥാവണതി" അതീതങ്ങളായും (കഴിഞ്ഞവക) അനാഗതങ്ങളായും (ഇനി വരാൻ പോകുന്ന വക) ഇരിക്കുന്ന കഥകളെപ്പറ്റിപ്പറയുന്നു.

സർഗ്ഗശ്ച പ്രതിസർഗ്ഗശ്ച
വംശോ മന്വന്തരാണി ച
വംശാനുചരിതം ചൈവ
പുരാണം പഞ്ചലക്ഷണം

പുരാണമെന്നതു് 5 ലക്ഷണങ്ങളോടു കൂടിയവയാകുന്നു.

അഞ്ചു ലക്ഷണങ്ങൾ

1. സർഗ്ഗം 2. പ്രതിസർഗ്ഗം 3. വംശം 4. മന്വന്തരങ്ങൾ 5. വംശാനുചരിതം ഇവയിൽ

സർഗ്ഗമെന്നത് ആകാശാതി പഞ്ചഭൂതങ്ങൾ, ചക്ഷുരാദി ദശേന്ദ്രിയങ്ങ, അന്തഃകരണം, സത്വരജസ്തമസ്സുകളുടെ വിഷമാവസ്ഥയിൽനിന്നുള്ള ഇവയുടെ ഉത്പത്തി.

പ്രതിസർഗ്ഗമെന്നതു് ബ്രഹ്മാവിന്റെ ദേവതിര്യങ്മനുഷ്യാദി സൃഷ്ടിയും സംഹാര (പ്രളയ)വും വീണ്ടുമുള്ള സൃഷ്ടിയും.

വംശമെന്നത് രാമകൃഷ്ണാദ്യവതാരങ്ങളുടെയും ആ കാലത്തുണ്ടായിരുന്ന മറ്റു ഭക്തന്മാരുടെയും വംശ വർണ്ണന. മന്വന്തരങ്ങൾ; ഓരോ മനുക്കളുടേയും ഭരണചരിത്രങ്ങൾ, വംശാനുചരിതം, മനുക്കളുടെ പിൻവാഴ്ചക്കാരുടെ ചരിത്രം.

സ്ഥാനമാന താരതമ്യങ്ങൾ

യദദൃഷ്ടം ഹിം വേദേഷു
തദ്ദ്രഷ്ടവ്യം സ്മൃതൗ കില
ഉഭാഭ്യാം യദദൃഷ്ടം ഹി
തത് പുരാണേഷു പഠ്യതേ

ശ്രുതിസ്മൃതി പുരാണേഷു
വിരുദ്ധേഷു പരസ്പരം
പൂർവ്വം പൂർവ്വം ബലീയഃ സ്യാ
ദിതിന്യായ വിദോ വിദുഃ
(ആപസ്തംബസ്മൃതി)

വേദത്തിൽ കാണാത്ത വിഷയത്തെ സ്മൃതിയിൽനിന്നും ഗ്രഹിച്ചുകൊള്ളാം. ഈ രണ്ടിലുമില്ലാത്തവ പുരാണങ്ങളിൽ നിന്നും ഗ്രഹിക്കാം. എന്നാൽ ശ്രുതിസ്മൃതി പുരാണങ്ങളിൽ പരസ്പരം വിരുദ്ധമായി കാണുമ്പോൾ പുരാണത്തേക്കാൾ സ്മൃതിയും സ്മൃതിയേക്കാൾ ശ്രുതിയും ബലീയസ്സാകുന്നു.4

ശ്രുതിസ്മൃ വിരോധേഷു
ശ്രുതിരേവ ഗരീയസീ
അവിരോധേ സദാകാര്യം
സ്മാർത്തം വൈദികവത്സദാ
(ജാബാലസ്മൃതി)

ശ്രുതിക്കും സ്മൃതിക്കും വിരോധമിരിക്കുന്ന അവസരങ്ങളിൽ ശ്രുതി തന്നെ പ്രബലപ്രമാണമാകും. അവയ്കു ഭിന്നിപ്പില്ലാത്ത പക്ഷത്തിൽ ശ്രുതിയേപ്പോലെ തന്നെ സ്മൃതിയും അംഗീകാര്യമാകും.

ശ്രുതിസ്മൃതി പുരാണാനാം
വിരോധോ യത്ര ദൃശ്യതേ
തത്ര ശ്രൗതം പ്രമാണം തു
തയോർ ദ്വൈധേ സ്മൃതിർവരാ[10]

വേദത്തിനു വിരോധമായ ശ്രുതിവാക്യം വകയല്ലാ. ഈ രണ്ടിനും വിരോധമായ പുരാണവചനവും വകയല്ല. ഇപ്രകാരം നീക്കേണ്ടവയെത്തള്ളി സ്വീകരിച്ചിരിക്കുന്ന പുരാണങ്ങൾ ശ്രുതിസ്മൃതികൾക്കു വിരോധം കൂടാതെ സമ്മതമായിട്ടുള്ള വയാണ്.

ഇനി ഉപദേശനിലകളെ പറയുന്നു. ഇവയിൽ ശ്രുതിയാകട്ടെ, ഒരു ചക്രവർത്തി രാജാവിന്റെ നിലയിൽ ആജ്ഞാപിക്കും പോലെ അതിഗൗരവമായിട്ടും, സ്മൃതിയാകട്ടെ ഒരു സ്നേഹിതൻ അന്യോന്യം സമനിലയിൽ ഇരുന്നുകൊണ്ട് സന്തോഷപ്പെടുത്തി പറയുന്നതുപോലെ വളരെ ഇഷ്ടമായിട്ടും, പുരാണമാകട്ടെ, ഒരു ഭാര്യ സന്തോഷോത്സാഹം സമയം നോക്കി, ശൃംഗാരാദി രസസമേതം കൊഞ്ചിക്കുഴഞ്ഞു വശീ കരിച്ചു ബോധിപ്പിക്കുന്നതുപോലെ അതിപ്രേമ രൂപത്തിലും ഉപദേശിക്കും. ഈ ഒടുക്കം പറഞ്ഞ പുരാണമാർഗ്ഗം ഏകദേശം മനുഷ്യർക്കെല്ലാം രസകരമായിരിക്കുമല്ലോ. ഇതു തന്നെയാ ണല്ലോ കവികുലതിലകനായ വള്ളത്തോൾ നാരായണ മേനോൻ അവർകളുടെ പരിശുദ്ധ ഹൃദയമാകുന്ന അലങ്കാര മണ്ഡപത്തിൽ തന്റെ സംസ്കൃതപദ്യരൂപങ്ങളായ പുരാതനവാസ സ്ഥാനങ്ങ ളിലെ സ്ഥിതിയോടുകൂടി കോമളമായ മലയാളവാണീ വിലാസ മാർഗ്ഗത്തൂടെ കടന്നുകയറി അനന്തജ്ഞാനപ്രകാശത്തിനു നടനം ചെയ്തുകൊണ്ട് ടി ഓമന മലയാളഭാഷയെത്തന്നെ നവീന

[10] മഹാഭാരതം (ആദിപർവം 5–4)

സുഖവാസ സ്ഥാനാന്തരമായി സ്വീകരിച്ച് അതിൽ കല്യാണ മനോഹര ഗദ്യപദ്യരൂപത്തിൽ ബഹിർഭാഗത്തേയ്ക്കെഴുന്നരുളി പ്രസരിച്ചു വിളങ്ങുന്നവയാണല്ലോ ഈ പുരാണരത്നങ്ങൾ. ഈ സ്ഥിതിക്കു ഇവയെ സാദരം പൂജിച്ചിരുത്തുന്നതിലേയ്ക്കു, വിശേഷിച്ചു മലയാളികളും രസജ്ഞന്മാരുമായ എല്ലാ പേരുടേയും ഉത്തമാംഗങ്ങൾ ഉത്തമ സൽപീഠങ്ങളായി ഭവിക്കട്ടെ! ഒരു പക്ഷേ ആരും തന്നെ ഇപ്രകാരം അപേക്ഷി ക്കുകയും അനുഗ്രഹിക്കുകയും ചെയ്തില്ലെങ്കിലും സ്വയം അപ്രകാരമായിപ്പോകുമാറുള്ള ഒരീശ്വരാനുഗ്രഹമാഹാത്മ്യം ഈ നവീന പുരാണങ്ങൾക്കുണ്ട്. വിശേഷിച്ചു പണ്ഡിതശിരോരത്ന ങ്ങളുടെ വിലയേറിയ അഭിപ്രായാനുഗ്രഹങ്ങളും കൂടി ഇതിലിരി ക്കുന്ന സ്ഥിതിക്കു പിന്നെ പറയണമോ? ഇനി ഒന്നു കൂടിയുണ്ട്. എന്തെന്നാൽ സംസ്കൃത ഭാഷയെ തങ്കത്തിനോടും തമിഴ് അല്ലെങ്കിൽ തമിഴ് ഭാഷയുടെ ഒരു വകഭേദമായ നമ്മുടെ മലയാള ഭാഷയെ മണ്ണിനോടും സമമാക്കി മുൻകാലങ്ങളിൽ (ഇക്കാലത്തും ഇല്ലെന്നില്ല) ചില പണ്ഡിത കവികൾ പറയാറുണ്ട്. ആ മുറയ്ക്ക് നോക്കുമ്പോൾ സംസ്കൃതത്തിൽ നിന്നും മലയാളത്തി ലേയ്ക്കുള്ള തർജ്ജിമ തങ്കപ്പാത്രത്തിലിരി ക്കുന്ന അമൃതത്തെ മൺപാത്രത്തിലും കൂടി ആക്കി വച്ചതുപോലെയും വയ്ക്കുന്നതുപോലെയും ആകുന്നുവെന്നു വല്ലവരും വിചാരിച്ചുപോയേക്കാം. എങ്കിലും ഇതു നിമിത്തം ഇതിലേയ്ക്കു എന്തെങ്കിലും ഒരു ന്യൂനതയുണ്ടോ എന്നു നോക്കിയാൽ അല്പം പോലുമില്ലെന്നു തന്നെ പറയേണ്ടിവരും. എന്തെന്നാൽ മൺപാത്രത്തിലിരിയ്ക്കുന്നതുകൊണ്ട് അമൃത ത്തിനു പാത്രഭേദമല്ലാതെ രസഭേദം ലവലേശം ഇല്ല. അപ്രകാരം ഇവിടെയും ഭാഷാഭേദ മല്ലാതെ അർത്ഥഭേദം ഒട്ടും തന്നെ ഇല്ല.

ഒന്നിൽ നിന്ന് മറ്റൊന്നിലേയ്ക്കുള്ള തർജ്ജിമയുടെ പ്രയോജനം അധികം ബഹുജനങ്ങൾക്കു സംഗതി മനസ്സിലാകണമെന്നുള്ളതാണല്ലോ. തങ്കപ്പാത്രമുള്ളവർ ചിലരും മൺപാത്രമുള്ളവർ പലരുമാകകൊണ്ട് പ്രയോജനം എത്രയും അധികമാണെന്നുള്ളതിലേയ്ക്ക് സംശയമില്ല. പദ്യമായിട്ടുമാത്രമേ ആകാവൂ എന്ന് നിർബന്ധം കൂടാതെ യഥാസൗകര്യം വിട്ടിരിക്കകൊണ്ടു വൃത്തം പ്രാസം മുതലായവ ഭയന്നു കടുത്ത സംസ്കൃതവാക്കുകളെ കുത്തിച്ചെലുത്തുന്ന വിഷയത്തിൽ സംഭവിച്ചുപോകാവുന്ന ന്യൂനതകളൊന്നും ഇതിൽ സ്ഥാനം പിടിച്ചിട്ടില്ല; പിടിക്കാനും തരമില്ല. ഗദ്യപദ്യങ്ങളായിട്ടു മാറി മാറി വരികകൊണ്ട് അല്പവും മുഷികയില്ലെന്നുതന്നെയുമല്ല, നാടകം, ചമ്പു, കഥചെയ്കൽ, രാഗവിസ്താരവും പാട്ടും, ഇവ കേൾക്കുമ്പോൾ ഉണ്ടാവുന്നതുപോലെയുള്ള ശ്രവണരസവും നല്ലപോലെയുണ്ട്. പദ്യനിർബന്ധമില്ലാതെയും തന്നിമിത്തം സംസ്കൃതവാക്കുകൾ തുലോം കുറഞ്ഞും, ഉള്ളതു സാധാരണ അറിയത്തക്കതുമായിരിക്കയാൽ സാമാന്യക്കാർക്കും മനസ്സിലാക്കിക്കൊണ്ടുപോകുന്നതിലേയ്ക്ക് വിഘ്നമോ വിളംബനമോ ഒന്നും തന്നെയില്ല. ഇങ്ങേ അറ്റം പറയുന്നതായാൽ മൂന്നുലക്കകൾ കൊണ്ട് തങ്ങളിൽ കൂട്ടിമുട്ടാതെ ഒന്നിച്ചു നെല്ലുകുത്തുന്ന മൂന്നു സ്ത്രീകൾ, തിളച്ചു തുടുതുടുത്ത കഞ്ഞിയോടുകൂടി അടുപ്പത്തുകിടക്കുന്ന ചോറ്റിനെ ആ അടുപ്പിൽ വച്ചുകൊണ്ടുതന്നെ സൂക്ഷിച്ചുവാർക്കുന്ന സ്ത്രീ, മലയാള വർഗ്ഗത്തിലുള്ള ഈ ഇവർക്കു പോലും ആ സമയത്ത് ഈ തർജ്ജിമ വായിച്ചുകേട്ടാൽ ഒരുവിധം മനസ്സിലാകാതെയിരിക്കുകയില്ല.

ചില കവിതാശകലങ്ങൾ

കൂട്ടുകവിത

ചട്ടമ്പിസ്വാമികളും പെരുന്നെല്ലി കൃഷ്ണൻ വൈദ്യരും ചേർന്ന് ഈരണ്ടുവരി വീതം പൂരിപ്പിച്ച ചില പദ്യങ്ങൾ

ചട്ടമ്പിസ്വാമികൾ

പ്രാണൻ ഭവാനരിയകണ്മണിയും ഭവാനെ
ന്നാണുങ്ങളോടു പലരോടുമഹോ കഥിച്ചു,

പെരുന്നെല്ലി

കാണും ധനങ്ങളഖിലം ബത കയ്ക്കലാക്കും
നാണംകുണുങ്ങികളെയെങ്ങനെ വിശ്വസിക്കും!

ചട്ടമ്പിസ്വാമികൾ

കയ്യുംപിണച്ചു കണവന്നൊടുറങ്ങുമപ്പോൾ
പയ്യെത്തദീയകരമങ്ങനെ മാറ്റിവച്ചു,

പെരുന്നെല്ലി

കയ്യാലതന്നരികിൽ വന്നൊളിബന്ധുവെക്ക
ണ്ടയ്യോ! രമിപ്പവരെയെങ്ങനെ വിശ്വസിക്കും

ചട്ടമ്പിസ്വാമികൾ

ബഹുഗ്രാവകീർണം ബതേദം ഹി റോഡി
ങ്ങഹസ്സിങ്കലും പോവതത്യന്തകഷ്ടം

പെരുന്നെല്ലി

സഹിക്കാവതോ കൂരിരുട്ടത്തു വെട്ടം
വഹിക്കാതെ പോകുന്ന ദുഃഖം നിനച്ചാൽ

പെരുന്നെല്ലി

മഹിക്കേവനെന്നാകിലും ജാതനായാൽ
സഹിക്കാതെയെന്തോന്നു ചെയ്യുന്നിദാനീം

ചട്ടമ്പിസ്വാമികൾ

വഹിച്ചേ നശിക്കൂ കൃതം കർമമേന്മ
ദഹിക്കും തപസ്സാൽ ക്ഷണം തത് കുരുഷ്വ

പെരുന്നെല്ലി

രഹസ്യം തദപ്യാര്യ! ചൊൽകേറെ രമ്യേ
മഹസ്സിങ്കലേതിൽ മനം ചേർത്തിടേണ്ടൂ?

ചട്ടമ്പിസ്വാമികൾ

ബഹിശ്ചോള്ളിലും ഭക്തിയോടെപ്പോഴും നീ
ഗുഹസ്യാംഘ്രിപദ്മം ഭജിക്കുന്നതേതാൻ

പെരുന്നെല്ലി

ഗുഹൻ താൻ കഥംഭൂതനെന്നുള്ളതേതും
മഹാത്മൻ! ന ജാനേ മമ പ്രേമരാശേ!

ചട്ടമ്പിസ്വാമികൾ

മഹച്ചേദണുത്വം ച സർവം കവിഞ്ഞും
സുഹൃച്ചിത്തപദ്മത്തടങ്ങുന്നതും താൻ

പെരുന്നെല്ലി

ഇഹ പ്രോക്തമായൊന്നു കേട്ടേനിദാനീ
മഹം തത്കഥം ചെയ്തിടേണ്ടു പ്രവീണാ!

ചട്ടമ്പിസ്വാമികൾ

അഹം വച്മി കേളഞ്ചൃഷീകം ച ജിത്വാ
മുഹുശ്ശാന്തരംഗേ ശുചൗ വേണമോർപ്പാൻ

കവിതക്കത്ത്

മറ്റൊരിക്കൽ ചട്ടമ്പിസ്വാമികൾ പെരുന്നെല്ലിക്കയച്ച ഒരു കത്തിലെ മൂന്നു ശ്ലോകങ്ങൾ:

മാണിക്യമാമലയിൽ മഞ്ജുജലക്കുളത്തിൻ
കോണിൽക്കുരുത്തുവളരും ചെറുകൈതതന്നിൽ
കാണെക്കൊതിക്ക വിലസുന്ന സുമത്തെ വെല്ലും
കായത്തെയൊന്നു കണികാണ്മതിനെന്നു കിട്ടും !
കപോതമേ! കല്പകസുനമേ! ന
ല്ലപാരസന്തോഷസമുദ്രമേ! കേൾ
കൃപാമൃതച്ചാർത്തു തുളുമ്പിടും നി
ന്നപാംഗമോർത്തിട്ടലയുന്നു ചിത്തം
ഏറെത്താമസിയാതെ വന്നു തവ മെയ്
കെട്ടിപ്പുണർന്നെങ്കിലേ നീറിടും
മനമാറുകൊള്ളു സതതം
കൂറുള്ള മാറുള്ള ഹേ

കൊറ്റിനാട്ടു നാരായണ പിള്ള സ്വാമികൾക്കയച്ച രണ്ടു പദ്യങ്ങൾ:

ഓടിച്ചാടിനടന്നുവന്നു മടിയിൽ
 ഡിമ്മെന്നിടിക്കും വിധൗ
കൂടിക്കൂടിവരുന്ന നന്മധുരമാം
 ക്ഷീരം നുകർന്നും മുദാ
കുടിത്തള്ളയുമായനാരതമിരു
 ന്നീടും പശുക്കുട്ടി വേർ
പാടിൽപ്പെട്ടുഴലുന്ന പോലെ വിരഹം
 ചേർക്കുന്നു ദുഃഖാർണ്ണവേ

ഇന്നുമേട്ടിലെനിക്കുദിച്ചൊരസുഖം
　　　സർവം ഭവദ്ദർശനം
തന്നാലെന്നിയൊഴിക്കുവാൻ പണി തുലോ
　　　മാകുന്നു വേകുന്നകം
എന്നാലും തവ ദിവ്യരൂപമകമേ
　　　കാണുമ്പൊഴല്പം സുഖം
ചേർന്നാണത്ര ദിനം നയിപ്പതു ഗുരോ
　　　മാം പാഹി നിത്യം മുദാ

ഇവയ്ക്കു ചട്ടമ്പിസ്വാമികളയച്ച മറുപടി:

പൊന്നമ്മാ,തങ്കമേയെന്നിരുനയനമണി
　　　ക്കാതലേ ഭൂതലേയ
മ്മിന്നിൻകൂട്ടം സ്വരൂപിച്ചൊളിവഴിചിതറും
　　　കോമളാംഗാമലാബ്ജേ!
കന്നൽക്കും തോലിനൽകും തവ മധുരമൊഴി
　　　ത്തേനൊഴുക്കിന്മുഖത്തേ
ക്കെന്നെൻ കർണങ്ങൾ രണ്ടും വരുവതിനരുളും
　　　ചന്ദ്രചൂഡൻ, ന ജാനേ
ശ്രീമാനായും ചിരംജീവികളിലൊരുവനാ
　　　യും ശിവജ്ഞാനിവർഗ
ക്കോനായും ധീരനായും സുജനഹൃദയമാ
　　　മാമ്പലിന്നിന്ദുവായും
സീമാതീനാനുകമ്പാമൃതജലനിധിയാ
　　　യും ജനങ്ങൾക്കശേഷം
നേതാവായും ഭവിച്ചിങ്ങുരുതരസുഖിയായ്
　　　വാഴ്ക നീ വാഴ്കയെന്നും

മറ്റു ചില ശ്ലോകങ്ങൾ:

മേലേ മേലേ പയോധൗ തിരനിരയതുപോൽ
ഗദ്യപദ്യങ്ങളോർക്കും
കാലേ, കാലേ ഭവിപ്പാൻ ജഗമതിലൊളിവായ്
ചിന്നിടും തേൻകുഴമ്പേ!
ബാലേ! ബാലേ! മനോജ്ഞേ! പരിമൃദുലതനോ!
യോഗിമാർ നിത്യമുണ്ണും
പാലേ! ലീലേ! വസിക്കെന്മനസി സുകൃത
സന്താനവല്ലീ! സുചില്ലീ!
ചാലേ നാലഞ്ചുലോലപ്രസവശരമെടു
ത്തംഗജന്മാവടുത്താൽ
പാലഞ്ചും വാണിമാർ തന്മുലമലമുകളിൽ
ചെന്നൊളിക്കാം കളിക്കാം;
കാലൻ കാളുന്ന കാളായസമുസലവുമാ
യാഞ്ഞടുക്കുന്നതാമ
ക്കാലം സ്ത്രീതന്റെ കൊങ്കത്തടവുമധരവും
കണ്ടിരിക്കാം, മരിക്കാം

എല്ലാറ്റിന്നുമതീതമെങ്കിലുമേതാണെല്ലാറ്റിനും സൂക്ഷ്മമ
ങ്ങേല്ലാഭക്തജനാശയത്തിലുമമർന്നീടാത്തതല്ലാത്തതും
ചൊല്ലല്ലാത്തൊരു ചൊല്ലിനാലെതിനെയാണെല്ലാ മഹാന്മാരുമ
ത്യുല്ലാസത്തൊടു കണ്ടിടുന്നതതുതാൻ കല്യാണമെല്ലാം തരും

ശ്രീ ചട്ടമ്പിസ്വാമികളുടെ ലഘുകൃതികൾ

ചട്ടമ്പിസ്വാമികളെഴുതിയ ഒരു ഗാനം

പന്തുവരാളി – ആദി

പല്ലവി

സ്മര രേ! ശ്രീശങ്കരമഖിലസുരേശം (സ്മര രേ)

അനുപല്ലവി

മാ കുരു മാ കുരു മൂഢചാപല്യം ത്യക്ത്വാ സംഗം
തത്ത്വാതീതം
(സ്മര രേ)

ചരണം

യമിനാം മനപദ്മവിരാജിതഹംസം
ധൃതചന്ദ്രോത്തംസം മാനിന്യാ
ശോഭിതശുഭസവ്യാംഗം
ഭവപാപവിഭംഗം ഗിരിജാലോലം
സദാനന്ദമീശം ചിത്പുരുഷഗഗനനടേശം (സ്മര രേ)

മറ്റൊരു ഗാനം (തിരുപ്പുകൾ)

മലരണികൊണ്ടപ്പെരുക്കിലും
കമലമുകുളകൊങ്കക്കുലുക്കിലും
മധുവിലുപരിയൻപുറ്റുരപ്പിലും
മനമിളകാതെ...................
അതിസുകൃതത്തൊണ്ടെടുത്ത യോഗിക
ളകതരിളിൽ കണ്ടുറച്ച മാനസ
തരസുഖനൃത്തം കളിയുമംഘ്രിക
ളരുളേണം ....

ദേവർച്ചാപദ്ധതിയുടെ ഉപോദ്ഘാതം

മലയനായകപ്പെരുമാക്കൾക്ക് യുഗാന്തരകാലാവധി നിഷ്പ്രതിഘമായി നിലനിന്നുപോന്നുവയെങ്കിലും പ്രാകൃതവസ്തുനിയമപ്രകാരം കാലപര്യയംകൊണ്ട് രജശ്ഛരടാച്ഛന്നമായ ദർശനപഥത്തിൽനിന്നും വിദൂരവർത്തികളും ആത്മാനാത്മലോകങ്ങൾ രണ്ടിലും ഒന്നുപോലെ രൂഢമൂലങ്ങളുമായ വൈദഗ്ദ്ധീസത്ത്വാവാദികളെ ഉദ്ദേശ്യപ്രതിനിർദ്ദേസ്യരീതിയിൽ പടിപടിയാകെ സയുക്തിപ്രമാണവിന്യാസം വ്യവസ്ഥാപിക്കുന്നതിനായിട്ട് നായകമൂർദ്ധാഭിഷിക്തരായ സമാജവിയന്മണികളുടെ ഹൃദയപൂർവ്വകസാടോപോത്സാഹത്തിന്റെ ഫലമായും പൂർവ്വപ്രത്യായിതപുരുഷധൗരേയരുടേയും മറ്റും ഉപയോഗാർത്ഥം പുറപ്പെട്ടിട്ടുള്ള "പ്രാചീനമലയാളാദി"വഴിയായും നായർസമുദായത്തിന് ഉച്ചൈസ്സായി ഉണ്ടായിരിക്കുന്ന ഉണർവ്വിൽ എൻ. എസ്സ്. സൊസൈറ്റി, സമാജ സന്താനങ്ങൾക്കും മറ്റും ദേവാർച്ചന വിഷയത്തിൽ സ്വാതന്ത്ര്യമുന്നയിക്കാൻ വേണ്ടി രചിച്ചിട്ടുള്ള ഈ പുസ്തകത്തിന്റെ [11] മുദ്രണോപക്രമത്തെ ഞാൻ സശിരഃകമ്പം അംഗീകരിക്കുന്നു.

യോഗജ്ഞാനപാരംഗമതയ്ക്ക് യോഗജ്ഞാനപ്രമേയങ്ങളെ സമ്പ്രദായരീത്യാ ഗ്രഹിക്കയും പരിശീലിക്കയും ചെയ്ത് ആരൂഢപദത്തിലെത്തുന്നതിന് അനേക സംവത്സരക്കാലം എന്നോടുകൂടി വസിച്ചിട്ടുള്ള എന്റെ പ്രഥമശിഷ്യൻ നാണുഗുരുവെന്നു പറയുന്ന ആൾ ആ സമുദായത്തിന്റെ അഭ്യുത്ഥാനത്തിനായി അവരുടെയിടയിൽ ദേവാർച്ചനാദിയെ പുരസ്കരിച്ചു ബഹുവിധകാര്യങ്ങളിൽ സ്വാതന്ത്ര്യമുണ്ടാക്കിയതുപോലെ,

[11] ചട്ടമ്പിസ്വാമികളുടെ ദ്വിതീയശിഷ്യനായ നീലകണ്ഠതീർത്ഥപാദർ രചിച്ചതാണ് "ദേവാർച്ചാപദ്ധതി" എന്ന പ്രസ്തുതഗ്രന്ഥം.

മറ്റൊരു സമുദായത്തിന് സ്വയംകൃതാനർത്ഥനിലയിൽ വന്നു കൂടിയ അന്യേച്ഛാധീനവൃത്തിയെ നിഷ്കാസനം ചെയ്!വാൻ ദ്വിതീയശിഷ്യൻ ഇങ്ങനെ ഗ്രന്ഥകരണാദിയിൽ പ്രവർത്തിക്കുന്നതു ഗൗണാത്മതാധ്യസദൃഷ്ട്യാ ചാരിതാർത്ഥ്യജനകമായിരിക്കുന്നു. എന്നാൽ ഫലവിഷയത്തിൽ വൈഷമ്യം കാണുന്നത് ഭോക്തൃനിഷ്ഠമായ തപ്താതപ്താവസ്ഥാഭേദം മൂലമാണെന്ന് വിചാരദൃഷ്ടിക്ക് കാണാവുന്നതാണ്.

സ്വാനുഭൂത്യന്തവേദാന്തപ്രക്രിയയിൽ സുപ്രതിഷ്ഠിതനായ ബ്രഹ്മവിത്തിന്റെ നിലയിലുംകൂടി,

"വ്യുത്പത്തിമനുയാതസ്യ പൂരയേച്ചേതസോന്വഹം
ദ്വൗഭാഗൗ ശാസ്ത്രവൈരാഗ്യൈർ ദ്വൗ ധ്യാനഗുരുപൂജയാ"[12]

എന്നവിധം നിരന്തരമസ്മദായത്തനായ എന്റെ പ്രിയശിഷ്യന്റെ സംസ്കൃതകൃതികളെക്കുറിച്ച്,

"പ്രാക്പുസ്തകത്രയമഥ ത്രയമദ്യ ലബ്ധ്വാ
തന്നൈലകണ്ഠഭണിതേരമൃതോപമായാഃ
മാധുര്യകം സഹൃദൈയഃ പ്രണയേന പേയ
മാസ്വാദയൻ നസുഹിതത്വമുപൈതി ചേതഃ"[13]

എന്ന് മഹാമഹോപാധ്യായ ബിരുദാങ്കിത ഹാഥീഭായീ ശർമ്മാവും,

---

[12] ബ്രഹ്മവിഷയത്തിൽ വ്യുൽപത്തി ഉണ്ടായ മനുഷ്യൻ തന്റെ മനസ്സിന്റെ രണ്ടു ഭാഗങ്ങൾ ശാസ്ത്രം, വൈരാഗ്യം എന്നിവകൊണ്ടും രണ്ടുഭാഗങ്ങൾ ധ്യാനം, ഗുരുപൂജ എന്നിവകൊണ്ടും ഓരോദിവസവും നിറച്ചിരിക്കും എന്നർത്ഥം.

[13] മുൻപേ മൂന്നു പുസ്തകവും ഇന്നു വേറെ മൂന്നു പുസ്തകവും കൈപ്പറ്റി. നീലകണ്ഠയതിയുടെ അമൃതതുല്യമായ ഭണിതികൾ മധുരവും സഹൃദയരാൽ സ്നേഹപൂർവ്വം പാനം ചെയ്യപ്പെടേണ്ടതുമാണ്. അതു ആസ്വദിച്ചിട്ട് എന്റെ മനസ്സ് പോരാ എന്നു തന്നെ പറയുന്നു.

"തന്നൈഷധീയമപി കാവ്യമധഃകരോതി
കുത്രാപി കോമളപദാവലിമേളനേന
സ്യാദ്രാജശേഖരവചഃ കിമു കൗതുകായ
ശ്രീനിലകണ്ഠയതിവര്യതിരിശ്രുതായാം
ലോളിംബരാജകവിതോദ്ഭവതീയമദ്ധാ
ശ്രദ്ധാവതാം ച ജയദേവസരസ്വതീ വാ
നാന്യാ ചമൽകൃതി ച യം വിതനോതി ചിത്തേ
കർമ്മന്ദിവര്യഗിരി ബുദ്ധിമതാം വിതർക്കഃ"[14]

എന്നും മറ്റും വിദ്വച്ചക്രവർത്തി ശ്രീ നിർഭയരാമജീയാജ്ഞിക (ദീക്ഷിത)രും,

"ശബ്ദശുദ്ധിരസസദ്ഗുണാകരം
പുസ്തകം തദിഹ മാമരഞ്ജയൽ"[15]
"ജ്ഞാനഭക്തിരസവർദ്ധകം നൃണാം
നാളികേരപരിപാകരീതിമത്"[16]

എന്നു തുടങ്ങി കല്ലിക്കോട്ടു ശാബ്ദികനാരായണശാസ്ത്രികളും,

യോഗാഭ്യാസവിധാമമാർഗ്ഗപരമ
പ്രാവീണ്യമപ്യുച്ചകൈ

---

[14] സാരള്യം നിറഞ്ഞ ആ കൃതിയിലെ പദനിര പര്യാലോചിച്ചാൽ നൈഷധീയകാവ്യ വും താഴെ നില്ക്കയേ ഉള്ളൂ. നീലകണ്ഠയതിവര്യന്റെ വാക്കുകൾ കേട്ടാൽ രാജ ശേഖരന്റെ വാക്കുകൾപോലും പിന്നെ രുചികരമായി തോന്നുകയില്ല. ഈ കൃതി ലോലിംബരാജകവിതയോ അതോ ജയദേവഗീതമോ? അലങ്കാരത്തെ വിചാരം ചെയ്തുനോക്കിയാൽ അറിവുള്ളവർക്കുപോലും ഈ യതിവര്യന്റെ കൃതിയെക്കുറിച്ച് ഇങ്ങനെ സംശയം തോന്നിപ്പോവും.

[15] ശബ്ദശുദ്ധി, രസം, സദ്ഗുണം എന്നിവയുടെ ഖനിയായ ഈ പുസ്തകം എനിക്ക് ഏറെ ഇഷ്ടപ്പെട്ടു.

[16] മനുഷ്യർക്ക് ജ്ഞാനവും ഭക്തിരസവും വർദ്ധിപ്പിക്കുന്ന ഈ കൃതി നാളികേരപാകത്തിലുള്ള രീതിയോടുകൂടിയതത്രേ.

സ്ഥത്തദൈവതഭക്തിപൂർവ്വകമഹാ
സ്തോത്രാണി ചാഹോ തവ,
അദ്വൈതാധ്വനി സർവ്വലോകഗഹനേ
സംചാരചാതുര്യകം
സർവ്വം ചൈതനന്യസൂരിസുലഭം
വർവർത്തിസർവ്വോപരി" [17]

എനും മറ്റും വിദ്വന്മണി മഹിമശ്രീ പന്തളത്തുരാജാവവർകളും,

"യാം ഭവാൻ പ്രേഷയാമാസ യോഗാമൃതതരംഗിണീം...
സ്വാദിഷ്ഠമമൃതം തസ്യാസ്സുഖേന പീയതേ മയാ..."[18]

എന്നു ദേവസേനാഖ്യ പ്രോഫസർ ഡ്യൂസൻ മഹാശയനും പ്രശംശിച്ചിട്ടുള്ളതുമല്ലാതെ ഭൂഖണ്ഡാന്തരപ്രഥിതവിദ്യാചുഞ്ചുക്കളും ഹൗണ്യാദി വാണികളിൽ സ്വസ്വാശയാവിഷ്കരണം ചെയ്തിരിക്കുന്നതും തദ്വാരാ സംസ്കൃതവിദ്വല്ലോകത്തിന് എന്റെ ശിഷ്യൻ സുപരിചിതനായി തീർന്നിരിക്കുന്നതും ആകുന്നു. ഇത്തരക്കാർക്കു പ്രായാഭിപ്രായസിദ്ധമായ ഔദാസീന്യഛായായാനുകരണം നിമിത്തം സംഭവിച്ച പത്രപംക്തി പ്രവേശനവർജ്ജനം കൊണ്ടും അടുത്തകാലംവരെ ഭാഷാഗ്രന്ഥ പ്രണയനാദികളിൽ അനാദരജന്യമായുണ്ടായിരുന്ന അസ്വാരസ്യം കോണ്ടും തന്നാട്ടുഭാഷാലോകത്തു സങ്കുചിതമായ ഒരു സ്ഥാനമേയുള്ളൂ എന്നു തോന്നകയാൽ, രചയിതാവിനെ രംഗ

[17] പ്രാവീണ്യം, അതാതു ദേവതകളുടെ ഉച്ചത്തിലുള്ള ഭക്തിപൂർവ്വകമായ സ്തോത്രങ്ങൾ, ലോകർക്കെല്ലാം ഗഹനമായ അദ്വൈതവേദാന്തമാർഗ്ഗത്തിൽ സഞ്ചരിക്കാനുള്ള ചാതുര്യം എന്നിങ്ങനെ മറ്റു പണ്ഡിതന്മാരിൽ സുലഭമല്ലാത്തതെല്ലാം ഇദ്ദേഹത്തിൽ ഏറിയതോതിലുണ്ട്.

[18] അവിടുന്നു കൊടുത്തയച്ച യോഗാമൃതതരംഗിണി വായിച്ച് അതിലെ അത്യന്തം രുചികരമായ അമൃതം ഞാൻ സുഖമായി കുടിക്കുന്നു.

പ്രവേശിപ്പിക്കാനായി "സ്ഥാലീപുലാകന്യായ"ത്തിൽ[19] ഏതാനും ശ്ലോകങ്ങളെ ഉദ്ധരിച്ചു മേൽക്കാണിച്ച അക്ഷരവിന്യാസം അനാശാസ്യമാകയില്ലെന്നു വിശ്വസിക്കുന്നു.

ഇതുനുപുറമേ, "യുക്തിയുക്തം വചോ ഗ്രാഹ്യം ന തു പുരുഷഗൗരവാൽ"[20] എന്നാണ് വിദഗ്ദ്ധസമ്മതപ്രമാണമെങ്കിലും, ജനതയിൽ അധികംപേരും "അന്യപ്രമാണന്മാ"രാകയാൽ, വക്താവിന്റെ പ്രാമാണികത്വത്തിൽ പറ്റുമാനവും ആവശി തദ്വിഷയമായി ഏതാനും ജിജ്ഞാസയും അവർക്കുണ്ടാവുന്നതാണല്ലോ.

ദേവപ്രതിഷ്ഠാദികാര്യങ്ങൾ കൂടി ഇതിൽ അടങ്ങിയിരിക്ക കൊണ്ടും അർച്ചാപദം പ്രതിമാരാധനകൾ രണ്ടിനും സമാനമാക കൊണ്ടും ഇതിന്റെ നാമം സാഭിപ്രായഗർഭമാകുന്നു എന്നു കാണാം. ഇതിലെ ആരംഭഘട്ടമായ ദേവപ്രതിഷ്ഠയ്ക്ക് കൈരളിയിൽ ഇപ്പോൾ നവാവതാരമാകുന്നു. ഈ കൃതിയിൽ സ്ഥിരപ്രതിഷ്ഠ, പ്രതിമാസാധനം, ചലപ്രതിഷ്ഠ, പഞ്ചദേവതാ പൂജനം, മുദ്രാവിധി, ലക്ഷ്മീപൂജനം, സരസ്വതിപൂജ, നാഗപൂജ, സർപബലി, ഹോമകുണ്ഡവിധി, ഹോമക്രമം, മൃത്യുഞ്ജയം, തിലഹോമം, ഗണപതിഹോമം, മന്ത്രകോശം ഇത്യാദി അത്യാവശ്യമായ വിഷയം നാതിസംക്ഷിപ്തവിസ്തരമായും സുഗ്രഹലളിതഭാഷയിലും ഗ്രഹിക്കപ്പെട്ടിരിക്കുന്നു. "അസൂര്യം പശ്യ"[21]കളുടെ നിലയിൽ അന്തഃപുരമലങ്കരിച്ചിരുന്ന സീതദേവി ശ്രീരാമനോടുകൂടി വനത്തിലേയ്ക്കു പുറപ്പെട്ടു. മൂന്നോ നാലോ

[19] സ്ഥാലി=പാത്രം, പുലാകം=ചോറിന്റെ വറ്റ്. പാത്രത്തിൽ വേവുന്ന അരി വെന്തോ എന്നു ഒരു തവികൊണ്ടു കോരി അതിൽനിന്നു ഒന്നോ രണ്ടോ വറ്റ് എടുത്തു നോക്കുന്നതുപോലെ എന്ന അർത്ഥത്തിൽ സ്ഥാലീപുലാകന്യായം പ്രയോഗിക്കപ്പെടുന്നു.

[20] പറയുന്ന ആളിന്റെ ഗൗരവം നോക്കിയല്ല. പറഞ്ഞതിന്റെ യുക്തിയുക്തത നോക്കിയാണ് വാക്യം സ്വീകരിക്കേണ്ടത്.

[21] സൂര്യനെ കാണാത്തവർ (അന്തഃപുരസ്ത്രീകൾ).

അടി നടന്നശേഷം ദണ്ഡകത്തിലേയ്ക്കുള്ള വഴിയുടെ ദൈർഘ്യത്തേക്കുറിച്ച് പൃച്ഛിച്ചു ക്ലേശിച്ചതുപോലെ, ഇതിൽ മന്ത്രക്രിയാകലാപം അധികമായി എന്ന് പരിചയക്കുറവുകൊണ്ട് വല്ലവർക്കും തോന്നിയാൽ നിർവ്വാഹമില്ല. പിന്നെ, ആർഷമനുക്കളുടെ സ്ഥാനത്ത് ഭാഷാമന്ത്രങ്ങളായിരുന്നു വേണ്ടതെന്നു പറയുന്ന ഒരുതരക്കാർ പ്രകൃതകഥാബഹിർഭൂതന്മരാണെന്നു കണ്ണടയ്ക്കയല്ലാതെ കാർമ്മണന്മാർക്ക് കഴിവില്ല. ആകപ്പാടെ, ഈ പുസ്തകം പരോപകാരശ്രദ്ധയുടെ ഫലമായി ഉണ്ടായിട്ടുള്ളതാകയാൽ ഉദ്ദിഷ്ടകാര്യത്തിനു പര്യാപ്തമാകുമെന്നുകണ്ട് ആ വിഷയത്തിലേയ്ക്ക് ഇതിനെ ബലമായി ശുപാർശചെയ്യുകയും സമുദായത്തിന് ഉത്തരോത്തരം യോഗക്ഷേമം പ്രാർത്ഥിക്കയും ചെയ്യുന്നു.

പുറമേ "തർക്കോƒപ്രതിഷ്ഠാനാൽ" [22] എന്ന സൂത്രസന്ദർഭ ത്തിൽ,

"യത്നേനാനുമിതോപ്യർത്ഥഃ കുശലൈരനുമാതൃഭിഃ
അഭിയുക്തതരൈരന്യൈരന്യഥൈവോപപാദ്യതേ"[23]

എന്ന് ആചാര്യ വാചസ്പതിമിശ്രൻ പറഞ്ഞിരിക്കായാൽ പ്രതിപാദ്യപ്രതിപാദകവിഷയങ്ങളിൽ രുചിഭേദനിദാനമായി ഉണ്ടാകുന്ന നിന്ദാസ്തുതികളും ഖണ്ഡനമണ്ഡനങ്ങളും അകിഞ്ചിൽക്കരമാണെന്നും അധികാരവിഷയത്തിൽ പ്രചരണം അവശ്യംഭാവിയാണെന്നും വിചാരിച്ചാൽ ഈ ദൃശ്യവിജ്ഞാപ–

---

[22] ബ്രഹ്മസൂത്രം

[23] അനുമാനത്തിൽ സമർഥന്മാരായവർ വളരെ പ്രയത്നിച്ചു അനുമിച്ചെടുക്കുന്ന അർത്ഥത്തെപ്പോലും അതിനെക്കാൾ യോഗ്യന്മാരായവർ മറ്റൊരുവിധത്തിൽ പറഞ്ഞൊപ്പിക്കും.

നാദിസമാർജ്ജനക്ലേശം വരികയില്ലെന്നാണ് എനിക്ക് തോന്നുന്നത്. ആകയാൽ പരോപകാരവ്രതികൾ

"ഖലേഷു സൽസു നിര്യാതാ വയമർജയിതും ഗുണാൻ
ഇയം സാ തസ്കരഗ്രാമേ രത്നക്രയവിഡംബനാ"24

എന്നു വിചാരിച്ചു പരിതാപമടയാതെ ധൈര്യമവലംബിച്ച്,

"മന്നിന്ദയാ യദി ജനഃ പരിതോഷമേതി
നന്വപ്രയത്നജനിതോയമനുഗ്രഹോ മേ"25

എന്നു "ജ്ഞാനാങ്കുശ"കാരൻ പറഞ്ഞതും,

"ഗ്രന്ഥസ്യാസ്യൈവ യഃ കർത്താ സ്തൂയതാം വാ സ നിന്ദ്യതാം
മയി നാസ്ത്യേവ കർതൃത്വമനന്യാനുഭവാത്മനി"[26]

എന്നു അദ്വൈതസിദ്ധികാരൻ [27] പറഞ്ഞതും പര്യാലോചിച്ച് താന്താങ്ങളുടെ നിലയ്ക്കിണങ്ങിയതുപോലെ യഥായോഗം സമാധാനപ്പെടണമെന്നു നിർദ്ദേശിക്കകൂടിച്ചെയ്തു തൽക്കാലം വിരമിക്കുന്നു.

---

[24] കൊള്ളരുതാത്തവന്മാരെ നന്നാക്കാൻ പോവുന്നതു കള്ളന്മാരുടെ ഗ്രാമത്തിൽ രത്നം വാങ്ങാൻ പണിപ്പെടുന്നതിനു തുല്യമാണ്.

[25] എന്നെ നിന്ദിക്കുകവഴി ആരെങ്കിലും സന്തോഷിക്കുമെങ്കിൽ അതിൽ പ്രയത്നം കൂടാതെ തന്നെ ഉണ്ടാകുന്ന അനുഗ്രഹമായി ഞാൻ കരുതുന്നു.

[26] ഈ ഗ്രന്ഥത്തിന്റെ കർത്താവിനെ സ്തുതിക്കയോ നിന്ദിക്കയോ ചെയ്തുകൊള്ളുക. സത്യത്തിൽ ആത്മാവിലല്ലാതെ മറ്റൊന്നിലും മനസ്സൂന്നാത്ത എനിക്കിതിൽ കർതൃത്വമില്ല.

[27] മധുസൂദനസരസ്വതി.

ചില കത്തുകൾ

(1)

(പ്രാചീനമലയാളം എഴുതിയത് സംബന്ധിച്ച് വടക്കൻ പറവൂർനിന്നു ശ്രീ തീർത്ഥപാദപരമഹംസസ്വാമികളുടെ പേർക്ക് അയച്ച എഴുത്ത്.)

86 മേടം 9

പറവൂർ

ശ്രീ

ശിവമയം

ഞാൻ വന്നുചേർന്ന ഉടൻതന്നെ അറിയിച്ചത് അവിടെ അറിഞ്ഞോ എന്നു സംശയമാണ്. ഞാൻ ഈ മലയാളത്തെപ്പറ്റി അല്പം വലുതായിട്ട് ഒരു പുസ്തകം എഴുതി. അതിനെ പ്രഫസ്സർ രങ്കസ്വാമി അയ്യങ്കാർ മുതലായ പണ്ഡിതന്മാർ (ഇംഗ്ലീഷിലും മലയാളത്തിലും ഒരുപോലെ), പ്രബലന്മാരായ മലയാളി നായരുദ്യോഗസ്ഥന്മാർ, ആണറബിൾ ശങ്കരൻ നായർ, ഇവരെല്ലാ പേരും കണ്ടു. എത്രയും ശീഘ്രത്തിൽ അച്ചടിക്കണമെന്നും കഴികയില്ലെങ്കിൽ അവരായിക്കൊള്ളാമെന്നും പറഞ്ഞു മുട്ടിക്കൂടിയിരിക്കുന്നു. ആ പുസ്തകവുംകൊണ്ടു പതുക്കെ ഞാൻ അവിടെനിന്നും കടന്നു ഇങ്ങോട്ടു പോന്നു. ഇതു മുഴുവനും നിന്നെ കാണിച്ചതിനുമേൽ മാത്രമേ കൊടുക്കാവൂ എന്നൊരു നിർബ്ബന്ധത്തിൻപേരിലാണ് ഇവിടെ വന്നിരിക്കുന്നത്. അതിനാൽ ക്ഷണം നീ ഇവിടെ വന്നു ചേരണം. ശേഷം മുഖദാവിൽ.

എന്ന്

എന്റെ തീർത്ഥപാദന്,

ചട്ടമ്പി (ഒപ്പ്)

(2)

(സ്വാമികളുടെ ഷഷ്ടിപൂർത്തിസ്മാരകമായി എഴുമറ്റൂർ ആശ്രമം സ്ഥാപിക്കുന്നതിനെപ്പറ്റി തീർത്ഥപാദസ്വാമികൾ അയച്ച ഒരു കത്തിന് ചട്ടമ്പിസ്വാമികൾ അയച്ച മറുപടിയാണ് താഴെ ചേർക്കുന്നത്.)

88 മിഥുനം 14
കൊല്ലം

ശ്രീ
ശിവമയം

എഴുത്തു കിട്ടി. ഇടമില്ലാത്തതിനാൽ വിമ്മിഷ്ടപ്പെട്ടു അടങ്ങിയൊതുങ്ങിയിരിക്കുന്ന സന്തോഷത്തെക്കുറിച്ച് ഒന്നും തന്നെ പറയുന്നതിനു വിശേഷമൊന്നുമില്ല. നിശ്ചയിച്ചു പറഞ്ഞിട്ടുള്ളതിൽ വ്യത്യാസമില്ല. പ്രാരബ്ധപ്രകാരമാകട്ടെ. ഈ ശരീരസംബന്ധമായ രക്ഷാനിയമത്തെ ഇനിയേൾക്കുന്നവർ ശ്രുത്യന്തരെന്നു വരികിലും ഇതിന്റെ അത്യന്തകൃത്യാന്തരായിത്തന്നെയിരിക്കും. ഇഹത്തിൽ അത്യുൽകൃഷ്ടനിഷ്കാമസുകൃതസാമ്രാജ്യത്തെ പരിപാലിച്ച് അനുഭവിക്കുന്നതുകൊണ്ടും പരത്തിൽ സർവോത്തമമോക്ഷസാമ്രാജ്യത്തെ പരിപാലിച്ചു അനുഭവിക്കുന്നതിലേയ്ക്കുള്ള ഉത്തമാധികാരിയുടെ സ്ഥാനത്തിൽ ആനന്ദാരുരുക്ഷുക്കളായിരിക്കുന്നതുകൊണ്ടും ലേഖനത്തിൽ വർണ്ണിക്കപ്പെട്ടുകാണുന്ന ധീരന്മാരായ ആ പുരുഷൈകരത്നങ്ങൾക്ക് സാധാരണ ഉപയോഗിച്ചുവരുന്ന ഈ രാജശബ്ദം ഏകദേശാർത്ഥവത്തായേ ഇരിക്കയൊള്ളൂ. വാസ്തവത്തിൽ ഇക്കാലത്തിലെ ഏകചക്രവർത്തിശബ്ദമാണ് തക്കതായുള്ളത്. തീർത്ഥന്റെ പേർക്കുള്ള എഴുത്തും ഇതോടൊന്നിച്ചു അഞ്ചലിൽ

ഇടുവിച്ചിട്ടുണ്ട്. മറുപടി അയയ്ക്കലും പറഞ്ഞിട്ടുള്ളതുപോലെ ചെയ്യണം. സഹ്യാദ്രിഖണ്ഡം മൂലം നാഗരം അച്ചടി ഇവിടെ ഇരിപ്പുണ്ട്. ഹഠയോഗപ്രദീപികയ്ക്കു ഇപ്പോൾ ആവശ്യമുണ്ട്. പ്രാചീനകേരളം ഇരുനൂറ്റിചില്വാനം പുസ്തകങ്ങൾ ഇവിടെ കൊണ്ടുവന്നു വച്ചിട്ടുണ്ട്.

ചട്ടമ്പി (ഒപ്പ്)

(3)

(1096ൽ ഇരിങ്ങാലക്കുടനിന്ന് തീർത്ഥപാദർക്കയച്ച മറ്റൊരു കത്ത്)

ഇരിങ്ങാലക്കുട

ശിവമയം

ചേർത്തലവഴി എറണാകുളംവഴി ഇവിടെ വന്നുചേർന്നു. സദ്ഗുരു മാസിക, ഇതാ അയച്ചിരിക്കുന്നു. ഒരാളിന്റെ സ്ഥൂലശരീരം അഴിഞ്ഞുപോയെങ്കിലും അതിലേയ്ക്കുള്ള കാഴ്ച ക്കും മറ്റുംകൂടി നിന്റെ മെലിഞ്ഞ ശരീരത്തെയാണ് നമ്മുടെ ക്രമത്തിനു ഞാൻ പകരമായി വച്ചിരിക്കുന്നത്. നീ ചെയ്യുന്ന പ്രസംഗങ്ങളെ ആകാമെന്നുള്ളിടത്തോളം ഈ മാസികയിൽ ചേർക്കാം. മാസത്തിൽ ഒന്നുവീതം ഈ മാസികയ്ക്ക് ഇവിടെ എഴുതി അയയ്ക്കണം. സൗകര്യംപോലെ ഇങ്ങോട്ടു വരിക. പ്രസംഗിക്ക. ഈ മാസികയ്ക്ക് ഇനി നിന്റെ ശിരസാണ്, ഹൃദയവും പ്രവൃത്തിയുമാണ് ആധാരമെന്നു വിചാരിക്കുന്നതി നാൽ അപ്രകാരമനുഷ്ഠിക്കുക. എല്ലാംവേണം. ഇതിനെ നമ്മുടെ മിഷ്യൻ പി.പി. (൨൦൦) വകയാണെന്ന് ഉറപ്പിച്ചുകൊള്ളണം. എല്ലാം നിനക്കൊത്തവണ്ണം ഭവിക്കയും വേണ്ടതുപോലെതന്നെ ഒക്കെയും ചെയ്യട്ടെ.

എന്ന്

ചട്ടമ്പി (ഒപ്പ്)

(4)

(1089ൽ സ്വാമികൾ ഏകദേശം 6 മാസത്തോളം എഴുമറ്റൂർ ആശ്രമത്തിൽ വിശ്രമിച്ചിരുന്നപ്പോൾ അവിടെനിന്നു പരമഹംസസ്വാമികൾക്കയച്ച ഒരു എഴുത്ത്.)

എഴുമറ്റൂർ,
89 തുലാം 14

ശ്രീ
ശിവമയം

മൃദംഗം നന്നായി. കുട്ടനിതാ അങ്ങോട്ടു വരുന്നു. എന്റെ പാകത്തിനു കൂട്ടാൻവയ്ക്കുന്ന കാര്യത്തിൽ ഇവൻ പണിക്കരേയും ജയിക്കുന്നു. ചോറുമാത്രം ചിലപ്പോൾ മുഴുവനും ഒത്തില്ലെന്നുവരുന്നുണ്ട്. "നിമജ്ജതീന്ദോഃ കിരണേഷ്വിവാങ്കഃ" എന്ന പോലെയുള്ളൂ. ഒട്ടും പിടിക്കായ്കയില്ല. മൃദംഗയജമാനനോട് ഇന്നലെ ഞാൻ പറഞ്ഞു. ഇവിടുത്തെ ജനങ്ങൾക്കു മനഃപൂർവമായ നിഷ്കളങ്കസ്നേഹാദിയുണ്ട്. രാമൻപിള്ള, കേശവപിള്ളി, തമ്പി, മാസ്റ്റർ തമ്പുരാൻ ഇവരും കാരണനിവഹവും നമ്മുടെ കാര്യത്തെപ്പറ്റിയുള്ള അന്വേഷണത്തെ അവരുടെ പ്രധാന കൃത്യങ്ങളിലൊന്നാക്കിത്തന്നെ വിചാരിക്കുന്നു. മുടങ്ങാതെ പലഹാരാദി കൊണ്ടുവന്നു തരുന്നുണ്ട്. എന്താണാവശ്യമെന്നു കുട്ടനോടു ദിവസമെന്നപോലെ വന്നുചോദിക്കാറുണ്ട്. ഏകാദശി ദിവസം ഭജനമുടക്കുന്നില്ല. വലിയ മഴയും ഇരുട്ടും ആയിട്ടും മുടക്കിയില്ല. ആശ്രമത്തിനുചുറ്റും കയറിവരുന്ന വഴിക്ക് കാടു തകർത്തുവരുന്നതിനെ ഇവർ തുമ്പായുംകൊണ്ടുവന്നു ഭേഷാ

ക്കി നന്നാക്കുന്നുണ്ട്. വാദ്ധ്യാർ തമ്പുരാനും അതിൽ അഭിമാനം കൂടാതെ തുമ്പാ പ്രയോഗിക്കയും വീഴുകയും ഒക്കെയുണ്ട്.

ഓഹോ! പിന്നെയൊരു പപ്പുപിള്ളയും കൂടിയുണ്ട്. തമ്പിയുടെ പടിഞ്ഞാറേതിലെ ആണുപോലും. ഇവർ കൂട്ടുവാൻ വയ്ക്കുവാൻ കൊണ്ടുതരും. ഇവർ കാവ്യം പഠിക്കണമെന്നു ഒത്തുകൂടി നിശ്ചയിച്ചിട്ടുണ്ട്. ആവുന്നിടത്തോളം തമ്പുരാനോടു പഠിക്കാം. പിന്നെ നമ്മോടുമാവാം എന്നൊക്കെയാണ്. മിക്ക ദിവസവും എല്ലാവരും വരും. തമ്പുരാൻ ദിവസം ഒന്നും രണ്ടും നേരം വരും. എല്ലാവരോടും പകലിൽ വരരുതെന്നും ആവശ്യ മുള്ളപ്പോൾ വിളിക്കാമെന്നും പറഞ്ഞിട്ടുണ്ട്. എങ്കിലും അവർ സാധാരണ വൈകുമ്പോൾ കുട്ടന്റെ അടുക്കൽ വന്നിട്ടുപോകും. എനിക്കിവിടെ തനിച്ചിരിപ്പു പരമസുഖം. തമ്പുരാൻ സഭാഗിനേയ ഭാര്യനായിട്ടു തുറവൂർ ഉത്സവത്തിനു പോയി 15 ദിവസമായി. ഇന്നു വരുമെന്നാണ്. കൊച്ചുതമ്പുരാൻ അയിരൂർ ഉണ്ടല്ലോ. അയ്യോ! നമ്മുടെ കുന്നത്തുനാട്ടെ രാമൻപിള്ളയുടെ ഒരെഴുത്തു ഒരു മാസാധികമായി മേൽവിലാസാവ്യക്തത ഹേതുവായിട്ട് ആറന്മുളയും ചെങ്ങന്നൂരുമായിട്ടു തിരിഞ്ഞു ഇപ്പോൾ വന്നെത്തി യിരിക്കുന്നു. വാതോപദ്രവം കൊണ്ടു പിഴിച്ചിൽ ഭവനത്തിൽ വച്ചു ചെയ്തു പഥ്യം കിടക്കുകയാണ്. ഒരു പുസ്തകം കിട്ടിയേകഴിയൂതന്നെ. അയച്ചാൽ ഉടൻ പണം അയച്ചേയ്ക്കു മെന്നും പിന്നെ മറ്റുപലതും എഴുതിയിട്ടുണ്ട്. ഒരു പുസ്തകം അയച്ചേമതിയാവൂ. എനിക്കു നാല് അല്ല അഞ്ചു പുസ്തകം (പ്രാചീനമലയാളം) ചുമ്മാ കൊടുക്കേണ്ടതുണ്ട്. അതു കൊടുക്കണം. ഇരിക്കട്ടെ. പേഷ്കാരദ്ദേഹം വന്നുകൂടുമ്പോൾ ഒന്നുപോയേ കഴിയൂ. തിരുവനന്തപുരത്തുള്ള ശ്രീകണ്ഠേശ്വരം ഭജനമഠത്തിൽ അതുമിതും പുസ്തകങ്ങൾ കിടപ്പുള്ളതും ചെന്നു കൊണ്ടുവരണം. എല്ലാറ്റിനുമായിട്ട് ഒരു യാത്ര വേണ്ടിവരും.

പിന്നെ അങ്ങോട്ട് നിരൂപിച്ചിട്ടേയില്ല. നീലകണ്ഠപിള്ളയ്ക്ക് അങ്ങോട്ടു വലിയേചെന്നു എഴുത്തയച്ചു. അയാൾ വള്ളംവഴി പുസ്തകങ്ങളും കൊണ്ടുവച്ചേച്ചുപോയല്ലോ. അതു ചെയ്യിക്കേണ്ടിയില്ലാഞ്ഞു എന്നെനിക്കിപ്പോൾ തോന്നുന്നു. കോടനാടും ഒരു തവണ പോകണം. പപ്പുപിള്ള എന്നൊരാൾ പതിനൊന്നു പുല, കരക്കാരെ കൂട്ടി നടത്തിയതിനെപ്പറ്റി അങ്ങോട്ടു വന്നിരുന്ന എഴുത്തിനു മറുപടി അയച്ചോ? ഇല്ലെങ്കിൽ നല്ലതായിട്ടയയ്ക്കണം (സഹായമായിട്ട്). നമ്മുടെ തോട്ടവള്ളി ആശാന്റെ കോഴിക്കൂടുപണി കഴിഞ്ഞോ? പാലുകാച്ചു കഴിഞ്ഞോ? എല്ലാപേർക്കും സുഖം തന്നെയല്ലോ? എങ്ങും ഇറങ്ങാതിരുന്നിട്ടു ശരീരത്തിനു അല്പം ക്ഷീണം ഉണ്ട്. എങ്ങും ഇറങ്ങാൻ മനസ്സില്ലാത്തതുകൊണ്ട് ഇറങ്ങുന്നും ഇല്ല.

എന്റെ തീർത്ഥപാദന്,

ചട്ടമ്പി (ഒപ്പ്)

(5)

(സ്വാമികൾ എഴുമറ്റൂർ വിശ്രമിച്ചിരുന്ന കാലത്തു അവിടെ എപ്പോഴും സംഗീതത്തിന്റെയും വിഹാരരംഗമായിരുന്നു. ധാരാളം എറുമ്പുകൾ അവിടുന്ന് ആഹാരം കഴിക്കുന്ന സമയം നോക്കിവന്നുകൊണ്ടിരുന്നു. സ്വസന്താനങ്ങളെപ്പോലെ അവിടുന്നു അവയെ പുലർത്തിവന്നു. അവിടുന്നു എഴുമറ്റൂർ വിട്ടതിനുശേഷം ശ്രീതീർത്ഥപാദപരമഹംസസ്വാമികളുടെ പേർക്കയച്ച താഴെച്ചേർകുന്ന എഴുത്തിൽ അതു സൂചിപ്പിച്ചിട്ടുണ്ട്.)

ആറ്റിങ്ങൽ
89 മകരം 28

ശ്രീ
ശിവമയം

എഴുത്തു കിട്ടി. കുട്ടന്റെ കാര്യത്തെപ്പറ്റി എനിക്ക് ഒന്നും വിശേഷം തോന്നുന്നില്ല... ഇവിടെ വന്നിട്ട് ഏഴുദിവസമായി. മുപ്പതാം തീയതി തിരുവനന്തപുരത്തിലെത്തും. എൻജിനീയരും ഒരുമിച്ചുണ്ടാകും. നമ്മുടെ തമ്പുരാക്കന്മാരെ പ്രത്യേകം കേട്ട തായും കൃതജ്ഞത പറഞ്ഞതായും മറ്റും ഉണർത്തണം. പാണ്ഡ്യൻകുളം, പതാലി മുതലായ നമ്മുടെ സ്നേഹിത ഭാഗവതർകൾ പണ്ഡിതന്മാരാകാൻ പ്രവേശിച്ചതുകേട്ടു വളരെ സന്തോഷിക്കുന്നു. കഴിയുന്നതും മുഴുവനാക്കാൻ ശ്രമിക്കണം. പ്രത്യേകം അന്വേഷിച്ചതായും പറയണം. അവിടെ ആ പത്തറപ്പെട്ടിക്കകത്തിരിക്കുന്ന ഭഗവൽഗീത അഞ്ചാറുവ്യാഖ്യാന മുള്ള വലിയ പുസ്തകം ബുക്കുപോസ്റ്റായി അഞ്ചലിൽ അയ യ്ക്കണം. ഇപ്പോൾ എഴുതുന്ന പുസ്തകത്തിൽ ചേർക്കാനുള്ള സ്ത്രീ കയ്യക്ഷരത്തിലുള്ളതായി കുറുക്കേ മടക്കി തച്ചതായിട്ടു "ഇല്ല എനിക്കു ബുദ്ധിയും ഇല്ല എനിക്കു അഹങ്കാരവുമില്ല" എന്നു തുടങ്ങി ഏതാനും എഴുതിയിട്ടുള്ളതല്ലാതെ കടലാസു കളും, മുഴുവൻ കടലാസുകൾ നെടുവെ മദ്ധ്യത്തിൽവച്ചു മടക്കി പകുതിമടക്കിലായിട്ടു ഏതാനും പ്രമാണങ്ങൾ മഷികൊണ്ടും പെൻസിൽകൊണ്ടും നടുവെ മടക്കി വച്ചിട്ടുള്ള പഴയ കടലാസു കളും നോക്കി എടുത്തു അയയ്ക്കണം. പടത്തെ നല്ലതുപോലെ സൂക്ഷിക്കണം. മൃദംഗം സൂക്ഷിച്ചുകൊള്ളുവാനും കൊന്നത്തടി കളയാതെ സൂക്ഷിക്കുവാനും പാണ്ഡ്യൻകുളം ഭാഗവതരോടു പറയണം. ഊറ്റുകുഴിയിലെ വെള്ളമൊക്കെ വറ്റിയില്ലെങ്കിലും ഒഴുക്കു നിന്നുപോയിരിക്കാം. വാദ്ധ്യാർതമ്പുരാൻ, രാമൻപിള്ള മൂപ്പിൽമാർ വരാരുണ്ടോ? കുട്ടന്റെ പോക്കു പോക്കുതന്നെ യെങ്കിൽ നിന്റെ കാര്യം ഇനി എങ്ങനെയാണു നിരൂപിച്ചി രിക്കുന്നത്? തീയൂതി കണ്ണിനധികമാക്കരുത്. നമ്മുടെ ഉറുമ്പു സന്താനങ്ങൾക്കു നീ ഭക്ഷിക്കുമ്പോൾ ആഹാരം കൊടുക്കാ റുണ്ടോ? എപ്പോൾ ആശ്രമത്തിൽ ഏകാന്തതയും ശാന്തതയും

കൂടി പാർത്തുവരുന്നതു ഞാനും കുട്ടനും പുറത്തുകടന്നതിന്റെ അടയാളമാണ്. നാളെ ഉച്ചയ്ക്കു ഞാനും എൻജിനീയരും തിരുവനന്തപുരത്തേയ്ക്കു പോകും. വൈകുന്നേരം എത്തും.

എന്റെ തീർത്ഥപാദന്

സ്വന്തം

ചട്ടമ്പി (ഒപ്പ്)

(6)

(ശ്രീ തീർത്ഥപാദപരമഹംസസ്വാമികൾ 15മത്തെ വയസ്സിൽ ഗുരുപാദർക്കു ശിഷ്യപ്പെട്ടതാണ്. ഒരു പിതാവിന് തന്റെ ഇളയ മകനോടുള്ളതിൽ കവിഞ്ഞ വാത്സ്യല്യം ശ്രീചട്ടമ്പിസ്വാമിതിരുവടികൾക്കു പരമഹംസരോടുണ്ടായിരുന്നു. 92ൽ ശ്രീ തീർത്ഥപാദപരമഹംസസ്വാമികൾക്കു അല്പം ശരീരസുഖമില്ലാതെ കിടന്നു. ആ വിവരം പിന്നീടാണ് ശ്രീചട്ടമ്പിസ്വാമിതിരുവടികളെ ധരിപ്പിച്ചത്. ലേഖനമാലിക മുതലായി ചില പുസ്തകങ്ങൾ പരമഹംസസ്വാമികൾ എഴുതിയത് ശ്രീചട്ടമ്പിസ്വാമികളുടെ പേർക്ക് അയച്ചുകൊടുത്തു. അതിനെല്ലാം കൂടിയുള്ള മറുപടിയാണ് അടിയിൽ ചേർക്കുന്നത്.)

പെരുമ്പാവൂർ

92 മകരം 17

ഓം

അഖണ്ഡബ്രഹ്മാനന്ദാമൃതരസം സർവത്ര നിരന്തരം നിനക്കു സ്വാനുഭൂതിരൂപമായി പ്രകാശിക്കട്ടെ! എഴുത്തും പുസ്തക ങ്ങളും കിട്ടി. അളവറ്റ സന്തോഷം. ഈ സന്തോഷശബ്ദം അന്യ ങ്ങളായ പല ഹിതാനുഭവങ്ങൾ നിമിത്തം പ്രയോഗിക്കപ്പെട്ടു പോയതാണെന്നുവരികിലും ഇതിലുള്ള അർത്ഥത്തിന്റെ അവസ്ഥ അതുകൾപോലെയൊന്നും അല്ല. ഏറ്റവും ഇഷ്ടമു

ണ്ടായിരിക്കെ, അധികകാലം മുറയ്ക്കു ലഭിക്കായ്കയോടു കൂടിയിരുന്നിട്ടും, എന്നാൽ വേണ്ട പോട്ടെ എന്നുള്ള ഉപേക്ഷ യ്ക്കു ഇടംകൊടുക്കാതെയും സ്ഥിരചിത്തരായുമിരിക്കുന്ന മാതാ പിതാക്കന്മാർക്കു കാണാൻ കൊതിച്ചുണ്ടായ ഒരു കുട്ടി എങ്ങനെയോ അതിലുമധിമാണു എനിക്കു കിട്ടിയ ഈ എഴുത്ത്. സുഖക്കേടായി കിടന്നതുകൊണ്ടും അതിനെ ഭൂതകാലസഹിതം അറിയിച്ചാൽ മതിയെന്നുകരുതിയതുകൊണ്ടും എഴുതിയോ എഴുതിച്ചോ അയയ്ക്കാതെ ഇങ്ങനെ താമസിച്ചുപോയെങ്കിലും എനിക്കു എഴുത്തു കിട്ടുന്നതിലേയ്ക്കുണ്ടായിട്ടുള്ള താമസ ത്തിന്റെ നൂറ്റൊലൊരംശമെങ്കിലും ആകുന്നതിനു കഴിയാതെ യായിപ്പോയ എന്റെ ശക്തിക്കുറവിനെ മാറ്റുവാൻ ആരാലും കഴിയുമെന്നു തോന്നുന്നില്ല. അതെല്ലാം അങ്ങനെയിരിക്കട്ടെ. പുസ്തകങ്ങൾ രണ്ടും നന്നായിരിക്കുന്നു. ലേഖനമാലിക അതിന്റെ ഉല്പത്തികാലചേർച്ചയെക്കൊണ്ടുംകൂടി അധികം തക്കതായി ശോഭിക്കുന്നു. ഇതു പ്രയാസമേറിയ പരിശ്രമം തന്നെ എന്നുള്ളതിനെ ഞാനും സമ്മതിക്കുന്നു. എന്നാൽ എന്റെ അപ്പനെ സംബന്ധിച്ചിടത്തോളം അപ്രകാരം സമ്മതിക്കുന്നില്ലെ ന്നാണ്. ഈ എത്രയും വിലയേറിയ പ്രവൃത്തി "മണ്ണിനായുഴി കുഴിച്ചനേരം നിധി തന്നെ ലഭിച്ചതു"പോലെ ആയിത്തീരേണ്ട താണ്. എല്ലാം നിനക്കൊത്തവണ്ണം ഭവിക്കെന്നു കല്യാണമാമ്മാ റനുഗ്രഹം നിർണ്ണയം. ശുഭമേവ ന സംശയഃ. ഞാൻ ഈ കാല ങ്ങളിൽ കോടനാട്ടു നമ്മുടെ സ്ഥലത്താണു താമസം.

ചട്ടമ്പി (ഒപ്പ്)

(7)

(സ്വാമികൾ പരേതനായ ഡാക്ടർ ഗോപാലപിള്ളയ്ക്ക് (റിട്ട. ആയുർവേദഡയറക്ടർ) അയച്ച ചില കത്തുകളാണ് ഇനി ചേർക്കുന്നത്.)

ശ്രീ

ശിവമയം

കുഞ്ഞേ

' എനിക്കയച്ച എഴുത്തിനെ വായിച്ചുനോക്കിയേച്ചു തിരുമേനി ഉടൻ തന്നെ രൂപാ കമ്പിയാഡറായി ഇതാ അയച്ചിരിക്കുന്നു. ഇഛിച്ചപ്രകാരം സുഖമായി വന്നുചേരുക. എല്ലാം മുഖദാവിൽ. ഒരു ഗുഹ ഒഴിഞ്ഞുകിടക്കുന്നതിൽ മനസ്സുറപ്പിച്ചുപോകുന്നതിന്നു ലേഖനത്തിൽ എഴുതിയിരിക്കുന്നു. ഒഴിഞ്ഞതായിട്ടൊരു ഗുഹ മാത്രമേ ഉള്ളതായിട്ടൊള്ളു. അതിൽ മനസ്സുറപ്പിച്ചു സ്ഥിരപ്പെട്ടാൽ ദൂരം അടുപ്പം സ്വദേശം അന്യദേശം മുതലായ ദ്വന്ദ്വവിശേഷങ്ങളും എന്നുവേണ്ട ഒഴിഞ്ഞഗുഹ മനസ്സ് ഉറപ്പിക്കൽ ഞാൻ നീ എന്ന ഭാവനയും അറ്റ അതായത് –

“നാന്തർന്ന മധ്യം ന ബഹിഃ ന ചോർധ്വം
ന ചാധോ ന ചാന്തം ന മധ്യം ന ദീർഘം
ന ഹൃസ്വം ന പൂർവാപരൗ വാ
വിശിഷ്ടാനുഭൂത്യാ വിശുദ്ധാത്മകത്വാ–
ത്തദേകാവശിഷ്ടശ്ശിവഃ കേവലോഹം”.

ഇങ്ങനെ നിത്യാഖണ്ഡാനന്ദാഭയബ്രഹ്മചിദാകാശം തന്നെ.

(ഒപ്പ്)

(8)

അയച്ച എഴുത്തുകണ്ടു. ജോലി അധികമായുള്ള സ്ഥിതിക്കു ആ ചമ്മലു തീർന്നുകിട്ടുന്നതുവരെ വേറെകാര്യത്തി ....[28] ധർമ്മത്തെ ഭൂഷണമാക്കിക്കൊണ്ടതുപോലെ ഏതാദായത്തെയും ഡീക്കിനേയും മിടുക്കി നെയും ലക്ഷ്യമാക്കാതെ ജീവകാരുണ്യത്തെ ഭൂഷണമാക്കിപ്പിടിച്ചുകൊണ്ടാൽ മറ്റുള്ളവയെല്ലാം നടയിൽ കാത്തുകിടക്കും. ഈ ഓർമ്മയെ ചില മിടുക്കന്മാർ ഉദ്യോഗലാഭാനന്തരം തീരെ മറന്നും പുറമേ മാത്രം നടിച്ചുകൊണ്ടും തരം കിട്ടുമ്പോഴേയ്ക്കു എല്ലാം നിസ്സാരമെന്നുവച്ചു കടുംകൈ പ്രവർത്തിചും പ്രവർത്തിപ്പിച്ചും കാണുന്നുണ്ട്. അപ്പോഴതിലേയ്ക്കു ചില ശുഷ്കഞായങ്ങളും കൂടി പൊടിപ്പും തൊങ്ങലും വച്ചു പറയാനും മടിയില്ല. കഷ്ടം കഷ്ടം. ദീർഘായുർഭവ സുഖീ ഭവ. എന്റെ ഗോപാലന്.

(9)

എറണാകുളം
മകരം 19–ാംനു
ചോപ്പിള്ളിമഠം

ശ്രീ

ശിവമയം

എന്റെ അമൃതത്തങ്കക്കുഞ്ഞേ, നിനക്കു ദീർഘായുസ്സും ആരോഗ്യവും സകല സമ്പത്തും പരമാത്മസാക്ഷാൽക്കാരവും ഭവിക്കട്ടെ! മറുപടി അയയ്ക്കാൻ താമസിച്ചതിനെപ്പറ്റി വിശേഷി

[28] ഇവിടെ കത്തിലെ ചിലവരികൾ നഷ്ടമായിട്ടുണ്ട്.

ച്ചൊന്നും നിരൂപിക്കേണ്ട ഞാനിപ്പോൾ എറണാകുളാത്തു ചോപ്പിള്ളിമഠം മാളികഭവനത്തിൽ താമസിക്കുന്നു നായർ പണിക്കർ മുതലായവർ എന്റെ പറവൂർ ഒണ്ട് ദിവ്യൗഷധ ങ്ങളെപ്പറ്റി എഴുതിയ എല്ലാം എന്റെ കൈവശം ഇരിക്കുന്നുണ്ട് അങ്ങോട്ടയയ്ക്കണമെങ്കിൽ ഉടൻ തന്നെ വിവരമായെഴുതി അയയ്ക്കണമിങ്ങോട്ട് ചെമ്പഴന്തിയിലെ (ഗോവിന്ദപ്പിള്ള മുതൽ പേരുടെ) വർത്തമാനങ്ങളൊന്നും അറിയാറില്ല. അറിയിക്കാറു മില്ലെന്നു പറയണ്ടല്ലോ ഇങ്ങോട്ടെപ്പോഴാണു തിരിക്കുന്നതെന്നു സൂക്ഷ്മമായെഴുതി അയയ്ക്കണം. താമസിയാതെ അയയ്ക്കണ മെന്ന് പറയാനുള്ള യോഗ്യത എനിക്കില്ലെന്നു നിശ്ചയം. തിരുവനന്തപുരത്തു നിന്നും പോന്നിട്ടു മുന്നായെ നമ്മുടെ പ്രേമഭാജനമായ കൃഷ്ണപിള്ളയ്ക്കും സുഖന്തന്നല്ലോ. പ്രാരബ്ധ ശരീരം അതുവരെയിരിക്കുന്നെങ്കിൽ വരുന്നോൾക്കാണാം. അതിലെയ്ക്കത്യാഗ്രമുണ്ടെന്നുള്ളതു ശങ്കരമേനോന്റെ ഭവനം ഇവിടെയാണ്.

എന്ന്,
ചട്ടമ്പി (ഒപ്പ്)

(10)

98 ധനു 10

ശിവമയം

എന്റെ ഞാനായ ഉറ്റ അളവറ്റ അൻപനായ പൂർവപ്രിയ സഹോദരന്റെ പരമാവസ്ഥയെ ദൂരസ്ഥനാകകൊണ്ടോ എഴുത്തു കിട്ടായ്കകൊണ്ടോ ഒന്നുകൊണ്ടും തടവുപെടാതെ യഥാവസരം അറിഞ്ഞ് തത്സംബന്ധമായെനിക്കവകാശമുള്ള സ്നാനം മുതലായ ബഹുകൃത്യത്തെയും അനശ്വരഫലപ്രദമായ ആന്തര

കൃത്യത്തെയും അനുഷ്ഠിച്ചു. മൂന്നാലുദിവസം കഴിഞ്ഞ് പണിക്കരെക്കണ്ട് ഈ വിവരം പറഞ്ഞു. അവനും അവനെച്ചേർന്നവരും മേൽപ്രകാരം അനുഷ്ഠിച്ചു. അതുകൊണ്ട് എഴുത്തു കിട്ടിയില്ലെങ്കിലും കിട്ടിയ ഫലംതന്നെ അനുഭവിച്ചു.

അല്പം വല്ലതും പേയം കിട്ടിയാലും സ്വീകരിച്ചു കൊള്ളാമെന്ന നിലയിൽ ഏറ്റവും ക്ഷുത്തോടുകൂടിയിരിക്കുന്ന ദരിദ്രന്ന് വളരെ പ്രിയമുള്ള പഞ്ചാമൃതംതന്നെ ലഭിച്ചതുപോലെ യാണ് എന്റെ ഓമനത്തങ്കക്കുഞ്ഞേ ഈ എഴുത്തു കിട്ടിയത്. എനിക്ക് കാണാനും പറയാനും വളരെവളരെ താൽപര്യമുണ്ട് അവിടത്തെ അസൗകര്യവും വഴിക്കുള്ള അലച്ചിലും കൊണ്ട് ഈയിടെ എങ്ങും ഇങ്ങോട്ടുള്ളയാത്രയിൽ ബുദ്ധിമുട്ടേണ്ട. കൈപ്പട എഴുത്തു കണ്ടാൽ നേരിട്ടു കാണുന്നതിൽ പകുതി സുഖവും വിവരങ്ങളെല്ലാം മുഴുവനുമറിയാൻ എളുപ്പവുമാണ്. ഈ വെയിൽമുഴുവനും കഴിഞ്ഞ് മഴപെയ്തു തണുത്തതിനു മേലേ ഞാനങ്ങോട്ടൊള്ളൂ എന്നുള്ളതു നിശ്ചയംതന്നെ. അച്ഛൻ മുൻകൂട്ടിച്ചെയ്തുവച്ചതു പുരുഷത്വവും യുക്തവുംതന്നെ. അമ്മ യ്ക്കും കുട്ടികൾക്കും പിതൃവിയോഗസംബന്ധമായ ക്ലേശമ ല്ലാതെ സുഖക്കേടൊന്നുമില്ലല്ലോ. എന്റെ പ്രിയത്തങ്കക്കുട കൃഷ്ണപിള്ളയ്ക്കും സുഖന്തന്നല്ലോ. എഴുത്തു കിട്ടിയില്ലെ ങ്കിലും കിട്ടിയ ഫലംതന്നെ. പണിക്കരുടെപക്കൽ ഒരു എഴുത്തും ചെന്നിട്ടില്ല. എന്റെ ഗോപാൽക്കുഞ്ഞിന്,

ചട്ടമ്പി (ഒപ്പ്)

(11)

ശ്രീ

ശിവമയം

എന്റെ തങ്കച്ചുന്തരിയുടെ എഴുത്തു കിട്ടി. സന്തോഷമായി. നമ്മുടെ കല്പകപ്പൂന്തേൻകുഴമ്പും അനന്യ ആത്മാവുമായിരിക്കുന്ന ആ പൊന്നോമനമൂർത്തി തിരുമേനി, "സർവം ഖല്വിദം ബ്രഹ്മ നേഹ നാനാസ്തി കിഞ്ചന" എന്നുള്ള ദൃഢനിശ്ചയസമേതം നിത്യാനന്ദബ്രഹ്മനിഷ്ഠയിൽ സ്ഥിതിചെയ്തുകൊണ്ടും വിളങ്ങുന്നല്ലോ. എന്റെ സാധുശിരോരത്നമായ തങ്കമേനവന്റെ ലേഖനം യഥാവസരം വരുന്നൊണ്ട്. ഉള്ളിൽ കവിഞ്ഞ് അടങ്ങിക്കിടന്നു പ്രകാശിക്കുന്ന പരമാനന്ദസ്നേഹസഹിതം നിങ്ങളെല്ലാപേരും കൂടിക്കാഴ്ചയുംകഴിഞ്ഞു അൻപുമൂർത്തികളായി സുഖിക്കുന്നു എന്നറിയുന്നു. ഞാൻ അവിടെ വന്നുചേർന്നാൽ (തിരുമേനിയെ ഒഴിച്ച്) കാണാനുള്ള വിഗ്രഹങ്ങൾ പരിപൂർണ്ണമായിത്തികയണമെങ്കിൽ മേനവൻ കൂടി ആ കൂട്ടത്തിൽ (അവിടെയുള്ള കൂട്ടത്തിൽ) ഒണ്ടായിരിക്കണം. അതിനാൽ എന്റെ മേനവൻ അവിടെ ഇരിക്കണം. എന്റെ ചുന്തരിമാത്രം വരണം. എന്റെ തിരുമേനി നാലഞ്ചെഴുത്തുകൾക്കു മുമ്പയച്ച ഒരു എഴുത്തിൽ"തിരുവനന്തപുരം അത്ര നല്ല ദിക്കല്ല. ക്ഷണം ഇങ്ങോട്ടു പോരണം" എന്നൊരു വാക്കു വിശേഷമായി പ്രയോഗിച്ചിരിക്കുന്നു. പരമവിശ്വാസജനകമായ ഈ വാക്ക്കു പുറപ്പെടുന്നതിലേയ്ക്കു ഹേതുവായ അവിടുത്തെ അക്കരുണക്കടലും എന്റെ മേനവൻ ഇപ്പോളയച്ചിട്ടുള്ള എഴുത്തിൽ ഞാനിനി അങ്ങോട്ടുവരികയില്ലെന്നുണ്ടൊ എന്നൊരുവക്കു ചേർത്തിരിക്കയാൽ എന്റെ മനസ്സിനെ ഉരുക്കുന്ന ഈ വാക്കിനു ഹേതുവായ അളവറ്റ സ്നേഹപാരവശ്യക്കടലും ചേർന്ന് എനിക്ക് ഒരു വിയോഗസങ്കടാശ്രുധാരയായിട്ടുതീർന്ന് അടിക്കടി കുളിപ്പി

ക്കുന്നു. എന്റെ ചുന്തരിയുടെ എഴുത്തിൽ ഇത്തരം വാക്കുണ്ടായി രുന്നതു ദർശനമാത്രത്തിൽ അകന്നു. ഇവരണ്ടും ഈ ഔഷധം തന്നെ സിദ്ധിച്ചേ തീരൂ...

എന്റെ ഗോപാലപിള്ളയ്ക്കു ഗവർമെണ്ടിൽനിന്ന് ഇൻസ്പെക്ടരായിട്ടു നിയമിച്ചു ആഡർ വന്നതിനെ വേണ്ടെന്നു ഉപേക്ഷിച്ചു. ധാരാളം ചികിത്സയും പണവും (300 രൂപായിൽ കൂടുതൽ) കിട്ടുന്നുണ്ട്. ഇപ്പോൾ 50 രൂപായ്ക്കു ഒരു വലിയ കെട്ടിടം പുത്തൻചന്തയിൽ വാടകയ്ക്കെടുത്ത് അതിൽ താമസി ക്കാൻ പോകുന്നുണ്ട്. അല്ലല്ല, താമസം തുടങ്ങി നാലു ദിവസ മായി. വേലായുധൻ തമ്പി (ശ്രീ)ക്കു പണിചെയ്യിച്ച അതി മനോഹരക്കെട്ടിടമാണ്. ഒരുമാസം കഴിഞ്ഞേ താമസിക്കുന്ന കെട്ടിടം കൈവിടൂ. സംബന്ധം നിശ്ചയിച്ചു. തഹ. അനുജൻ അയ്യൻപിള്ള ടിപ്പിടി അ. ഭാ. പ. അ. യുടെ കടശ്ശിയിലെ അനുജത്തി ഭാനു മ. കൊച്ചമ്മയാണ്. ഞാൻ ഇവിടെക്കിടന്നു കഷ്ടപ്പെടുവാൻ ഇട ഇനിക്കുറയും. വെയിലേ; ശിവശിവ. നമ്മുടെ ജഡ്ജി അദ്ദേഹത്തിന്റെ ഓലച്ചെറ്റപ്പുര (ശ്രീരംഗവിലാസത്തെ ചവറ്റുപുര തന്നെ. ഇതിലാണ് സ്വാമിതിരുവടി സാധാരണ ഇരിക്കാറ്) കണ്ടല്ലോ. ചുന്തരി! ഓരോ കാലത്തെ പ്രാരബ്ധം. ഞാൻ തിരുമേനിക്കയച്ചിരുന്ന എഴുത്തിനു വളരെനാളായിട്ടും മറുപടി കാണായ്കയാലും... ഗോവിന്ദപിള്ള എനിക്കു സുഖ ക്കേടായിരിക്കവേ അങ്ങോട്ടുപോന്നതുകൊണ്ടും വന്നതിന്റെ ശേഷം അങ്ങോട്ടു വരുന്നവിഷയത്തിൽ നല്ല താല്പര്യമില്ല. പറയായ്കകൊണ്ടും അതിനാൽ അവിടത്തെ സൗകര്യത്തിൽ ശങ്ക ജനിക്കകൊണ്ടും മന്ദിച്ചിരുന്നുപോയി. "ഭക്തിയും മനമും പൊരുന്തിനതംകെ സത്തിയം ചൊന്നേൻ ചടലമുമിങ്കേ" എന്നു നന്തൻ പറഞ്ഞതുപോലെയാണിരിക്കുന്നത്. എനിക്ക് ഒത്ത പ്പോൾ ഒത്തപോലെ വരുന്നതിന്ന് ഏതുകൊണ്ടും ഞാൻ

അപ്രാപ്തനുമാണ്. എന്റെ ഗോപാലപിള്ളയുള്ളതുകൊണ്ട് സകലവുമെനിക്കിവിടെയൊണ്ട്. ഇല്ലാത്തപ്പോഴുമൊണ്ട്.

നമ്മുടെ വേലുപിള്ള (ഭാഗവതർ) അവധിയോടുംകൂടി ഇവിടെ വന്നിരുന്നു. കിഴക്കുപോയിരിക്കയാണ്. വരുമ്പോൾ എന്നെ കാണുമെന്നും ഞാൻ കൂടിവരുമെന്ന്നും പറഞ്ഞുറച്ചാണ് പിരിഞ്ഞത്. എന്റെ ചുന്തരിക്ക് എന്നു മദ്രാസിൽ പോകണം. വിവരത്തിനു ഒരെഴുത്തുകൂടി ഇങ്ങോട്ടയയ്ക്കണം. ഉടൻ മറുപടി അയയ്ക്കാം. പിന്നെ ഇങ്ങോട്ടും അങ്ങോട്ടും യാത്രതന്നെ. മോക്ഷപ്രദീപനിരൂപണം, ശ്രീചക്രപൂജ, ജീവകാരുണ്യനിരൂപണം ഇത്യാദി തീർന്നിരിപ്പുണ്ട്. പിന്നെ കുറെ പുസ്തകങ്ങളും ചുമടായിട്ടൊണ്ട്. എല്ലാംകൂടികൊണ്ടുപോകേണ്ടതായിരിക്കുന്നു. കൂവളക്കായ്കൾ, പലവിത്തുകൾ, തുന്തണ മുതലായവ. സുഖം തന്നെല്ലോ. ഈ എഴുത്തിനു നമ്മുടെ പൊന്നു തിരുമേനിയുടെ തിരുക്കരത്തിലും എന്റെ അൻപുരൂപിമേനവന്റെ കയ്യിലും മറ്റും ചാടിക്കരേറുവാൻ പ്രിയമൊണ്ട്. എന്റെ പൊന്നുമുണ്ടനാട്ടു കുറുപ്പ്, പണ്ഡിതർ; സുഖം തന്നല്ലോ. എന്റെ തങ്കപ്രിയ സഹോദരൻ എ. എസ്. സുഖമായിരിക്കുന്നല്ലോ. പ്രിയസ്വരൂപി അസിസ്റ്റന്റ് ആനന്ദചിത്തമൂർത്തി ചാർജ്ജിൽനിന്നും മോചിച്ചല്ലോ. സുഖസഞ്ചാരം തന്നെല്ലോ.

എന്റെ ചുന്തരിക്ക് (പൊന്നിന്)

ചട്ടമ്പി (ഒപ്പ്)

മലയാളത്തിലെ ചില സ്ഥാനനാമങ്ങൾ[29]

മലയാളദേശത്തു നടപ്പുള്ള സ്ഥാനപ്പേരുകളെ പരിശോധിക്കയാണെങ്കിൽ, അവ, പ്രഭുത്വം കൊണ്ടും പ്രവൃത്തികൊണ്ടും ഇങ്ങനെ രണ്ടു പ്രധാനകാരണങ്ങളാൽ ഉത്ഭവിച്ചിട്ടുള്ളവയാണെന്നു പ്രത്യക്ഷപ്പെടും. "മലൈനാട്ടുമാടമ്പി മാക്കിരുഹനാകത്താർ മാനം മുട്ടെത്താനമുള്ള മാത്തുയരല്ലോ" എന്ന് ഒരു പ്രാചീനവട്ടെഴുത്തുഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു. ഇക്കാലത്ത് ഒരാൾക്കുതന്നെ രണ്ടോ മൂന്നോ സ്ഥാനങ്ങൾ (ബഹുമതികൾ) ലഭിക്കാറുണ്ടല്ലോ, അതുപോലെ, പ്രാചീനകാലത്തെ മലയാളി പ്രഭുക്കന്മാർക്കും വളരെ സ്ഥാനമാനങ്ങളുണ്ടായിരുന്നു എന്നു മേലെഴുതിയ മൊഴിയിൽനിന്നും മനസ്സിലാക്കാം. എന്നാൽ പൂർവ്വകാലത്ത് ഓരോരുത്തർ സ്ഥാനപ്പേരുകൾ സമ്പാദിച്ചത്, ഇന്നത്തെ ചിലരെന്നപോലെ അധികൃതന്മാരുടെ സേവകൊണ്ടും സ്വസഹോദരങ്ങൾ "കുടിക്കഞ്ഞിയില്ലാതേയും ഉടുക്കത്തുണിയില്ലാതേയും" കഷ്ടപ്പെടുന്നതു കണ്ടിട്ടും ദയതോന്നാതെ അധികാരികളുടെ വല്ല സ്ഥാപനങ്ങൾക്കും ധനസഹായം ചെയ്തിട്ടും അല്ലായിരുന്നു. താഴെ വിവരിക്കാൻപോകുന്ന സ്ഥാനപ്പേരുകൾ അവയെ ഉപയോഗിക്കുന്നതിന് അനർഹന്മാരായ പലരുടേയും നാമങ്ങളോടു കൂട്ടിച്ചേർത്തിരിക്കുന്നതു, വാക്കുകളുടെ അർത്ഥം വിവരിക്കുമ്പോൾ കാണാവുന്നതാകുന്നു. ആയത് അങ്ങനെതന്നെ ഇരുന്നുകൊള്ളട്ടെ എന്നു സമാധാനിക്കാനേ തരമുള്ളൂ.

നായൻ, നായനാർ, നായന്മാർ എന്നീ വാക്കുകൾക്ക് ഏകദേശം ഒരേ അർഥം തന്നെ. നായൻ, നായനാർ

[29] പഴയ 'സദ്ഗുരു' മാസികയിൽ ചട്ടമ്പിസ്വാമികൾ 'അഗസ്ത്യൻ' എന്ന പേരുവച്ച് എഴുതിയ ലേഖനങ്ങളിൽ രണ്ടെണ്ണമാണ് ഇവിടെ എടുത്തു ചേർത്തിട്ടുള്ളത്.

ഇപ്പദങ്ങൾക്കു രാജാവ്, യജമാനൻ, ഈശ്വരൻ, അതിവിശിഷ്ടൻ എന്നും; നായന്മാർ എന്നുള്ളതിന് പ്രധാനകന്മാർ അല്ലെങ്കിൽ മുഖ്യന്മാർ, ദാനശീലന്മാർ, അതിവിഷിഷ്ടന്മാർ എന്നും അർത്ഥമാകുന്നു. നായൻ എന്നതിന്റെ ബഹുവചനം നായർ. ഇങ്ങനെയുള്ള ശരിയായ അർത്ഥത്തെ വിസ്മരിച്ച് "മംഗളമാല" എന്നൊരു ചെറുപുസ്തകത്തിൽ, നായാട്ടുശാസ്ത്രത്തെക്കുറിച്ചു പറഞ്ഞശേഷം സ്വകപോലകല്പിതമായ നായർശബ്ദവ്യുല്പാദനക്രമത്തിനു തൽകർത്താവിനെ പ്രേരിപ്പിച്ച ചേതോവികാരമെന്തോ?

ഇറൈ, കോ, അടി, പാട് മുതലായ പദങ്ങൾ പ്രഭു എന്ന അർത്ഥത്തെക്കുറിക്കുന്നവയും ബഹുമാനസൂചകമായി ഉപയോഗിക്കുന്നവയുമാണ്. ഇറൈ+അടി=ഇറയടി=ഏറാടി. "ഏറിനെ മേയ്ക്കുന്നവൻ ഏറാടി; (ഏറ് = കന്ന്. അതിനെ ആട്ടുന്നവൻ ഏറാടി എന്നാണു ഡിപ്യൂട്ടി കലക്റ്റർ ആയിരുന്ന മിസ്റ്റർ കരുണാകരമേനോൻ അവർകളുടെ അഭിപ്രായം. ഇതു വക വെച്ചുകൊടുക്കുന്നതായാൽ എടയന്മാരും ഈ സ്ഥാനത്തിന് അവകാശികളാണല്ലോ. മേനോന്റെ അഭിപ്രായം ഏറ് എന്ന ശബ്ദം കേട്ടു ഭ്രമിച്ചുണ്ടായ പ്രമാദമാണെന്നു പറയാനേ ന്യായം കാണുന്നുള്ളൂ.

നെടും+കോ+അടി=നെടുങ്കോടി=നെടുങ്ങാടി. മഹാപ്രഭു എന്നർത്ഥം. ഇളം+കോ+അടി=ഇളങ്കോവടി, ഇളയ പ്രഭു. അടി+അടി=അടിയടി=അടിയോടി. വല്ലോൻ+അടി=വല്ലോനടി= വള്ളോനടി=വള്ളോടി. വല്ലോൻ=പ്രഭു.

പൂശാ(യാ)രി+അടി=പൂശാരടി=പിഷാരടി=പിഷരൊടി=പിഷാരോടി. പൂശാരി=പൂജ ചെയ്യുന്നവൻ. ഇപ്പോൾ കെട്ടിച്ചമച്ചിട്ടുള്ള അർത്ഥം സംസ്കരണാവസ്ഥയിൽ ഓടിയതുകൊണ്ട് പിഷരോടി എന്നാണ്. എപ്പോൾ ഇവർക്കു പൂജയ്ക്കധികാരമി

ല്ലായിരിക്കാം. ഓരോ കാലത്തു പ്രബലന്മാർ ദുർബ്ബലന്മാരെ തരം താഴ്ത്തിവരാറുള്ള നയം അനുസരിച്ചു പറ്റിപ്പോയതായിരിക്കണം. പിഷാരോടിമാരുടെ ശവസംസ്കാരം യോഗികളുടെ ദേഹം സംസ്കരിക്കുമ്പോലാണ് ഇന്നും നടത്തിവരുന്നത് എന്ന സംഗതിയും ഓർക്കേണ്ടതാണ്.

അമ്പലത്തിൽ പ്രവൃത്തിചെയ്തു നിത്യവൃത്തികഴിക്കുന്ന തിനാൽ അമ്പലവാസി, ശാന്തിക്കാരൻ ഇതിൽ പെടാത്തതു കൊണ്ട്, മുൻകാലത്ത് ശാന്തി നടത്തിവന്നതു വയറുപഴപ്പി നുവേണ്ടി അല്ലായിരുന്ന് എന്നൂഹിക്കാം. മൂത്തത് അമ്പലവാസി യിൽ പ്രധാനി എന്നു പേരുകൊണ്ടുതന്നെ നിശ്ചയിക്കാം. അമ്പല ത്തിൽ പൂവുകൊടുക്കുന്നതുകൊണ്ടു പുഷ്പകൻ' ഇത് ആര്യന്മാ രുടെ സമ്മാനമായിരിക്കണം. ക്ഷേത്രം അടിച്ചുവാരുക മുതലാ യവ ചെയ്യുന്നതിനാൽ വാരിയൻ, ബഹുവചനം വാരിയർ (warrior വാറിയർ) എന്ന ഇംഗ്ലീഷ്വാക്കിൽ നിന്നാണ് വാരിയർ എന്ന പദം ഉണ്ടായതെന്ന് ഒരു വിദ്വാൻ സമദർശിയിൽ തട്ടിവീക്കിയിരുന്നു. ഈ വാക്കിനുതന്നെ ഇതുപോലെ വിസ്മയ കരമായ പല ഉല്പത്തികളും ഓരോരുത്തർ അവരവരുടെ സരസ്വതിപ്രസാദംപോലെ കണ്ടുപിടിച്ചിട്ടുണ്ട്. പൂവ് കൊടുക്കു കയോ, കുരുക്കുകയോ ചെയ്ത് അമ്പലത്തിൽ കൊടുത്തു വന്നതുകൊണ്ട് കുരുക്കൾ എന്ന നാമം ഉണ്ടായി. ഇതു സാധാരണയായി കൊല്ലത്തിനു തെക്കെ ഉപയോഗിച്ചു വരുന്നുള്ളു എന്നു തോന്നുന്നു.

മാരായൻ=മാരാൻ. ബഹുവചനം മാരാർ. മഹാപ്രഭു എന്നർത്ഥം. ഇപ്പോൾ ഈ പേരിന് അർഹതയുള്ളവർ വളരെ ചുരുക്കം പേരെ കാണുകയുള്ളൂ. അധികംപേരുടേയും അവസ്ഥ കൊട്ടിന്മേൽ കലാശിച്ചിരിക്കുന്നു. ഇതിന്റെ ഉത്ഭവത്തെപ്പറ്റി ഒരു

വിദ്വാൻ ഇങ്ങനെയാണ് അഭിപ്രായപ്പെട്ടിരിക്കുന്നത്. ഒരുത്തന് ഒരു സ്ത്രീയോട് അധികം അനുരാഗമുണ്ടായെന്നും ഇതറിഞ്ഞ മറ്റൊരാൾ അയാളെ മഹാരാഗൻ എന്നു വിളിച്ചു എന്നും അത് ഒടുവിൽ മാരാൻ എന്നായി പരിണമിച്ചു എന്നും ആകുന്നു. ഒരാളുടെ അനുരാഗത്തിനു മറ്റു മാരാന്മാർ എന്തു പിഴച്ചു എന്നറിയുന്നില്ല. ഇതെല്ലാം അത്ഭുതസംഭവങ്ങളോടു കൂട്ടിച്ചേർത്ത് ഇതിന്റെ സ്രഷ്ടാക്കൾ ആശ്വാസപ്പെടട്ടെ.

പണിക്കൻ എന്ന സ്ഥാനം വിഷവൈദ്യൻ, ക്ഷുരകൻ, ചാരായം വില്ക്കുന്നവൻ എന്നി തൊഴിലുകാർക്കും, സംഘത്തിന്റേയും മറ്റും ആശായ്മസ്ഥാനം വഹിക്കുന്നവർക്കും ഉപയോഗിക്കാനുള്ളതാണ്. ബഹുവചനം പണിക്കർ.

എം+പിരാൻ=എമ്പിരാൻ (എമ്പ്രാൻ)=ഞങ്ങളുടെ തലവൻ. ഞങ്ങളുടെ ദേവൻ. എം=എങ്ങളുടെ (ഞങ്ങളുടെ). പിരാൻ= രക്ഷിതാവ് (തലവൻ, ദേവൻ). ഹേ ബ്രാഹ്മണ! എന്നു വിളിക്കാൻ തുടങ്ങിയത് (എന്തു കാരണവശാൽ എന്നറിഞ്ഞില്ല) ഹേബ്ര എന്നു വിളിച്ചു നിർത്തിപ്പോയെന്നും, പിന്നീട് ആയത് എമ്പ്രാനായിത്തീർന്നുവെന്നുമാണ് കേരളമാഹാത്മ്യം പറയുന്നത്. ഇതുപോലുള്ള അവസരോചിതമായ സൃഷ്ടികൾ അതിൽ വേണ്ടുവോളം കാണാവുന്നതാണ്. "എബ്രഹാം" എന്ന പദത്തിൽ നിന്നുണ്ടായി എന്നു പറയാത്തത് ഭാഗ്യം!

തം+പിരാൻ = തമ്പിരാൻ (തമ്പുരാൻ) = (തങ്ങളുടെ) ഈശ്വരൻ, കല്പിക്കുന്നവൻ, ദൈവഭക്തസംഘത്തലവൻ, തം+ പിരാട്ടി=തമ്പിരാട്ടി (തമ്പുരാട്ടി)=(തങ്ങളുടെ)പ്രഭ്വി. തമ്പിരാൻ, തമ്പുരാൻ, തമ്പ്രാൻ ഇങ്ങനെ മാറി ഒടുവിൽ തമ്പാൻ എന്നായിത്തീർന്നു. ഇതുപോലെ തന്നെ തമ്പാട്ടി എന്നുള്ളതും.

നം+പിരാൻ=നമ്പിരാൻ=നമ്മളുടെ രക്ഷിതാവ് (തലവൻ, ദേവൻ). ചാമന്തൻ (സാമന്തൻ)=മന്ത്രി, രാജാവ്, സ്നേഹിതൻ, സേനാധിപതി.

തിരു, ആർ, മെയ് എന്നിവയും ബഹുമാനസൂചക പദങ്ങളാകുന്നു. തിരുമെയ്+പാട്=തിരുമെയ ്പാട്. ഇത് ഇപ്പോൾ തിരുമുൽപാട് എന്നായിത്തീർന്നിരിക്കുന്നു.

കോഴിക്കോട് സാമൂതിരിയുടെ കുടുംബത്തിൽ ചിലർ മുന്നാർപ്പാടു, ഏറാൽപാട്, എടത്രാൽപാട്, നെടുത്രാൽപാട് എന്നീ സ്ഥാനങ്ങൾ ഉപയോഗിക്കുന്നതായി മലബാർ ഗസറ്റിയറിൽ പറഞ്ഞിരിക്കുന്നു. മുൻ+ആർ+പാട്=മുന്നാർപാട്. മുൻ=മേലെ (മൂത്തയാൾ). എട+തിരു+ആൾ+പാട്=എടതിരുാൾ പാട്=എടതിരാൽപാട്=എടത്രാൾപാട്. എട=ഇടയ്ക്കുള്ള (മദ്ധ്യം). ബാക്കി പദങ്ങളെല്ലാം ബഹുമാനസൂചകങ്ങൾ. നെടു+തിരു+ ആൾ+പാട്=നെടുതിരുാൾപാട്=നെടുതിറാൽപാട്=നെടുത്രാൾപാട് നെടു=വലിയ.

ആഴുവാൻ+ചേരി=ആഴുവാഞ്ചേരി=ദേശാധിപൻ. തമ്പ്, നമ്പ്, എമ്പ്, നമ്പി മുതലായവ പ്രഭു എന്ന അർത്ഥത്തെ കുറിക്കുന്നു.

തമ്പു+ആത്തൻ = തമ്പാത്തൻ = തമ്പാത്തർ = തമ്പാത്തര് = തമ്പാതിരി = തമ്പാരി = തമ്പൂരി = താമൂരി = സാമൂരി = സാമൂതിരി ഇങ്ങനെ പരിണമിച്ചു. ആത്തൻ=പെരിയവൻ, അച്ഛൻ. ബഹുവചനം ആത്തർ. ർ എന്ന രേഫത്തെ രി എന്നപോലെ ശബ്ദിക്കും. തലയാർ എന്നതിനെ തലയാരി എന്നു പറയാറുണ്ട്. ഇപ്പോഴും തമിഴ്!നാടുകളിൽ ഇങ്ങനെ നടപ്പുള്ളതായി അറിയുന്നു. ഇവിടെ ഇപ്രകാരം നടപ്പുണ്ടായിരുന്നത്

കേരളോല്പത്തിയിൽ കാണാം. തലൈ+ആത്തർ=തലൈയാത്തർ =തലൈയാത്തര്=തലയാതിരി എന്നും അനന്തരം തളിയാതിരി എന്നും ആയി.

നമ്പു+ആത്തൻ=നമ്പ്വാത്തൻ=നമ്പ്വാത്തർ=നമ്പ്വാത്തര്=ന മ്പ്വാത്തരി=നമ്പൂതിരി=നമ്പൂരി.

നമ്പി+ആത്തൻ = നമ്പിയാത്തൻ = നമ്പിയാത്തർ = നമ്പി യാത്തര് = നമ്പ്വാതിരി=നമ്പിയാതിരി=നമ്പ്യാതി.

പോരു+അളം+ആതിരി=പോരളമാതിരി=പോരളാതിരി=പോ റളാതിരി, പടത്തലവൻ എന്നർത്ഥം. നമ്പി+അച്ഛൻ=നമ്പിഅച്ഛൻ= നമ്പിഅശ്ശൻ=നമ്പീശൻ.

ഉണ്ണി+ആത്തൻ = ഉണ്ണിയാത്തൻ = ഉണ്ണിയാത്തർ = ഉണ്ണി യാത്തര് = ഉണ്ണിയാതിരി = ഉണ്ണിയിത്തിരി = ഉണ്ണിത്തിരി = ഉണ്ണു ത്തിരി. കോ+എമ്പ്+താൻ=കോയമ്പുതാൻ=കോമ്പിത്താൻ.

തിരുവിതാംകൂറിലെ ചില പുരാതന നായർകുടുംബ ക്കാർക്കു "പാനുപിള്ള" എന്നൊരു സ്ഥാനമുണ്ട്. രാജാവ്, പ്രഭു എന്നാണതിന്റെ അർത്ഥം. ഇപ്പോഴുള്ള എഴുത്തുകുത്തുകളിൽ പാനപ്പിള്ള (നു എന്നതിനു പകരം ന) എന്നാണ് എഴുതി വരുന്നത്.

തമ്പി, തങ്കച്ചി എന്നീ പദങ്ങൾ അനുജനും അനുജത്തി ക്കും ഉപയോഗിച്ചുവരുന്നതുകൂടാതെ, സ്ഥാനമാനങ്ങളായും സ്വീകരിച്ചിട്ടുണ്ട്. പുരാതനകാലം മുതൽ പാരമ്പര്യമായി സ്ഥാന മാനമുള്ള പ്രഭുക്കന്മാരെക്കൂടാതെ, രാജാക്കന്മാരാൽ സമ്മാനിത രായ സ്ഥാനികളും ധാരാളമുണ്ട്. ഇതിലേയ്ക്ക് ഒരു ഐതിഹ്യം ഇവിടെ കാണിക്കാം. ഒരിക്കൽ അയോദ്ധ്യയിൽ ക്ഷാമം

പിടിപെട്ടതിനാൽ നിത്യവൃത്തിക്കു ഗത്യന്തരമില്ലാതെ മാതാ പിതാക്കന്മാർ അവരുടെ യൗവനദശയെ പ്രാപിച്ച ഒരു പുത്രിയേയും പുത്രനേയുംകൊണ്ട് ശുചീന്ദ്രത്തു വന്നുചേരാൻ സംഗതിയായി. അക്കാലത്ത് അവിടെ എഴുന്നള്ളിത്താമ സിച്ചിരുന്ന മഹാരാജാവ് യദൃച്ഛയാ ആ യുവതിയെക്കാണുകയും ആ സ്ത്രീയുടെ രൂപലാവണ്യത്താൽ ആകൃഷ്ടനായിത്തീരുക യാൽ, പട്ടമഹിഷിയായി സ്വീകരിക്കുകയും ചെയ്തു. ഈ യുവതിയിൽ, മഹാരാജാവിന് രണ്ടാണും ഒരു പെണ്ണും ഇങ്ങനെ മൂന്നു സന്താനങ്ങൾ ജനിച്ചു. പുത്രിയെ തങ്ക എന്നു പേരുവിളിക്കയും അതു കാലാന്തരത്തിൽ തങ്കച്ചി എന്നാക്കി ത്തീർക്കയും ചെയ്തു. പുത്രന്മാരുടെ നാമത്തോടു തമ്പി എന്ന സ്ഥാനം ചേർക്കപ്പെട്ടു. മാർത്താണ്ഡവർമ്മ രാജാവിന്റെ കാലത്തു രാജ്യവാഴ്ച കിട്ടുന്നതിനു തമ്പിമാർചെയ്ത കൃത്രിമ ങ്ങളും മറ്റും ചരിത്രപ്രസിദ്ധമാണല്ലോ. പുതിയതായി പുറപ്പെട്ട കുഞ്ചുതമ്പിമാർ എന്ന ആഖ്യായികയിലും ഇവരുടെ പരാക്രമ ങ്ങളും മറ്റും പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ട്.

തിരുവിതാംകൂർ പുരാതനവസ്തു പ്രിശോധനഗ്രന്ഥാ വലിയിൽ കാണുന്ന ചില നാമങ്ങൾ താഴെ ചേർക്കുന്നു :

നായതൊങ്കപ്പള്ളവരായൻ രാജാവിന്റെ കീഴിലുള്ള ഒരു പ്രഭു തിരുവല്ലാക്ഷേത്രത്തിലെ അഗ്രശാലസംബന്ധമായ ഭൂമികളെ ഭരിച്ചുവന്നിരുന്നു. കന്യാകുമാരിയിലെ ഒരു ശിലാ ലിഖിതത്തിൽ പള്ളവരായൻ എന്നു സ്ഥാനമുള്ള അനേകം പേരെ കാണാം. പെരുമാൾ=മഹാപ്രഭു. നമ്പിരാട്ടിയാർ=രാജ്ഞി മാർ. ദേവിയാർ=രാജപത്നിമാർ. മേൽ എമ്പെരുമാക്കൾ; വടക്കും കൂർ രാജാവിനു കീഴ്മലൈയുടയാൻ എന്ന സ്ഥാനമുണ്ട്. (കീഴ്മലയുടെ ഉടമസ്ഥൻ); നമ്പുനാരായണൻ, നായത്തിയാർ,

അച്ചി; ഇത് അച്ഛൻ എന്നതിന്റെ സ്ത്രീരൂപവും അമ്മ എന്ന് അർത്ഥവുമാകുന്നു. നമ്പിളരാമൻ, നങ്കയാർ, നമ്പിരാട്ടിയാർ, നമ്പുകാളിയാർ, നയന്തൊങ്കപലവരൈയാർ, നാരായണമംഗല ത്തു അച്ചുതൻ, മേതുപ്പിരാൻ, മുതലായവ.

നായ്ച്ചിയാർ (നൈത്യാർ) യജമാനസ്ത്രീ. പുല്ലിംഗം നായൻ. തിരുവനന്തപുരത്തെ മുക്കുവർ, നായർസ്ത്രീകളെ നാച്ചിയാർ എന്നു വിളിക്കാറുണ്ട്. കൊച്ചിമഹാരാജാവിന്റെ പട്ടമഹിഷിക്ക്, നൈത്യാർ സ്ഥാനമുണ്ടല്ലോ.

പോറ്റി=രക്ഷിതാവ്. തിരുവനന്തപുരത്തും മറ്റും വലിയ കാരണവനെ പോറ്റിഅമ്മാവൻ എന്നു വിളിക്കാറുണ്ട്.

താൻ, താങ്കൾ (തങ്ങൾ) എന്നിവ ബഹുമാനസൂചക പദങ്ങളാണ്. വലിയ+താൻ=വലിയതാൻ=വല്യത്താൻ. ഉണ്ണി+ താൻ=ഉണ്ണിത്താൻ. മാടപ്പാട്ട്, മാടമ്പ്, മാടത്താനം, മുഴിയമ്പി, ആറമ്പി, ചെല്ലമ്പി, വട്ടമ്പി, മാടമ്പി, ചെല്ലട്ടൻ, തലച്ചണ്ണോർ, തലപ്പണ്ണോർ, കോമ്പിത്താൻ, ചെമ്പിരാൻ മുതലായ മിക്കവാറും ഉപയോഗിക്കാറില്ലെന്നുതന്നെ പറയാം.

പ്രാചീനവട്ടെഴുത്തുഗ്രന്ഥത്തിൽനിന്നു ചിലതു –

ആൾപടക്കാലമാടപ്പെരുന്തലൈവർ, കൊട്ടുലണിവേന്തർ, മേയ്തയ്മ്മ, മുഴുക്കയ്മ, കോയിക്കയ്മ, കോയിക്കപ്പെരുങ്കൈമാ, കൈമ്മപ്പളുവെണ്ണൂറ്, നമ്പുകൊണ്ടതാനിലായിരം, എമ്പുകൊണ്ട താനി എണ്ണായിരം, നമ്പുകൊണ്ടതാനിമല്ലച്ചേരിപ്പിരാൻ, നാരങ്ങൊളിപ്പിരാൻ, ചെങ്ങാലിവട്ടത്തറപ്പിരാൻ, മാമാത്തൻചേരി അരുമ്പിരാൻ, മാമത്തഞ്ചേരി വട്ടപ്പുതൂർ പെരുംപിരാൻ മുതലായവ.

പാണ്ടിയിൽ നമ്പൂരിയാർ എന്ന സ്ഥാനം വഹിക്കുന്ന തമിഴ് ബ്രാഹ്മണരുണ്ടെന്ന് മധുരമാനുവലിൽ പറഞ്ഞിരിക്കുന്നു. അതേ ഗ്രന്ഥത്തിൽ ഒരാൾ പലപ്പോഴായി മൂന്നു സ്ഥാനങ്ങളാൽ അറിയപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞിട്ടുണ്ട്. വെള്ളാളന്മാരെ "പിള്ള" എന്ന സ്ഥാനപ്പേരുചേർത്തുവിളിക്കയാണ് പതിവ്. മുമ്പു ബ്രാഹ്മണർ മാത്രമേ ഈ സ്ഥാനം ഉപയോഗിച്ചിരുന്നുള്ളൂ. ഇത് വിഘ്നേശ്വരന്റെ (ഗണപതിയുടെ, പിള്ളയാരുടെ) പേരിൽ നിന്നുണ്ടായതാണെന്നു പറഞ്ഞുവരുന്നു. 1515–ാം വർഷത്തിൽ നരാശപിള്ള എന്നൊരാൾ നാലു കൊല്ലം നാടുവാണിരുന്നതായി പറയപ്പെട്ടിരിക്കുന്നു. ഇയ്യാൾ പിള്ള എന്നുപയോഗിച്ചിരിക്കുന്നതു നേരംപോക്കായിത്തോന്നി. എന്തെന്നാൽ ഒരു പ്രമാണത്തിൽ അയ്യർ എന്നും വേറൊന്നിൽ നായകൻ എന്നും ഉപയോഗിച്ചിരുന്നു. ഈയാളുടെ പൂർവ്വന്മാർ തഞ്ചാവീരിലെ പിള്ളസ്ഥാനികളായിരുന്നു എന്നറിഞ്ഞപ്പോൾ സംശയമെല്ലാം തീർന്നു. ഈയാളും പക്ഷേ ബ്രാഹ്മണനായിരിക്കണം. നായക എന്ന സ്ഥാനം ബ്രാഹ്മണരിൽ ഒരിനക്കാർ ഇന്നും വഹിച്ചുവരുന്നു.

“പിള്ള എന്ന സ്ഥാനം ബഹുമാനസൂചകമായി നായന്മാർ മാത്രമല്ല ഉപയോഗിച്ചുവന്നിരുന്നത്. ക്യാനഡയിലെ ഒരു ചെമ്പുപ്പട്ടയത്തിൽ ഒരു ബ്രാഹ്മണനെ "പിള്ള" എന്ന പദം ചേർത്തു വിളിച്ചിരിക്കുന്നു. ചേരമാൻപെരുമാൾ രാജാവിനാൽ പണിയിക്കപ്പെട്ട പഴയ ഗ്രാമത്തിൽ വസിക്കും യജുർവേദിയും, ശ്രീവത്സ ഗോത്രത്തിൽപെട്ടവനും ബ്രാഹ്മണനും ആയ ഗോപാലപിള്ളയുടെ മകൻ നാരായണപിള്ള”.

(Indian Antiquary Vol. 31)

ഇതുപോലുള്ള സ്ഥാനമാനങ്ങളെല്ലാം മലയാളത്തു ധാരാളം നടപ്പുണ്ട്. ഇന്നും നടന്നുവരുന്നുണ്ടെന്നുതന്നെ പറയാം.

മന്നൻ+അടി+ആർ=മന്നനടിയാർ=മന്നാടിയാർ=രാജാവ്, പ്രഭു. തിരു +കോ+എമ്പി=തിരുകോഎമ്പി=തിരുക്കോമ്പി=തിരുക്കമ്പി =തൃക്കമ്പി=തിക്കമ്പി. പ്രഭു എന്നു താല്പര്യം.

വാക്കുകൾക്കു കാലക്രമംകൊണ്ട് വ്യത്യാസം വരുന്നതു സാധാരണമാണ്. ഉദാഹരണമായി നാം പതിവായി ഉപയോഗിച്ചു വരുന്ന വാക്കുകളെത്തന്നെ നോക്കുക. ഉച്ചാരണദാർഢ്യത്താൽ വന്നുപോയ ന്യൂനത: മൂത്തത്, മൂസ്സ്; മകൻ, മഹൻ; അപ്പൻ, അഫൻ; അമ്മ, അംബ; ഉടപ്പുറപ്പ്, ഓപ്പ; ചെറുക്കൻ, ചെക്കൻ; വരാന്ത, വ്രാന്ത; ഇത്യാദി. എളുപ്പത്തിനുവേണ്ടി വാക്കുകളെ ചുരുക്കിയതിനാൽ വന്ന ന്യൂനത: നാരായണൻ, നാണു; വേലായുധൻ, വേലു; ഗോവിന്ദൻ, കോന്തൻ, കോന്തു; പരമീശ്വരൻ, പരമൻ, പരമു; പാറുക്കുട്ടി ജ്യേഷ്ഠത്തി, പാറുക്കുട്ടി ചേടത്തി ക്രമേണ "പാറൂട്ടിച്ചി"യാകയും പിന്നീട് "പാട്ടിച്ചി"യായും കലാശിക്കുന്നു.

കുറു+എമ്പി+അത്തൻ (ആത്തൻ)=കുരുഎമ്പിയാത്തൻ. മുമ്പു കാണിച്ചപോലെ കുറുമ്പിയാത്തിരി ആയും ഒടുവിൽ കുറുമ്പിയാതിരി എന്നും പരിണമിക്കുന്നു. ചെറിയ (ഇളയ) പ്രഭു എന്നർത്ഥം.

കോൻ+ആത്തൻ (അത്തൻ)=കോനാത്തൻ. ക്രമേണ കോനാത്തിരി, കോനാതിരി ഇങ്ങനെ ആയിത്തീർന്നു. കോൻ=പ്രഭു, രാജാവ്.

മേനവൻ, മേനോൻ=മേന്മയുള്ളവൻ, പ്രധാനി, മേലമ്പേഷണം ചെയ്യുന്നവൻ. മേൽ+നോക്കി=മേൽനോക്കി=മേനോക്കി, പ്രധാനി, മന്ത്രി, മേൽനോട്ടമ് നടത്തുന്നവൻ.

പണ്ടാരത്തിൽ (പണ്ടാരത്തില്ലം) = ധനികന്റെ ഇല്ലം. പണ്ടാരത്തിൽ എന്ന സ്ഥാനപ്പേരു ചിലർ ഉപയോഗിച്ചുവരുന്നുണ്ട്. ധനികൻ എന്ന അർത്ഥത്തിലായിരിക്കണം ഈ പേരിന്റെ ഉല്പത്തി.

പണ്ടാല=ഖജാനാ, ശേഖരിപ്പ്. സ്രാപ്പുവേല നോക്കിവന്ന കാരണത്താൽ ഈ നാമം ഉണ്ടായി എന്നു വരാം.

പയ്യന്നൂർ ഗ്രാമനമ്പൂരിമാരിൽ മരുക്കത്തായികൾ ഉണ്ട്. ഇവർ അമ്മാവൻ (അമ്മോൻ) എന്ന സ്ഥാനപ്പേർ ഉപയോഗിച്ചുവരുന്നു.

ശാസ്ത്രനമ്പൂതിരിമാരെ പയ്യന്നൂർ മുതലായ സ്ഥലങ്ങളിൽ നമ്പിടി എന്നു പറയാറുണ്ട്. കവളപ്പാറനായർക്കു വടക്കുംനമ്പിടി എന്ന സ്ഥാനപ്പേരുള്ളതായി കൊച്ചിസ്റ്റേറ്റു മാനുവലിൽ കാണാവുന്നതാണ്.

വൈദ്യം പഠിച്ച നമ്പൂരിയെ മൂസ്സ്, നമ്പി ഈ നാമങ്ങളിലും അറിയുന്നുണ്ടല്ലോ.

അകത്തെ പുതുവാൾ അല്ലെങ്കിൽ പൊതുവാന്മാർ എന്ന മൂത്തതന്മാരും, മൂസ്സ്, നമ്പി, ശർമ്മ മുതലായ സ്ഥാനങ്ങൾ ഉപയോഗിച്ചുവരുന്നുണ്ട്.

ഗ്രാമണിനമ്പൂരിമാരിൽ പ്രഭുത്വമുള്ളവരെ ആഢ്യന്മാരെന്നും തങ്ങന്മാരെന്നും വിളിച്ചുവരുന്നു. ഇവർ ക്ഷത്രിയധർമ്മം അനുസരിച്ചുവരുന്നതായി അറിയുന്നു.

ഇളയത്=അനുജൻ. ചില നായന്മാരുടെ പൗരോഹിത്യം ഇവർക്കുണ്ട്. ചില ദിക്കിൽ ഇവരെ നമ്പ്യാതി എന്നും വിളിച്ചുവരുന്നു. നെടിയിരിപ്പുനാട്ടിൽ നമ്പൂരിമാരിൽ ചിലരെ ഇളയത് എന്നും ചില സാമന്തന്മാരെ തിരുമുൽപ്പാട് എന്നും വിളിച്ചുവരാറുണ്ട്.

നമ്പി, മൂസ്സ് എന്നീ നാമങ്ങൾ ബ്രാഹ്മണർ മുതൽ ആറോ ഏഴോ സമുദായങ്ങളുടെ ഇടയിൽ ഉപയോഗിച്ചുവരുന്നുണ്ട്. നമ്പി=മഹാപുരുഷൻ, ആത്മജ്ഞാനി. മൂത്തത്, മൂസ്സത്, മൂസ്സ് ഇങ്ങനെ ഭേദപ്പെട്ടുപോയതാണ്. ജ്യേഷ്ഠൻ, ബഹുമാന്യൻ ഇപ്രകാരം അർത്ഥം. ജനങ്ങൾ ഏകസമുദായമായിരുന്ന പുരാതനകാലത്തു ഈ നാമങ്ങൾ ആളിന്റെ യോഗ്യത അടിസ്ഥാനമാക്കി ഉപയോഗിച്ചുവന്നിരിക്കണം. ജനങ്ങൾ പലകാരണങ്ങളാലും വിവിധസമുദായങ്ങളായി പിരിഞ്ഞശേഷം മേല്പറഞ്ഞ സ്ഥാനങ്ങൾ പാരമ്പര്യമായി ഉപയോഗിച്ചു വന്നതിനാലായിരിക്കണം ആറോ ഏഴോ സമുദായക്കാർ ഒരേപേരു വഹിക്കുന്നതായി കാണാൻ സംഗതിയായത്. മക്കത്തായം സ്വീകരിച്ച അവിശിഷ്ടലക്ഷണങ്ങൾ കാണാനുണ്ട്.

കടുപ്പട്ടൻ=കാവൽശത്രു, ശത്രുക്കളിൽനിന്ന് ആപത്തുണ്ടാകാതെ കാത്തുരക്ഷിക്കുന്നവൻ. പരദേശബ്രാഹ്മണരിൽ ചിലർ ദുഷ്ടഭക്ഷണമ് കഴിക്കയാൽ അവരെ ഭ്രഷ്ടുകല്പിച്ചുനിർത്തിയതിനാലാണ് ഈ പേരുണ്ടായതെന്നു ചില വിദ്വാന്മാർ അഭിപ്രായപ്പെടുന്നു.

വെളുത്തടവൻ = ആട (വസ്ത്രം) വെളുപ്പിക്കുന്നവൻ. വിളക്കത്തലവൻ= (തല) ക്ഷൗരം ചെയ്യുന്നവൻ. ഈ രണ്ടുനാമത്തോടും ചിലർ നായർശബ്ദത്തെ ചേർത്തുപറയാറുണ്ട്. നായന്മാരുടെ ആവശ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നതുകൊണ്ട്

ഇങ്ങനെ പറഞ്ഞുവരുന്നതാണ്. നായർ എന്നപദത്തിന്റെ അർത്ഥം മുമ്പു വിവരിച്ചിട്ടുണ്ടല്ലോ.

ചാക്കൈ+ആർ = ചാക്കൈയാർ = ചാക്ക്യാർ = രാജാവിനു സഹായം ചെയ്യുന്നവരിൽ ഒരുവൻ. കൂത്തുപറയുമ്പോൾ ഉദ്യോഗസ്ഥന്മരുടെ അനീതിയേയും മറ്റും കുറിച്ചു സന്ദർഭോ ചിതമായി പ്രസ്താവിക്കാറുണ്ടല്ലോ. കൂടാതെ രാജാവിന്റെ നർമ്മ സചിവസ്ഥാനവുമുണ്ടായിരിക്കണം. ചാക്യാർകൂത്തു ക്ഷേത്രവു മായി ബന്ധം ഉണ്ടായകാലത്തിനുമുമ്പ് പൊതുസ്ഥലങ്ങളിൽ വെച്ചു നടത്തിവന്നിരിക്കണം. ഈ വാക്കിനെ സംസ്കൃതശബ്ദ മാക്കി ശ്ലാഘ്യാർ എന്നുപറഞ്ഞുവരുന്നു.

നങ്ങ്+ആർ=നങ്ങആർ=നങ്ങയാർ=നങ്ങിയാർ=സാമർത്ഥ്യമ ുള്ള സ്ത്രീ, പാടുന്ന സ്ത്രീ. പൊതുവാൾ=ചില ക്രിയാദികൾക്കു പലർക്കുകൂടി പൊതുവായ ആൾ.

തീയാട്ടുണ്ണി=ക്ഷേത്രങ്ങളുടെ മുമ്പിൽ തീയ്കൂട്ടി അതിൽ ചില ക്രിയകളെല്ലാം (തീയാട്ടു) കഴിക്കുന്നതുകൊണ്ടുണ്ടായ പേർ.

കേരളത്തിലെ ദേശനാമങ്ങൾ[30]

വിദേശീയരുടെ ആഗമനത്താൽ ഭാരതത്തിലെ മിക്ക ദേശങ്ങളിലേയും നാമങ്ങളെ മാറ്റി പുതിയ പേരുകൾ കൊടുത്തിട്ടുണ്ടെന്ന് കാണാവുന്നതാണ്. ഇതുപോലെ ഭാരതഖണ്ഡത്തിന്റെ തെക്കേ അറ്റത്തുള്ള മലയാളദേശത്തിലും എന്തെങ്കിലും മാറ്റം സംഭവിച്ചിട്ടുണ്ടോ എന്നു നോക്കാം.

പരദേശികളുടെ വരവു ഹേതുവായിട്ടു നാമങ്ങൾ പല വിധത്തിലും ഭേദപ്പെട്ടിട്ടുണ്ടെന്നുള്ളതിനു സാധാരണ നടപ്പുള്ള വയിൽനിന്നു ഒരു ഉദാഹരണം കാണിക്കാം. ഇവിടെ കിഴക്കെന്നും, മേക്കെന്നുമാണല്ലോ പൂർവപശ്ചിമദിക്കുകൾക്കു പറഞ്ഞു വരുന്നത്. കിഴക്ക്, മേക്ക് ഈ വാക്കുകൾ തമിഴ് ഭാഷയിൽ പെട്ടതാണ്, കിഴക്കെന്നുള്ളത്, കീഴ് എന്നുള്ളതിൽനിന്നും, മേക്ക് മേൽ എന്നുള്ളതിൽനിന്നും ഉണ്ടായവയാകുന്നു. പർവ്വതത്തിന് കിഴക്കായി സ്ഥിതിചെയ്യുന്ന പാണ്ടിദേശത്തു സമുദ്രം കിടക്കുന്നതും സൂര്യൻ ഉദിക്കുന്നതുമായ ഭാഗം കിഴക്കും പർവ്വത ഭാഗമായ മേൽഭാഗം മേക്കുമാണ്. ഈ മുറയ്ക്കു മലയാള ദേശത്തു പർവ്വതങ്ങളുടെ ഭാഗം മേൽഭാഗവും സമുദ്രം കിടക്കുന്ന താഴ്ന്ന ഭാഗം കീഴ്ഭാഗവുമാണ്. നാം ഇപ്പോൾ പറഞ്ഞുവരുന്ന കിഴക്ക് എന്നുള്ള ഭാഗം നമുക്കു മേക്കും മേക്കെന്നുള്ള ഭാഗം നമുക്കു കിഴക്കുമാണ്. എന്നാൽ നാം പറഞ്ഞും ധരിച്ചും വരുന്നതു മേക്കിനെ കിഴക്കെന്നും, കിഴക്കിനെ മേക്കെന്നും വിപരീതമാക്കിയാണ്. ഇതു

30 ചട്ടമ്പിസ്വാമികൾ അഗസ്ത്യൻ എന്ന തൂലികാനാമത്തിൽ 'സദ്ഗുരു' മാസികയിൽ എഴുതിയത്. 'കൊച്ചിയിലെ ചില സ്ഥലനാമങ്ങൾ' എന്ന പേരിൽ വന്ന ഒരു ലേഖനവും ഉൾപ്പെടുത്തിയിട്ടുണ്ട്.

പാണ്ടിക്കാരോടു നമുക്കുള്ള അധിസംസർഗ്ഗം ഹേതുവായിട്ടു വന്നുപോയതായിരിക്കണം. (ഈ അഭിപ്രായത്തോട് കാൾഡ്വൽ തന്നെ യോജിക്കുന്നുണ്ട്.സ്വ: പ:). ഇവിടെ പണ്ടുപണ്ടേ നടപ്പുള്ള പേരു ഉഞ്ഞാറ്, പടിഞ്ഞാറ് എന്നാകുന്നു. ഉഞ്ഞാറ് = ഉയർ + ഞായർ; ഉയർ = ഉയരുന്ന സ്ഥലം; ഞാർ = ഞായർ, സൂര്യൻ. അതായതു സൂര്യൻ ഉദിച്ചുയരുന്ന ദിക്കെന്നും; പടിഞ്ഞാറ് = ഞായർ പടിയുന്ന, സൂര്യൻ പടിയുന്ന, താഴുന്ന സ്ഥലം എന്നും; സൂര്യൻ അസ്തമിക്കുന്ന എടമെന്നു താല്പര്യം.

"ഉഞ്ഞാറ്റുവരയെ നീങ്കി ഉയിരിളം പതിമേനി" എന്ന തമിഴു പാടലിൽ. പടിഞ്ഞാറ് എന്നുള്ളതു പ്രസിദ്ധമാണല്ലോ.

മറ്റു രാജ്യങ്ങളിലെന്നപോലെ മലയാളത്തും ഒരു ദേശീയഭാഷയുണ്ട്. തമിഴിന്റെ വകഭേദമായ ഒരു ഭാഷയാണ് ഇവിടത്തെ മലയാളഭാഷ. ഈ നാട്ടിലുള്ള മിക്ക നാമങ്ങളും ഈ ഭാഷയിൽ തന്നെ ആയിരിക്കണം. അജ്ഞതയാലോ മറ്റോ പല നാമങ്ങളെയും ഇപ്പോൾ സംസ്കൃതഭാഷാപദങ്ങളും കലർത്തി ദുർവ്യഖ്യാനങ്ങൾ ചെയ്തിട്ടുള്ളതായി കാണാം. സ്ഥലനാമ ങ്ങളുടെ ഉത്ഭവം മൂന്നുവിധത്തിൽ സംഭവിക്കാവുന്നതാണ്. ആദ്യമായി ഭൂമിയുടെ കിടപ്പും ഗുണവും അനുസരിച്ചും, രണ്ടാമതു പ്രഭുക്കളുടെ സ്ഥാനമാനങ്ങളെ അനുസരിച്ചും, മൂന്നാമതു ക്ഷേത്രദേവനാമങ്ങളെ ആശ്രയിച്ചും ആകുന്നു. ഇതിൽ രണ്ടാമത്തെ രീതിയനുസരിച്ച് അന്യദേശപ്രഭുക്കന്മാരുടെ നാമങ്ങൾകൂടി പലസ്ഥലങ്ങളിലുമിപ്പോൾ നടപ്പിലായിട്ടുണ്ട്.

ഒരു വാക്കിനു പല അർത്ഥങ്ങളും കാണുന്നതുകൊണ്ട് ഒരു സ്ഥലത്തിന്റെ നാമം ശരിയാണോ എന്നു നിശ്ചയി ക്കുന്നതിന് ആ സ്ഥലത്തെ പരിശോധിക്കേണ്ടിവന്നേക്കും. അതുകൊണ്ട് ഇവിടെ എഴുതാൻ തുടങ്ങുന്ന സ്ഥലനാമങ്ങൾക്ക്

വല്ല വ്യത്യാസവും വന്നാൽ ക്ഷന്തവ്യമാണ്. കൂടാതെ ഈ പേരുകൾ ഉണ്ടായിട്ടുള്ളതു വളരെക്കാലത്തിനുമുമ്പാണ്. കാലം കൊണ്ട് ഭൂസ്ഥിതിക്കു വ്യത്യാസം വരാവുന്നതിനാൽ ഇപ്പോളുള്ള പരിശോധനകൊണ്ടു വലിയ പ്രയോജനമില്ല. ചില ദേശനാമങ്ങളെ അടിയിൽ കുറിക്കുന്നു.

കന്യാകുമാരി - ദുർഗ്ഗാക്ഷേത്രംകൊണ്ടുണ്ടായ പേർ. കുമാരി എന്ന വാക്കിന് സപ്തനദികളിൽ ഒന്നെന്നുള്ള അർത്ഥ വും കൂടി കാണുന്നു.

മരുത്വാൻമല - അധികം കാറ്റുള്ള മല. ശിവസിന്ധുപുരം എന്നുള്ളതു ഉച്ചാരണദാർഢ്യത്താൽ ലോപിച്ച് "ചിവേന്തിരം" എന്നായി. ഇതിനെ സംസ്കൃതപണ്ഡിതന്മാർ "ശുചീന്ദ്രം" എന്നാക്കി, ഇന്ദ്രൻ ശുചിയായ ഇടം എന്നും മറ്റും തെറ്റായി വ്യാഖ്യാനിക്കുന്നു.

തിരുവനന്തപുരത്തിന് തെക്കു "തേരോ, ചെവന്തരമോ, തേജാഞ്ചികോപുരമോ" ഇപ്രകാരം സ്ത്രീകൾ താരാട്ട് ചൊല്ലാറുണ്ട്. മലനല്ലൂർമലൈനങ്കൂർമലങ്കൂർ.

ഇരണിയൽ - സമുദ്രത്തിന് സമീപമായി സ്ഥിതിചെയ്യു ന്നതും ചതുപ്പുനിലം ഉള്ളതുമായ പ്രദേശം. ഒരു കാലത്തു ഇവിടെ വല്ല കോട്ടയും സ്ഥിതിചെയ്തിരുന്നാലും ഈ പേർ പറയാവുന്നതാണ്.

കൽക്കുളം - കൽപ്രദേശം

വിളവങ്കോട് - വിളൈവൻ കോട്; വിളനിലവും വലിയ കുന്നുമുള്ള പ്രദേശം.

തിരുവട്ടാർ – ഈ സ്ഥലത്തെ ചുറ്റി ഒരു നദിയൊഴുകുന്നുണ്ട്. തിരുവെന്നത് ശ്രീ എന്ന അർത്ഥത്തിൽ ക്ഷേത്രത്തെക്കുറിക്കുന്നു.

നെയ്യാറ്റിൻകര – പുഴയുടെ കര. ഈ പുഴയ്ക്കു നെയ്യാറ് എന്നു പേർ. അതിലെ ജലത്തെ സംബന്ധിച്ചു വന്നതായിരിക്കാം.

തിരുവനന്തപുരം – ക്ഷേത്രം മൂലം വന്ന പേർ.

നെടുമങ്ങാട് – നെടുവൻ കാട്.

ചിറയിൻകീഴ് – ചിറയുടെ കീഴ്ഭാഗം.

കോവളം – കോ=രാജാവ്, അളം=പ്രദേശം. കോവളം എന്ന പേരു ഉച്ചാരണദാർഢ്യത്താൽ ഭേദപ്പെട്ട് കൊല്ലം ആയിരിക്കണം.

പുനലൂർ – പുനൽ + ഊർ; പുനൽ=നദി; ഊർ=ദിക്ക്

കരുനാഗപ്പള്ളി – കരൈനാഗപ്പള്ളി. കര നായകന്മാരുടെ ദിക്ക്.

കാർത്തികപ്പള്ളി – കാർത്തികേയന്റെ ക്ഷേത്രം.

മാവേലിക്കര – മാ + വേലൈ + കര = മാവേലിക്കര = മഹാസമുദ്രക്കര. ഒരു കാലത്തു സമുദ്രം ആ നാട്ടിനു സമീപം കിടന്നിരിക്കണം വേലൈ + ഏറ്റം = വേലിയേറ്റം. ഇത്യാദികളിലെ അർത്ഥം സ്പഷ്ടമാണല്ലോ.

ചേർത്തല – ചേർത്തല = ചെളിക്കര. ഇപ്പോൾ സമുദ്രതീരത്തു സ്ഥിതിചെയ്യുന്ന താഴ്ന്ന നാടുകളെല്ലാം കടൽ വെയ്പാണെന്നു കാണാവുന്നതാണ്.

ഏറ്റുമാനൂർ – ഏറ്റുമാൽ + ഊർ; ഏറ്റുമാൽ = വൃഷഭ വാഹനനായ ശിവൻ

ഹരിപ്പാട് – അരുവിപ്പാട് = ചെറുതോട് ഉള്ള പ്രദേശം.

ആലുവാ, ആലപ്പുഴ, ആലങ്ങാട് – ആലം (വെള്ളം); വെള്ളം വളരെ പരക്കുന്നിടം എന്നു അർത്ഥം.

കടുത്തുരുത്തി – കടൽതുരുത്ത്.

കഠിനംകുളം – കടൽ + നൻ + കുളം = കടൽ നങ്കുളം = കടനംകുളം = കഠിനംകുളം.

കോഴിത്തോട്ടം – കോഴി = ഉറവുള്ള പ്രദേശം.

കൊടുങ്ങല്ലൂർ – കൊടുംകോലൂർ, ദണ്ഡനം ചെയ്യുന്ന സ്ഥലം. പണ്ടു കുറ്റവാളികളെ കൊണ്ടുപോയി ശിക്ഷിക്കുന്നതിന് ഉപയോഗിപ്പെടുത്തിയിരുന്ന സ്ഥലം.

എറണാകുളം – ഇറൈ + നായർ + കുളം. ഇറൈനായർ കുളം = ഇറണാകുളം = എറണാകുളം.

കോടനാട് – കോട് + നാട് = കുന്നുള്ള പ്രദേശം.

താഴെ കാണിക്കാൻ പോകുന്ന സ്ഥലങ്ങളുടെ നാമങ്ങ ൾക്ക് ഇന്നത്തെ കാഴ്ചയിൽ വല്ല വ്യത്യാസവും കാണുന്നതാ യാൽ തന്നെയും പിശകായി വിചാരിക്കാവുന്നതല്ല. എന്തെന്നാൽ ഭൂമിക്കു പ്രകൃത്യാ ഉണ്ടാകുന്ന മാറ്റം തന്നെ പ്രധാനകാരണം.

മനുഷ്യപ്രയത്നത്താലും ചില മാറ്റങ്ങൾ വരുത്താവുന്നതാണല്ലോ. ഉദാഹരണമായി കൊച്ചി എന്ന പദത്തെത്തന്നെ എടുക്കുക. ഇതിന്റെ ശരിയായ അർത്ഥം നിരൂപിക്കയാണെങ്കിൽ കൊച്ചി എന്ന പേരു തുറുമുഖത്തിനു മാത്രമേ യോജിക്കുകയുള്ളൂ. എന്നാൽ, ഒരു രാജ്യം മുഴുവനും ഇപ്പോൾ നാം ഈ പേരുകൊണ്ടറിയുന്നു. കൂടാതെ മരുഭൂമി യായിക്കിടന്നിരുന്ന സ്ഥലങ്ങളെ കൃഷിചെയ്യത്തക്ക സ്ഥിതിയി ലാക്കിയും പാഴു വൃക്ഷങ്ങളെ നശിപ്പിച്ചു പകരം ഉപയോഗ പ്രദമായ വൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ചു പല മാറ്റങ്ങൾ ചെയ്തു വരുന്നുണ്ടല്ലോ. അതുകൊണ്ടു ഇവിടെ പറയാൻപോകുന്ന പേരു കൾ ഉണ്ടായത് അന്നത്തെ കാലസ്ഥിതി അനുസരിച്ചായിരിക്കു മെന്നു കരുതേണ്ടതാണ്.

മുളന്തുരുത്തി – നാലു പുറവും താണപ്രദേശങ്ങളാലും വെള്ളത്താലും ചുറ്റപ്പെട്ടതും മുള ധാരാളം വളരുന്നതുമായ കര (ദ്വീപ്).

ആമ്പല്ലൂർ – ആമ്പൽ എന്ന പദത്തിന് നെല്ലി, മുള, ആമ്പൽ പൂവ്, പുളിയാര ഇങ്ങിനെ പല അർത്ഥങ്ങളും ഉണ്ട്. ഇവയിൽ ഏതെങ്കിലും വളരുന്ന ദിക്കിനു ഈ പേർ യോജിക്കുന്നതാണ്. ഊർ = ദിക്ക്, ദേശം, ആമ്പല്ലൂർ എന്ന പേരിൽ കൊച്ചിയിൽ ഒന്നിലധികം സ്ഥലങ്ങളുള്ളതായി അറിയുന്നു.

കാഞ്ഞൂര് – വള്ളിച്ചെടികൾ ഉണ്ടാകുന്ന സ്ഥലം.

കുമ്പളഞ്ഞി – ചെറുചെടികൾ വളരുന്ന സ്ഥലം.

തോപ്പുംപടി – വൃക്ഷക്കൂട്ടമുള്ള സ്ഥലത്തിന്റെ സമീപ പ്രദേശം.

ഞാറക്കൽ – ഞാറ എന്ന ഫലവൃക്ഷം വളരുന്ന സ്ഥലം.

വെള്ളാങ്ങല്ലൂർ – നല്ല വെളിപ്രദേശം.

ചാലക്കുടി – താണസ്ഥലത്തു കുടികൾ ഉള്ള ദേശം.

കവല = വഴികൾ തമ്മിൽ ചേരുന്ന സ്ഥലം.

കുരിയാർകുട്ടി – ചെറിയ ആറ് (പുഴ) ഉള്ള ദിക്ക്.

അടൂർ – താണപ്രദേശം.

പുതുക്കാട് – പുതുതായി ഉണ്ടായ കാട്.

പാലപ്പിള്ളി – കള്ളിച്ചെടി, പാലമരം മുതലായവ ഉണ്ടാകുന്ന സ്ഥലത്തേയും കടൽക്കരയേയും ഈ പേർ വിളിക്കാം.

പറപ്പൂക്കര – പരപ്പ് + ഊർ + കര = പരന്ന കരപ്രദേശം.

കൊടകര – കുന്നുപ്രദേശം. കോട് = കുന്ന്.

പതിയാരം – ആഞ്ഞിലി, ചന്ദനം മുതലായ വൃക്ഷങ്ങൾ വളരുന്ന സ്ഥലം.

ചെറുതുരുത്തി – ചെറിയ ദ്വീപ്.

അഴീക്കോട് – സമുദ്രക്കര. അഴി (ആഴി) = സമുദ്രം, കോട് = കര.

കോട്ടപ്പുറം – കോട്ടയുടെ സമീപപ്രദേശം.

ചേലക്കര – ചേലമരം ഉണ്ടാകുന്ന സ്ഥലം.

അണ്ടിക്കടവ് - അടുത്ത കടവ് എന്നർത്ഥമുള്ള അണ്ടെ ക്കടവ് എന്നുള്ളതായിരിക്കണം ശരിയായ പദം എന്നു തോന്നുന്നു.

അയ്യമ്പിള്ളി - പ്രഭുവിന്റെ പേരോ, ദേവന്റെ പേരോ ആയിരിക്കും ഈ നാമത്തിന്റെ അടിസ്ഥാനം.

കോടശ്ശേരി - കുന്നും, മലയും ഉള്ള പ്രദേശം.

അതിരപ്പള്ളി - അതൃത്തിസ്ഥലം.

എൽത്തുരുത്തി - മൈതാനം പോലെ കിടക്കുന്ന ദ്വീപ്.

മുണ്ടൂർ - കായലിനു സമീപമുള്ള ചെറിയ ഊർ (ദിക്ക്).

വരെയിൻ തീരപ്പിള്ളി - വരന്തിരപ്പിള്ളി = മലയുടെ തീരപ്രദേശം. വരൈ = മല, തീരം = അരിക്, പള്ളി = ദേശം, ഊര്.

ശുഭമസ്തു